KOTTAYAM PUBLIC LIBRARY

Call No. MA 2 Acc. No. 12597

Author [illegible]

[illegible]

Title

ഭഗവദ്ഗീത

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

12597

# ഭഗവദ് ഗീത

കിളിപ്പാട്ട്.

ശാസ്തമംഗലം

രാമകൃഷ്ണപിള്ള.

SASTAMANGALAM
RAMAKRISHNA PILLAI P
TRIVANDRUM

NATIONAL BOOK STALL
LTD.
BR. KOTTAYAM

MA2

ഒന്നാംപതിപ്പു കാപ്പി 1000

1954 ഏപ്രിൽ.

പ്രകാശകർ

B. K. ബുക്ക്ഡിപ്പോ,

ശാസ്തമംഗലം

തിരുവനന്തപുരം 5.

പകർപ്പവകാശം ഗ്രന്ഥകർത്താവിനു്.

Printed at
The Press Ramses,
Trivandrum.

വില ണ. 12.

എല്ലാ പ്രതിയിലും ഗ്രന്ഥകർത്താവിന്റെ മുദ്ര ഉണ്ടായിരിക്കും.

# ഭഗവദ് ഗീത

പാർത്ഥൻ വത്സൻ, സമസ്തോപ-
നിഷത്സന്തതി ഗോഗണം,
ഗീതാമൃതം സുധീകൾക്കായ്
കറന്നാൻ ഗോപനന്ദനൻ.

രാഗദ്വേഷോത്ഥ സംസാര-
രോഗം കാലറ മാറുവാൻ,
ഗീതായോഗം വിധിച്ചുള്ളോ-
രാദി വൈദ്യനു കൂപ്പിനേൻ.

രാധതൻ മാർത്തടത്തിന്നും
ജിഷ്ണുവിൻ തേർത്തടത്തിന്നും
വിഭൂഷണം കാമരത്നം
കൃഷ്ണാഭിഖ്യം സമാശ്രയം.

# പ്രസ്താവന

പുരുഷാൎത്ഥ സാധനവും സൎവ്വ മത സമ്മതവുമായ ശ്രീമദ് ഭഗവദ് ഗീതയ്ക്കു പ്രചാരമില്ലാത്ത രാജ്യവും സാഹിത്യവും ഇല്ലെന്നു തന്നെ പറയാം. അത്ര വിശിഷ്ടമായ ആ ഉപനിഷത്സാര സൎവ്വസ്വത്തിൻെറ മാഹാത്മ്യം ഇവിടെ വിസ്തരിക്കണമെന്നു വിചാരിക്കുന്നില്ല.

ഭഗവദ് ഗീതയ്ക്കു മലയാളത്തിൽ പല വിവൎത്തനങ്ങൾ ഉണ്ടായിട്ടുണ്ട്, ഇനി എത്ര ഉണ്ടായാലും അധികമായിപ്പോകയുമില്ല. ഇന്നേക്കു വൎത്തു വൎഷം മുമ്പു ഞാൻ മുഴുമിച്ച ഗീതാനുവാദമാണ് ഇതാ മഹാജന സമക്ഷം അവതരിപ്പിച്ചുകൊള്ളുന്നതു്.

പാൎത്ഥ സാരഥി യോഗേശൻ
പാൎത്ഥന്നായ് ജന്മ ഭൂമിയിൽ,
ആൎത്തി നാശ ക്ഷമം യോഗ-
ശാസ്ത്രം ചൊന്നാൻ പരം ശുഭം.

ഗീതയായ് ലോക ഭൂതിക്ക-
തോതിനാൻ ബാദരായണൻ
കീരമൊന്നതു പാടുന്നു
ചാരു കേരള വാണിയിൽ.

ശ്രീ ശാസ്തമംഗല നിവാസക രാമകൃഷ്ണ-
ഭാവാനുകൂലമതി പൈങ്കിളി കുറോടേവം,
പാടുന്ന ഗീത, പരിശുദ്ധി പവിത്ര വിദ്വ-
ല്ലോകം കരൾക്കു കനിവാൎന്നു വരുത്തിടട്ടെ.

ഗ്രന്ഥകൎത്താ.

# സമൎപ്പണം

എൻെറ

പ്രിയപ്പെട്ട പിതാവിൻെറ

ശ്രീ. കുമാരപിള്ള അവർകൾ, വേട്ടൻവിളവീട്ട്,

കാവല്ലൂർ, വട്ടിയൂക്കാവ്, തിരുവനന്തപുരം.

പാവന സ്മരണയ്ക്ക്

കൎമ്മങ്ങൾ യജ്ഞങ്ങളായ് ച്ചെയ്യാഞ്ഞു ബദ്ധം ലോകം,
കൎമ്മങ്ങൾ നിസ്സംഗം ചെയ്കെങ്കിലോ യജ്ഞങ്ങളാം.

അദ്ധ്യാ: 3. വരി 17, 18.

ദേഹത്തോടിരിക്കെത്താ നിങ്ങുതാൻ കാമക്രോധ-
വേഗത്തെ വെല്വാനാവോൻ യോഗസ്ഥൻ
സുഖസ്ഥിതൻ.

അദ്ധ്യാ: 5. വരി 61, 62.

മാമര യ്ക്ഷപ്പൃരം കാണ്മാൻ
മാധവൻ തന്നെ തന്നതാം
ഗീതാദീപം തെളിച്ചോൻ ശ്രീ
വ്യാസൻ മേ വഴി കാട്ടണം.

# ഉള്ളടക്കം


| അദ്ധ്യാ: | വിഷയം |
|---|---|
| 1. | അർജ്ജുന വിഷാദ യോഗം |
| 2. | സാങ്ഖ്യ യോഗം |
| 3. | കർമ്മ യോഗം |
| 4. | ജ്ഞാന കർമ്മ സന്ന്യാസ യോഗം |
| 5. | സന്ന്യാസ യോഗം |
| 6. | ധ്യാന യോഗം |
| 7. | വിജ്ഞാന യോഗം |
| 8. | താരക ബ്രഹ്മ യോഗം |
| 9. | രാജ ഗുഹ്യ യോഗം |
| 10. | വിഭൂതി യോഗം |
| 11. | വിശ്വ രൂപ ദർശന യോഗം |
| 12. | ഭക്തി യോഗം |
| 13. | പ്രകൃതി പുരുഷ വിവേക യോഗം |
| 14. | ഗുണ ത്രയ വിഭാഗ യോഗം |
| 15. | പുരുഷോത്തമ യോഗം |
| 16. | ദേവാസുര സമ്പദ്വിഭാഗ യോഗം |
| 17. | ശ്രദ്ധാത്രയ വിഭാഗ യോഗം |
| 18. | മോക്ഷ സന്ന്യാസ യോഗം |

ഓം നമോ ഭഗവതേ വാസുദേവായ

# ഭഗവദ്ഗീത

കിളിപ്പാട്ട്.

## അദ്ധ്യായം 1

## അൎജ്ജുനവിഷാദയോഗം

അൎജ്ജുനൻ ഭാരതായോധനത്തിന് കോപ്പിട്ട പടക്കളമായ കുരുക്ഷേത്രത്തിൽ പ്രവേശിക്കുന്നു. അവിടെ തന്റെ ബന്ധുമിത്രാദികൾ പോരിന് ഒരുങ്ങി രണ്ടുപക്ഷങ്ങളിലും നില്ക്കുന്നതു കാണുന്നു. യുദ്ധത്തിൽ അവരുടെ ജീവനാശം സംഭവിക്കുമല്ലോ എന്നു കാരുണ്യവിവശനായ ആ സവ്യസാചി വിചാരിച്ചു വ്യാകുലതയാൽ കൎത്തവ്യ വിമൂഢനായി പ്രലപിക്കുന്നതു്.

ധൃ:—ധൎമ്മഭൂ കുരുക്ഷേത്രമങ്ങു പോരുന്നിക്കൂടി-
സ്സഞ്ജയാ! ചെയ്തതെന്തെൻ മക്കളും കൗന്തേയരും 2
സ:—ആജിക്കായണിചേൎത്ത പാണ്ഡവാനീകം കണ്ടു-
ങ്ങാചാൎയ്യൻ തന്നോടോതി രാജാവു ദുൎയ്യോധനൻ. 4
ദു:— ബുദ്ധിമാൻ തവ ശിഷ്യൻ ദ്രൗപദൻ വ്യൂഹം ചേൎത്ത
പാററലപ്പെരുമ്പടകണ്ടാലും ഗുരോ ഭവാൻ. 6
വില്ലാളിത്തലവന്മാർ വീരന്മാർ ഭീമാൎജ്ജുന-
തുല്യന്മാരതിൽ ധൃഷ്ടകേതുവും യുയുധാനൻ, 8
വീൎയ്യവാൻ കാശ്യനത്തമൗജസ്സും പുരുജിത്തും
വിക്രാന്തൻ യുധാമന്യു വിരാടൻ ചേകിതാനൻ 10
സൗഭദ്രൻ കുന്തിഭോജൻ ദ്രുപദൻ ശൈബ്യഭൂപൻ
ദ്രൗപദേയരും മഹാരഥന്മാരവരെല്ലാം 12

വിപ്രേന്ദ്രാ! മമ സൈന്യാധീശരാം വിശിഷ്ടരെ
പ്രത്യേകം ഭവാനറിഞ്ഞീടുവാൻ
ചൊല്ലീടുന്നേൻ. 14

ഭവാനും ഭീഷ്മൻ കർണ്ണൻ കൃപനും ജയദ്രഥൻ
സമീക ജേതാവശ്വത്ഥാമാവും വികർണ്ണനും 16
എനിക്കായ് ജീവനും വിട്ടിനിയും നാനാ ശസ്ത്ര-
പടുക്കളെണ്ണറ്റവരുണ്ടിങ്ങാജിക്കു സമർത്ഥന്മാർ. 18
പര്യാപ്തമല്ലാ ഭീഷ്മൻ പാലിക്കു മസ്മൽ സൈന്യം;
പര്യാപ്തമല്ലോ ഭീമൻ പാലിക്കും പരസൈന്യം. 20
അതിനാൽ യഥാസ്ഥാന മയനങ്ങളിൽ താൻ നി-
ന്നവനം ചെയ്‌വൂ പിതാമഹനെത്തന്നെന്നിങ്ങൾ. 22

സ:—പ്രഹർഷം സിംഹനാദാൽ ഭൂപന്നു ചേർത്തന്നേരം
മുഴക്കീ ശംഖം വീരൻ മുത്തച്ഛൻ കുരുവൃദ്ധൻ. 24
അന്നേരം ഭേരി ഗോമുഖാദ്യങ്ങൾ വാദ്യങ്ങളു-
മൊന്നാക മുഴങ്ങവേ മാറ്റൊലിക്കൊണ്ടു ലോകം.
ശ്വേതാശ്വ യുക്തം മഹാസ്യന്ദനമേറി കൃഷ്ണൻ
ശ്വേതാശ്വൻതാനും ദിവ്യശംഖങ്ങൾ മുഴക്കിനാർ. 28
മാധവൻ പാഞ്ചജന്യം, ഫല്ഗുനൻ ദേവദത്തം,
ഭീമകർമ്മാവാം ഭീമൻ പൗണ്ഡ്രകം മഹാശംഖം, 30
യമജൻ മുഴക്കിനാ നനന്ത വിജയാഖ്യം,
നകുലൻ സുഘോഷവും, സഹജൻ മണിപുഷ്പം. 32
വില്ലാളിവീരൻ കാശ്യൻ, ശിഖണ്ഡി മഹാരഥൻ,
വെല്ലുവാൻ വിരുതേറും സാത്യകി, വിരാടനും, 34
ദ്രുപദൻ ദ്രൗപദേയന്മാരെന്നു വേണ്ടാ ശംഖം
നൃപതേ! മുഴക്കിനാരെല്ലാരും വേറേ വേറേ. 36

മാറെറാലിക്കൊണ്ടു വിശ്വം നിറഞ്ഞാ മഹാനാദം
നൂററുവരുടെ നെഞ്ചം നടുങ്ങിപ്പിളന്നിതേ. 38
എതിർത്തു നില്ക്കും ധാർത്തരാഷ്ട്രരെക്കണ്ടു വില്ലു-
മുയർത്തിപ്പാർത്ഥൻ ചൊന്നാൻ കൃഷ്ണനോടാരംഭത്തിൽ.

അ:—പോരിനാഞ്ഞവരെയും, ദുർമ്മതിദുര്യോധന-
പ്രീതിയോർത്താജിക്കാശകൊണ്ടിങ്ങു-
വന്നോരെയും 42
ഞാനെതിർക്കേണ്ടോരെയും പാർത്തു കണ്ടോളാം രണ്ടു
സേനകൾക്കിടയ്ക്കായി ത്തേരിതു നിർത്തിയാലും. 44

സ:—കൃഷ്ണനും ഭീഷ്മാദികൾക്കെതിരേ രഥം നിർത്തി-
ജ്ജിഷ്ണുവോടുടൻ കാൺകിക്കൗരവവ്യൂഹമെന്നാൻ. 46
തത്ര കണ്ടിതു പാർത്ഥൻ പിതാക്കൾ മുത്തച്ഛന്മാ
രക്കണക്കാചാര്യന്മാർ ഭ്രാതാക്കൾ മാതുലന്മാർ 48
പുത്രന്മാർ പൌത്രന്മാരും സഖാക്കൾ സുഹൃത്തുക്ക-
ളിത്ഥമെല്ലാരും നില്പതാ രണ്ടു സൈന്യത്തിലും 50
അലിവാർന്നകം കുഴഞ്ഞർജ്ജുനൻ ചൊന്നാൻ പോരി-
ന്നിട ചേർന്നൊരു ബന്ധുവർഗ്ഗത്തെക്കാൺകയാലേ. 52

അ:—തളരുന്നിതു ദേഹം ഘോരമായിക്കേണീടുന്നു,
വരളുന്നിതു വായും, വിറയും കിളരുന്നു, 54
എരിയുന്നിതെൻ ത്വക്കും; വില്ലിതാ വഴുകുന്നി-
തിളകുന്നിതു ചിത്തം മരുതിങ്ങിരിപ്പാനും, 56
പലതിങ്ങനെ കാണ്മൂ ശകുനപ്പിഴ കൃഷ്ണാ!
സ്വജനങ്ങളെക്കൊന്നുനേടുവാൻ ശ്രേയസ്സുണ്ടോ? 58
വിജയം വേണ്ടാ, വേണ്ടാ രാജ്യവും സുഖങ്ങളു-
മിവയെന്തിനു രാജ്യം, ഭോഗങ്ങൾ, ജീവൻതാനും? 60

ഏവൎക്കായാശിപ്പൂ നാം രാജ്യാദി യവരത്രേ
ജീവനും ധനങ്ങളും വിട്ടെതിൎത്തിതാ നില്പൂ. 62
അച്യുതാ ! താതപുത്ര പൌത്രന്മാരെന്നല്ല, മു-
ത്തച്ഛന്മാർ മുതലായ ബന്ധുക്കൾ തമ്മെ
കൊല്‌വാൻ 64

ഇച്ഛയില്ലിവ രെന്നെ ക്കൊല്കിലും മൂപ്പാരുമേ
സിദ്ധിച്ചു; മെന്നിട്ടാണോ മന്നിന്നു മാത്രംവേണ്ടി? 66
പ്രീതിയെന്തിവരെ ക്കൊന്നാകുവാ നിവരാത-
തായികളായും കൊന്നാൽ പാപമേഫലം കൃഷ്ണാ! 68
അതിനാൽ ബന്ധുഹത്യ യോഗ്യമല്ലെങ്ങൾക്കേതും,
സ്വജനങ്ങളെക്കൊന്നാൽസുഖമെങ്ങുണ്ടാകുവാൻ.70
ആശയാ ലിവരന്ധ രറിയാ കുലക്ഷയ-
ദോഷവും മിത്രദ്രോഹ പാപവു മെന്നാകിലും, 7
കേശവാ! കുലക്ഷയ ദോഷജ്ഞരിപ്പാപം തെ-
ല്ലേശരു തെന്നു കാക്കാതെങ്ങനെകൃഷ്ണാ! ഞങ്ങൾ.74
നശിപ്പൂ കുലക്ഷയാൽ ശാശ്വതം കുലധൎമ്മം,
നശിക്കെ ക്കുലമാകെ യധൎമ്മം ബാധിച്ചീടും, 76
ദുഷിക്കു മധൎമ്മത്തിൻ ബാധയാൽ കുലസ്ത്രീകൾ,
ദുഷിച്ചുപോകിൽ ജാതിക്കലൎപ്പുമുണ്ടാം കൃഷ്ണാ! 78
കുലഘ്നാ കുലത്തിന്നു നരകം കുലഘ്നൎക്കും,
പതിപ്പൂ പിണ്ഡോദകഹീനരായ്ത്തൽപിതൃക്കൾ.80
കുലഘ്നർ ജാതിമിശ്രം ചെയ്‌വോരിപ്പാപങ്ങളാൽ
കെടുപ്പൂ കുലജാതിധൎമ്മങ്ങൾ ശാശ്വതങ്ങൾ. 82
മനുഷ്യൻ കുലധൎമ്മം നശിച്ചോനെന്നൊന്നുമേ
കിടപ്പൂ നരകത്തിലെന്നാളും കേൾപ്പൂ ഞങ്ങൾ. 84

കഷ്ടമേ! ഞങ്ങളാഹാ! രാജ്യസൗഖ്യാർത്ഥംബന്ധു-
ഹത്യയാം മഹാപാപം ചെയ്‌വാനോ മുതിരുന്നു 86
ആയുധം തൊടാതെ ഞാൻ നില്ക്കവേ നൂറുപേരി-
സ്സായുധരെന്നെക്കൊന്നാലതെനിക്കതി ക്ഷേമം. 88

സ:—ഉഴന്നിതോതിപ്പാർത്ഥനെറിഞ്ഞാൻ വില്ലുമമ്പും,
തളർന്നു തേർത്തടത്തിലിരുന്നാൻ ശോകക്കളത്തിൽ 90

---

അദ്ധ്യായം 2

# സാംഖ്യയോഗം

സത്യവും മിഥ്യയും തിരിച്ചറിഞ്ഞു വൈരാഗ്യം കൊണ്ടു സർവ്വകർമ്മസന്ന്യാസം ചെയ്ത മുമുക്ഷു ബോധം, വൈരാഗ്യം മുതലായ മോക്ഷസാധനങ്ങളുടെ സിദ്ധിക്കു ബ്രഹ്മനിഷ്ഠനും വേദജ്ഞനുമായ ഗുരുവിനെ പ്രാപിച്ചു ബ്രഹ്മവിചാരം ചെയ്യണം എന്ന തത്ത്വം ഈ അദ്ധ്യായം കൊണ്ടു വെളിപ്പെടുന്നു. ഇവിടെ പരമാർത്ഥം അറിയാൻ ആഗ്രഹിക്കുന്ന അർജ്ജുനനു ഭഗവാൻ ശ്രീകൃഷ്ണൻ ആത്മാനാത്മജ്ഞാനോപദേശം ചെയ്യുന്നു. സംസാരദുഃഖംകൊണ്ടു വ്യസനിക്കുന്ന മുമുക്ഷു ശരണംപ്രാപിച്ചാൽ ഗുരു അവന് അഭയമരുളി തത്ത്വോപദേശം ചെയ്യണമെന്നതും ഈ അദ്ധ്യായത്താൽ സൂചിതം.

സ:—കാരുണ്യ ബാഷ്പാകുലാക്ഷനായീവിധം
മാഴ്കുന്ന പാർത്ഥനോടോതിനാൻ മാധവൻ. 2

ഭഗ:—സത്തക്ക് നിന്ദ്യമീ ദുഷ്ടീത്തിദം മൗഢ്യ-
മസ്വർഗ്ഗ്യമെങ്ങുനിന്നീദൃഗ്വേളയിൽ? 4
നീചത്വമീമനക്ഷീണത്വമെന്തിതു
ഭീരുത്വമേ വൈരിവീര പ്രതാപനാ! 6

അ:—പൂജ്യരാം ദ്രോണഭീഷ്മാദ്യരെപ്പോരിനു
നേർത്തുഞാനമ്പെയ്തുതോല്പാനുമാകുമോ ? 8
ഉത്തമ സദ്ഗുരുഭ്രാതരെക്കൊൽവതി-
ലുത്തമം ഭൂമിയിൽ ഭിക്ഷയേററുണ്മതും. 10
അർത്ഥകാമാചാര്യനിഗ്രഹാൽ കൈവരും
രക്തസംസിക്തമാം സൗഖ്യങ്ങളിങ്ങുതാൻ. 12
വെല്ലാമമരവരല്ലായ്കിലെങ്ങളോ,
നല്ലതേതെന്നറിയുന്നീല ഞാനിതിൽ. 14
ഏവരെക്കൊന്നിങ്ങു വാഴ്‌വാനാശയി-
ല്ലായവർതാനതിരേററിതാ നില്ക്കുന്നു. 16
അജ്ഞതയാലേ സ്വഭാവം മറഞ്ഞു ഞാ-
നച്യുതാ! ധർമ്മസമ്മൂഢനായ് ചോദിപ്പൂ. 18
നിശ്ചയമായ് സുഖമേതതു ചൊല്ക, മേ,
ശിഷ്യനീ ഞാൻ, ഗതി നീ, ശിക്ഷചെയ്താലും. 20
ഇങ്ങു പരവൈരം സമൃദ്ധമാം സാമ്രാജ്യ-
മിന്ദ്രാഭിഷേകവും സിദ്ധമായീടിലും, 22
ഇന്ദ്രിയശോഷണം ചെയ്യുമീശോകത്തി-
നൊന്നുമേ കാണുന്നതില്ലുപശാന്തി ഞാൻ. 24

സ:—എന്നുചൊന്നത്രഞാൻ മാധവാ! പോരിനി
ല്ലെന്നാൻ മൗനമപ്പാർത്ഥൻ പരന്തപൻ. 26

സേനകൾതന്നിടയേവമാവില്ലാളി
കേഴവേ, സസ്മിതം കേശവൻ ചൊല്ലിനാൻ. 28

ഭഗ:—ദുഃഖിക്ക വേണ്ടാത്ത മർത്ത്യരെച്ചൊല്ലി നീ
ദുഃഖിപ്പൂ, ബുദ്ധിസംയുക്തമായ് ഭാഷിപ്പൂ. 30
ചത്തോരെയുമിരിപ്പോരെയും ചിന്തിച്ചു
വിദ്വാൻ വിജയാ! വിഷാദിക്കയില്ലതാൻ. 32
ഇല്ലാതിരുന്നതില്ലീമന്നർ നീ ഞാനു-
മില്ലാതെയാകയുമില്ലിനി മേലുമേ. 34
ദേഹിക്കു മെയ്യിതിൽ ബാല്യാദിപോലന്യ-
ദേഹാപ്തി, ധീരർക്കു മോഹാപ്തിയില്ലിതിൽ. 36
ഇന്ദ്രിയാർത്ഥങ്ങളോടിന്ദ്രിയ സംഗമാൽ
വന്നിടും ശീതോഷ്ണ സൗഖ്യദുഃഖാദികൾ. 38
വന്നിടും പോയിടും, നിത്യങ്ങളല്ലവ-
യൊന്നുമേ; നീ സഹിച്ചീടേണമൊക്കയും. 40
ആരിതിലാടാത്ത തുല്യ സുഖാസുഖൻ
ധീരൻ പുരുഷേന്ദ്ര! മോക്ഷാർഹനപ്പുമാൻ. 42
ഉള്ളതില്ലായ്‌വരില്ലില്ലാത്തതുണ്ടാക-
യില്ലിതിൻ നിർണ്ണയം തത്ത്വജ്ഞർ കണ്ടതേ; 44
വിശ്വസംവ്യാപ്തമേതാവസ്തു ശാശ്വതം,
നശ്വരമല്ലതിന്നന്തമാരേകുവാൻ? 46
നിത്യൻ സുദുർജ്ഞേയനവ്യയ നീ ദേഹി-
യിക്കൊണ്ട മെയ്യുകൾ പോം പോർചെയ്യു ഭാരതാ!
ദേഹികൊല്ലും കൊലപ്പെട്ടുപോമെന്നതും
മോഹമേ, കൊൽവീലതാൻ കൊലപ്പെട്ടിടാ, 50

ഉണ്ടായ്‌വരുന്നില്ല ചാകുന്നുമില്ലവ-
നുണ്ടായി നഷ്ടനായ്പ്പോവോനുമല്ലവൻ. 52
പണ്ടുപണ്ടുള്ളോ നജൻ നിത്യനക്ഷയ-
നുണ്ടാകയില്ല ദേഹാന്തത്തിലന്തവും. 54
നിത്യനാമവ്യയ നൽപത്തിനാശവു-
മററവനിദ്ദേഹിയെന്നറിവുററവൻ. 56
(അർജ്ജുനാ! കൊല്ലിപ്പതാരെ യെമ്മട്ടുതാ-
നക്കണക്കാരെയെമ്മട്ടവൻ കൊല്‌വതും. 58
ജീർണ്ണമാംവസ്ത്രത്തെ വിട്ടു നാം നൂതന-
മാന്നിടും, ദേഹത്തെയപ്പോലെ ദേഹിയും. 60
കത്തിക്കറില്ലുണങ്ങില്ലവൻ കാററത്തു-
കത്തിടാ തീക്കീരനായിടാ നീരിനാൽ. 62
ഛേദിക്ക ശോഷണം ചെയ്യിക്ക ചീയിക്ക
വേകിക്ക യെന്നതും സാധിക്കയില്ലതാൻ.) 64
നിത്യൻ സനാതനൻ സർവ്വഗൻ സ്ഥാണു സു-
നിശ്ചലൻ ചിന്തയ്ക്കു മപ്പുറം നില്പവൻ, 66
വ്യക്തനല്ലേതും വികാര്യനുമല്ലവ-
നിത്തത്ത്വമററ നീ ദുഃഖിക്ക യോഗ്യമോ? 68
നിത്യമുണ്ടായ് ദേഹി നിത്യവും ചാമെന്നു
വയ്ക്കിലും വീര! നീ ദുഃഖിക്ക യോഗ്യമോ? 70
ജാതനോ ചാമവൻ, ചാകിലോ ജാതനാ-
മാടലി കൈക്കയററ കാര്യത്തിലാവതോ? 72
ഭൂത മവ്യക്താദി സുവ്യക്തമാ മിട-
യ്ക്കാകെ യവ്യക്താന്ത മെന്തിതിൽ കേഴുവാൻ? 74

അദ്ഭുതം പോലൊരാൾ ദേഹിയെ ക്കാണുന്നി-
തദ്ഭുതം പോൽ തഥാ ചൊല്ലുന്നു മററൊരാൾ,
അദ്ഭുതം പോലെതാൻ കേൾക്കുന്നി തന്ന്യന-
ത്യദ്ഭുതംതാൻ കേട്ടുമാരറിഞ്ഞീടുവാൻ? 78
വധ്യനല്ലീദേഹി നാനാ ശരീരഗൻ,
ദുഃഖിയായ്ക്കാകയാ ലാരെയും ചൊല്ലി നീ. 80
നിന്ദ്യമീ ഭീതി നിൻധമ്മ മൊന്നോക്കിലും,
ധർമ്മ്യമാം പോരിലും ക്ഷത്രനേത്തുത്തമം ? 82
ഓരാത്തതായ് വന്ന നാകപ്രവേശ മി-
പ്പോരാക്കു കിട്ടു മാബാഹുജൻ ഭാഗ്യവാൻ. 84
ധർമ്മ്യമീ സംഗരം ചെയ്യായ്കി ലററു നിൻ
ധമ്മവും കീർത്തിയും, വന്നുതേ പാപവും. 86
പേരുകേടാറാതെ യേറുമേ, ദുഷ്കീർത്തി
പേറുന്നതിൽ ചത്തുപോകണം മാനിതൻ. 88
പോരോത്തരണ്ടതായ് നേരിട്ടു നിസ്സാര-
ഭാവത്തിലാക്കുമേ മാനിച്ച വീരരേ. 90
മാററികൾ മാററിടി ച്ചോതു മൊല്ലാത്ത വാ-
ക്കേറെ മെന്തുണ്ടകം നീറാനതില്പരം ? 92
വെല്ലുകിൽ ഭൂസുഖം സിദ്ധമാം, ചാകിലോ
വിണ്ണുമാം, പോരിന്നുറേറാതെത്തഴന്നേല്ക്ക നീ. 94
ദുഃഖം സുഖം നഷ്ടി ലാഭം ജയം തോൽവി-
യൊക്കയൊ ന്നെന്നേല്ക്ക, പററിടാ കില്ബിഷം.
സാങ്ഖ്യമാ ണീമത മിന്നി നീ കേൾ കമ്മ-
ബന്ധവിച്ഛേദകം കമ്മാഖ്യ യോഗവും. 98

യത്നവൈഫല്യമില്ലററമെത്തീലെന്ന
തെററു മില്ലൊട്ടിതിൽ ചെയ്യും ഭവാപഹം.
നിശ്ചയബുദ്ധി യിങ്ങൊന്നുതാൻ, ബുദ്ധികൾ
നിശ്ചയഹീനൎക്കു ലക്ഷം ബഹുമുഖം.
വേദവാദോത്സുക രജ്ഞരാം കാമികൾ,
ദേവലോകേച്ഛുക്ക ളന്യമില്ലെന്നവർ,
ഭോഗ മൈശ്വര്യവും നേടാൻ പലേ കൎമ്മ-
രീതി ചൊല്വൂ ജന്മകൎമ്മ ഫലപ്രദം.
നിഷ്ഫലമായ പൂപോലുള്ളൊരാ വാക്കു
കൈക്കൊള്ളു മോക്ക ഭോഗൈശ്വര്യ കാമികൾ.
ഈ മൂഢബുദ്ധികൾക്കൎജ്ജുനാ! തെല്ലുമേ
ധീനിശ്ചയം വരികില്ലാ സമാധിയിൽ.
വേദങ്ങൾ പാർത്ഥാ! ഗുണത്രയാധീനമാം
കാര്യങ്ങൾ ചൊല്വൂ ഗുണാതീതനാക നീ.
യോഗവും ക്ഷേമവും വിട്ടു സത്വസ്ഥനായ്
വാഴ്ക നിർദ്വന്ദ്വനാ യാത്മവാനായ് സദാ.
നീരെങ്ങുനിന്നും നിറയുന്നൊരേരിയിൽ
ചേരുന്ന കൂപാദിതൻ ഫലം സൎവ്വവും,
വേദങ്ങൾതൻ ഫലമാകവേ താനാത്മ-
വേദിയാം ബ്രഹ്മസന്നിഷ്ഠന്നു സിദ്ധമാം.
കൎമ്മത്തിനേ ഭവാനർഹൻ ഫലത്തിന-
ല്ലെണ്ണൊല്ലതാൻ ഫലം, കൎമ്മം വിടായ്കതാൻ.
സംഗങ്ങൾ കൈവിട്ടു യോഗസന്നിഷ്ഠനായ്,
കൎമ്മങ്ങൾതൻ ഫലമെണ്ണാതെ ചെയ്യണം.

ത്തുല്യമായ്ത്താൻ ഫലസിദ്ധി യസിദ്ധിയും
കൊള്ളണം, യോഗമിത്തുല്യത യോക്കനീ. 124
നിശ്ചയബുദ്ധിതൻ നിഷ്കാമ കമ്മത്തി-
ലെത്രയോ നീചം ഫലേച്ഛുവിൻ കമ്മങ്ങൾ. 126
നിശ്ചയബുദ്ധിയായ് കമ്മങ്ങൾ ചെയ്ക നീ,
നിഷ്കാമനായ്; ഫലകാമനോ ദീനനേ. 128
ഭാരതാ! ബുദ്ധിസംയുക്തനി പ്പാരിലേ
പാപവും പുണ്യവും കൈവിടും നിണ്ണയം. 130
ആകയാൽ യോഗത്തിനായ്ക്കൊണ്ടു യത്നിക്ക,
യോഗമെന്നോതുന്ന തിക്കമ്മകൗശലം. 132
കമ്മജമാം ഫലം കൈവിട്ടു ബുദ്ധിമാൻ
ധമ്മജസോദരാ! ബോധസമ്പന്നനാം. 134
ജന്മസംബന്ധവും വിട്ടവൻ പൂകുന്നു
നിമ്മലം സന്താപ നിമ്മുക്തമാംപദം. 136
കേട്ടതും കേൾക്കേണ്ടതുമാം മറകളി-
ലാസ്ഥ വെടിയും ബുദ്ധി മോഹത്തെ വെല്ലവേ.
ഭാരതാ! വേദ സംക്ഷുബ്ധമാം നിൻ ബുദ്ധി
ധീരമായ് കേവലം നിശ്ചലമാകണം, 140
തീരെ സ്സമാധിയി ലാടാതെ നില്ക്കണം,
ചേരുന്നു യോഗവും നീയന്നു നിശ്ചയം. 142

അ:—കൃഷ്ണാ! സമാധിസ്ഥനാം സ്ഥിതപ്രജ്ഞന്റെ
ലക്ഷണം ഭാഷയും വൃത്തിയു മെങ്ങനെ? 144

ഭഗ:—എപ്പോഴൊഴിച്ചിടും മാനസം പ്രാപിച്ചു
നില്പോരു കാമങ്ങ ളെപ്പേരു മൊപ്പമേ, 146

എപ്പോഴാത്മാവിലേ മോദിക്ക മാത്മാവു-
മപ്പോഴവൻ സ്ഥിതപ്രജ്ഞനാണർജ്ജുനാ!
ആടലി ലാടാതെ വാഴുവോൻ, സൗഖ്യത്തി-
ലാശ തെല്ലെന്നാലു മില്ലാതിരിക്കുവോൻ,
കാമവും കോപവും ഭീതിയും കൈവിട്ടോ-
രാമുനി നിശ്ചല ധീയെന്നു സമ്മതം.
നന്മ വന്നാലതിൽ തോഷ മില്ലേതുമേ,
തിന്മ വന്നാലതിൽ ദ്വേഷവു മില്ലതാൻ,
ഒന്നിലും സ്നേഹവു മില്ലവൻ തൻ പ്രജ്ഞ
നിർണ്ണയം നിശ്ചല മെന്നറിഞ്ഞീടണം.
എങ്ങനെ മംഗസംഘാതത്തെ യാമപോ-
ലെന്നവ നിന്ദ്രിയ വ്രാതത്തെയൊക്കെയും,
ഇന്ദ്രിയാർത്ഥങ്ങളിൽ നിന്നുംവലിക്കുന്നി-
തന്നവൻതൻ പ്രജ്ഞ സുസ്ഥിതം ഭാരതാ!
ഇന്ദ്രിയഭോഗങ്ങൾ കൈവിട്ടു വാഴ്കിലും,
പിന്നെയും ദേഹിക്കു ശേഷിക്കു മാഗ്രഹം;
എന്നു വന്നീടും പരാത്മ സന്ദർശന-
മന്നു പോമാഗ്രഹം താനും കുരൂദ്വഹാ!
വഞ്ചിപ്പൂ മോക്ഷാർത്ഥ യത്നനാം വിജ്ഞന്റെ
നെഞ്ചത്തെയും ക്ഷോഭദേന്ദ്രിയൗഘം ബലാൽ.
ഇന്ദ്രിയ വൃന്ദത്തെ യൊപ്പം വശീകരി-
ച്ചന്യൂനമാം ദൃഢയോഗ മാർന്നനഘം,
എന്നിലേ തന്നെയു ള്ളുററിരുന്നീടുമ-
ധന്യൻ ജിതേന്ദ്രിയൻതൻ പ്രജ്ഞ സുസ്ഥിതം.

ഇന്ദ്രിയ സൗഖ്യങ്ങളെണ്ണുകിൽ പലററഴ-
മിന്ദ്രിയാൎത്ഥങ്ങളിൽ, പററിനാൽ കാമവും,
കാമം നിമിത്തം ഖിന്നം, ഖിന്നംകൊണ്ടു സ-
മ്മോഹം, മപ്പോലെ സമ്മോഹാൽ സ്മൃതിഭ്രമം,
ഏവം ഭ്രമാൽ ബുദ്ധിനാശമുണ്ടാം, ബുദ്ധി-
നാശത്തിനാൽ സൎവ്വനാശം ഫലം സഖേ!
രാഗാദി ഹീനമാം വശ്യേന്ദ്രിയങ്ങളാൽ
ഭോഗങ്ങളാസ്വം ജിതേന്ദ്രിയൻ സ്വസ്ഥനാം.
സ്വസ്ഥത യെത്തവേ ദുഃഖങ്ങ ളററുപോം,
സ്വസ്ഥന്നു ബുദ്ധിയും സുസ്ഥിതമാം ക്ഷണം.
ഇന്ദ്രിയാധീനനില്ലാത്മീയമാം ബുദ്ധി-
യെന്നല്ലതാ നാത്മ ഭാവന യെന്നതും.
വന്നിടാ ഭാവനാഹീനന്നു ശാന്തി, കൈ-
വന്നിടാതാൻ സുഖം ശാന്തിയില്ലായ്കിലോ.
സ്വൈര സഞ്ചാരികളാ മിന്ദ്രിയങ്ങളി-
ലതിലൊന്നാണെങ്കിലും മാനസം ചേരുകിൽ,
ആയതാ മാനസ പ്രജ്ഞയെ ക്കൊണ്ടുപോ-
മാഴിയി ലാശുഗൻ തോണിയെ യെന്നപോൽ.
ആകയാൽ ഭോഗങ്ങളാക വിട്ടിന്ദ്രിയ-
വ്രാതത്തെ വീളുവോൻ സുസ്ഥിതപ്രജ്ഞനാം.
ഭൂതസംഘാതത്തി ന്നേതാണു രാവതിൽ
വാഴുന്നു നല്ലോരുണൎന്നോട്ടു സംയമി;
ഭൂതങ്ങളെതി ലുണൎന്നിരുന്നീടുന്നു
രാവതു തത്ത്വജ്ഞനാം മുനിക്കജ്ഞനാ!

സുസ്ഥിര സമ്പൂർണ്ണ സിന്ധുവി ലംബുക്ക-
ളെത്തുന്നപോൽ കാമമൊക്കയു മേവനിൽ 196
പുക്കടിഞ്ഞീടു മവൻ ശാന്തി പൂകുന്നു,
സിദ്ധിയാതാൻ കാമകാമിക്കു ശാന്തിയും. 198

കാമമേ കാമങ്ങൾ കൈവിട്ടു, കാംക്ഷതാൻ
കാണിയും കാണാതെ സഞ്ചരിച്ചീടുവോൻ, 200
ഞാനെന്നു മെന്റേതെന്നുമുള്ളോരഭി-
മാനങ്ങ ളറ്റവൻ ചേരുന്നു ശാന്തിയും. 202

ബ്രഹ്മസന്നിഷ്ഠതൻ ലക്ഷണമിച്ചൊന്ന-
തിന്നില പന്നാൽ വിമോഹമേ വന്നിടാ. 204
നിർണ്ണയം താനന്ത്യ കാലത്തി ലെന്നാലു-
മിന്നില ചേർന്നവൻ ബ്രഹ്മനിർല്ലീനനാം. 206

---

അദ്ധ്യായം 3

## കർമ്മയോഗം

സാങ്ഖ്യയോഗികൾക്കു സന്ന്യാസ (കർമ്മപരിത്യാഗ)മാണു സ്വീകാര്യമെന്നു പറഞ്ഞു (അദ്ധ്യായം 2. പദ്യം 55 മുതൽ അദ്ധ്യായാവസാനംവരെ). ആ നിഷ്ഠകൊണ്ടു തന്നെ അവർ കൃതാർത്ഥരാകുമെന്നു പിന്നെ എടുത്തു പറഞ്ഞു (അദ്ധ്യായം 2 പദ്യം 72): കർമ്മം ചെയ്യണമെന്നു് അതിന്നിടയ്ക്കു നിഷ്കർഷിക്കയും ചെയ്യുന്നു (അദ്ധ്യായം 2 പദ്യം 47). അതുകൊണ്ടു കൃതാർത്ഥത നേടാമെന്നു പ്രത്യേകം പറയുന്നുമില്ല. അതിനാൽ കർമ്മ

യോഗമോ സാങ്ഖ്യ (ജ്ഞാന) യോഗമോ ഏതാണു സ്വീകാര്യമെന്നു് അർജ്ജുനനു സംശയമായി. ആ സംശയം ഈ അധ്യായംകൊണ്ടു തീർക്കുന്നു.

അ:—കർമ്മത്തെക്കാളും ജ്ഞാനം നന്നെങ്കിലെന്നെ
ഗ്ഘോര-
കർമ്മത്തിനെന്തിന്നേവം കല്പിപ്പൂ ജനാർദ്ദനാ! 2
അന്യോന്യമൊക്കാതോതി സ്സമ്മോഹം ചേർക്കുന്നി
ത്തോ,
നിർണ്ണയം ശ്രേയസ്സേതതാന്നതാ നരച്ചാലും. 4
ഭഗ:- നിഷ്ഠ രണ്ടെന്നേൻ പാരിൽ സാങ്ഖ്യന്നോ
ജ്ഞാനയോഗ-
മർജ്ജുനാ! കർമ്മയോഗം കർമ്മികൾക്കെന്നും ചൊ
ന്നേൻ. 6
കർമ്മങ്ങൾ ചെയ്യീലെന്നാൽ നൈഷ്കർമ്യമെത്താ
ട്ടവം;
കർമ്മം കൈവിട്ടാൽ മാത്രം സിദ്ധിയും പ്രാപിച്ചീടാ.
നിമിഷം കർമ്മം ചെയ്യാതില്ലാരുമാരും ചെയ്വൂ
പ്രകൃതിഗുണങ്ങൾക്കു കീഴടിഞ്ഞതന്നേരവും. 10
എവനോ കർമ്മേന്ദ്രിയ സംയമം ചെയ്തു നെഞ്ചിൽ
വിഷയ ധ്യാനം ചെയ്വതാ മൂഢൻ മിത്ഥ്യാചാരൻ.
മനസ്സാലിന്ദ്രിയങ്ങളടക്കി ക്കർമ്മേന്ദ്രിയ-
ഗണത്താൽ കർമ്മയോഗ മസക്തം കൊൾവോൻ
ശിഷ്ടൻ. 14
കർമ്മം നന്നകർമ്മത്തിൽ, നിയതം കർമ്മം ചെയ്ക;
കർമ്മം ചെയ്യായ്കിൽ ജീവധാരണം പോലുമാകാ. 16

കൎമ്മങ്ങൾ യജ്ഞങ്ങളായ് ചെയ്യാഞ്ഞു ബദ്ധം
ലോകം;
കൎമ്മങ്ങൾ നിസ്സംഗം ചെയ്യെങ്കിലോ യജ്ഞങ്ങളാം
കല്പിച്ചാൻ പ്രജാഗണം സയജ്ഞം സൃഷ്ടിച്ചജൻ
വൎദ്ധിക്ക യജ്ഞത്തിനാ ലിഷ്ടദമാവൂ യജ്ഞം. 20
പോററുക യജ്ഞത്തിനാൽവിണ്ണോരെ, യാനിങ്ങളെ
പോററുക വിണ്ണോരേവം ശ്രേയസ്സു നിങ്ങൾക്കെത്തും
യജ്ഞത്താൽ തെളിഞ്ഞിഷ്ടഭോഗങ്ങളേകും വിണ്ണോ-
ക്കൎപ്പിക്കാതവ താനേ ഭുജിപ്പോൻ തസ്കരൻതാൻ. 24
യജ്ഞശിഷ്ടാശിസത്തൻ സൎവ്വാഘമുക്തൻ; സ്വാൎത്ഥ
വൃത്തിയായ് പാകം ചെയ്വോൻ ഭുജിപ്പൂ പാപം
പാപൻ. 26
അന്നത്താൽ ഭൂതവ്രാതം, വൎഷത്താലന്നം, യജ്ഞ-
ധൎമ്മത്താൽ ജാതം വൎഷം, കൎമ്മത്താൽ യജ്ഞം
താനും, 28
ബ്രഹ്മത്താൽ കൎമ്മം, പരബ്രഹ്മത്താൽ ബ്രഹ്മമേവ-
മെങ്ങുമേ വ്യാപ്തം ബ്രഹ്മം യജ്ഞസംസ്ഥിതം നിത്യം
പാപിയീ പ്രവൎത്തിത ചക്രത്തെ യനുവൎത്തി-
ക്കാകരുതാത്തോൻ വൃഥാ ജീവിപ്പൂ ഭോഗോത്സുകൻ
ആത്മാവിൽതാൻ പ്രീതനാ യാത്മാവിൽതാൻ
തൃപ്തനാ-
യാത്മാവിൽതാൻ തോഷിപ്പോ നേതുമൊന്നില്ല
ചെയ്‌വാൻ. 34
കൎമ്മം ചെയ്യൊന്നില്ലാകാൻ, ചെയ്യാഞ്ഞു കേടില്ലവ-
നൊന്നിനു മൊരു ഭൂതത്തേയു മാശ്രയിക്കേണ്ടാ.

ആകയാൽ കൎമ്മം ഫലകാമമറെറന്നും ചെയ്ക;
ഭാരതാ! ഫലം മോക്ഷ മസക്തം കൎമ്മം ചെയ്താൽ.
കൎമ്മത്താൽത്താൻ സംസിദ്ധി പ്രാപിച്ചു ജനകാദ്യർ;
കൎമ്മത്തിനൎഹൻ ലോകസംഗ്രഹ മോൎത്തും ഭവാൻ.
ശ്രേഷ്ഠന്മാർ ചെയ്വതേതേതതതേ ചെയ്‌വൂ ലോകം;
ശ്രേഷ്ഠന്മാർതൻപ്രമാണംലോകത്തിൻ പ്രമാണമാം.
കൎത്തവ്യം മൂപ്പാരിലൊന്നെനിക്കില്ലെത്താനില്ലൊ-
ന്നൊത്താതില്ലൊന്നെന്നാലും നിത്യംഞാൻചെയ്‌വൂ
കൎമ്മം.
ഒരിക്കൽപോലുംകൎമ്മം ചെയ്യാൻ ഞാൻമടിക്കിലോ
വരിക്കു മെൻമാൎഗ്ഗമേ സൎവ്വഥാ ലോകം സൎവ്വം. 46
കൎമ്മം ഞാൻ വിട്ടാൽ കെട്ടു ധൎമ്മ, മീ ലോകങ്ങളും
വൎണ്ണസങ്കരം വരും, ഞാൻ ജനദ്രോഹിയായ്പോം.
സക്തനായജ്ഞൻ ചെയ്യുംപോലെതാൻ കൎമ്മം
ചെയ്ക
സക്തി കൈവിട്ടുവിദ്വാൻ,ലോകസംഗ്രഹാൎത്ഥമേ.
അജ്ഞന്നാം കൎമ്മസക്തന്നുള്ളിളക്കായ്ക ബുദ്ധി-
യുക്തനായ് കൎമ്മംചെയ്തു ചെയ്യിക്കസൎവ്വം ബുധൻ,
ചെയ്യുന്നു കൎമ്മം മായാഗുണങ്ങ ളിന്ദ്രിയങ്ങൾ,
ചെയ്യുന്നു താനെന്നഹങ്കാരാന്ധൻ മാനിക്കുന്നു. 54
കൎമ്മമെന്നതോ മായാഗുണമാം വിഷയത്തി-
ലിന്ദ്രിയം മായാഗുണംവൎത്തിപ്പതത്രേ പാൎത്താൽ. 56
ഇത്തത്വം ഗുണകൎമ്മവിഭാഗ വിജ്ഞൻ കണ്ടി-
ട്ടൎജ്ജുനാ! താൻ കൎത്താവെന്നഭിമാനിപ്പീലേതും. 58
കൎമ്മങ്ങൾ മായാഗുണ വൃത്തികളെന്നു മായാ-
മന്ദന്മാർ കാണാ, താൻ താൻ ചെയ്യുന്നതായ്
മാനിക്കുന്നു. 60

ഒന്നുമേ തിരിയാത്തോ രജ്ഞരാ മവർക്കേതും-
തന്നെ നല്ലറിവുള്ളോൻ ചാഞ്ചല്യംചേർത്തീടൊലാ.
നിർമ്മമം നിരാതങ്കം നിഷ്കാമം പോർചെയ്യെ
ന്നിൽ
കർമ്മങ്ങളെല്ലാ മർപ്പിച്ചധ്യാത്മ ചിത്തത്തോടും. 64
ശ്രദ്ധാപൂർണ്ണരസൂയയ റ്റെന്മത മിതുകൊണ്ടു
നിത്യമാചരിപ്പോരും കർമ്മനിർമ്മുക്തരാകും. 66
എന്മത മിതു നിന്ദിച്ചൊഴിക്കും സർവ്വജ്ഞാന-
സമ്മൂഢൻ ബുദ്ധിശൂന്യൻ വിനാശം പ്രാപിച്ചീടും.
അ:- ജ്ഞാനിയുംസ്വഭാവംപോൽവർത്തിപ്പൂ,സ്വഭാവത്തി-
ന്നാരാരു മധീനന്മാ രെന്താവൂ യമത്തിനാൽ. 70
ഭഗ:- ഇന്ദ്രിയങ്ങൾക്കു വിഷയങ്ങളാം വസ്തുക്കളിൽ
സംഗതമല്ലോ പാർത്ഥാ! രാഗമോ വിദ്വേഷമോ. 72
നിന്ദ്യമീ വികാരങ്ങ ളിവയ്ക്കു കീഴ്പ്പെട്ടാരും
നിന്നുപോകൊല്ലാ, മാർഗ്ഗരോധികളിവ രണ്ടും. 74
നന്നായ്ത്താൻ പരധർമ്മം ചെയ്യാലുമതില്ലരം
നന്നാണു നന്നല്ലാതെ ചെയ്കിലും നിജധർമ്മം. 76
നന്നാണു മരണംതാൻ വന്നാലും സ്വധർമ്മത്താ-
ലെന്നാളും ചേർപ്പൂ ഭയം പരധർമ്മാനുഷ്ഠാനം. 78
ഇച്ഛയില്ലാഞ്ഞുമാരാൽ പ്രേരിതൻപുമാൻ ബലാൽ
കല്പിതൻപോലെ പാപം ചെയ്യുന്നിതെന്നാൽ
കൃഷ്ണാ! 80
ഭഗ:-കാമമാണിവൻ, പാപി കോപമാണിവൻ, മോക്ഷ-
ഘാതകൻ, തൃപ്തി കാണി കാണാത്ത രജോദ്ഭൂതൻ.
അഗ്നിയെ പ്പുക, മാതൃ ഗർഭത്തെ, കണ്ണാടിയെ
ഫല്ഗുനാ! ധൂളിയും പോൽ ജ്ഞാനത്തെ മൂടും
കാമം. 84

ജ്ഞാനിക്കു നിത്യാരാതി, യനലൻ, മഹാശനൻ
ജ്ഞാനത്തെ മറയ്ക്കുന്നിതിമ്മഹാ പാപി കാമം. 86
ഇന്ദ്രിയമാൎഗ്ഗം മനോബുദ്ധികൾ പ്രാപിച്ചിവൻ
നിൎണ്ണയം ജ്ഞാനം മൂടി ദ്ദേഹിയെ മോഹിപ്പിപ്പൂ.
ആകയാലാദ്യമിന്ദ്രിയൌഘത്തെ വെന്നമ്മഹാ-
പാപിയെക്കൊൽവൂ ജ്ഞാനവിജ്ഞാനഹന്താവിനെ
ദേഹവു മിന്ദ്രിയങ്ങൾ മാനസം ബുദ്ധിയാത്മാ-
വേവമോരോന്നും പൂൎവ്വപൂൎവ്വാതി ശ്രേഷ്ഠമല്ലോ. 92
ബുദ്ധിക്കും മേലാണാത്മാവെന്നേവമറിഞ്ഞാത്മ-
നിശ്ചയ ബുദ്ധിയാലേ വെല്ലേണം മനസ്സിനെ. 94
ദുർദ്ദമനാകും കാമരൂപനാ മരാതിയെ
നിഗ്രഹം ചെയ്തീടേണ മങ്ങനെ മഹാബാഹോ! 96

---

അദ്ധ്യായം 4

# ജ്ഞാനകൎമ്മസന്ന്യാസയോഗം

വഴിയേ കൎമ്മം ചെയ്യുന്നതു പ്രവൃത്തിമാൎഗ്ഗം. അതു ജ്ഞാനത്തിനു ഹേതുവാകയാൽ അതുതന്നെ നിവൃത്തിമാൎഗ്ഗവും. ഇങ്ങനെ കൎമ്മയോഗത്താൽ പ്രവൃത്തിമാൎഗ്ഗവും നിവൃത്തിമാർഗ്ഗവും നേടാമെന്നു രണ്ടാമത്തെയും മൂന്നാമത്തെയും അദ്ധ്യായങ്ങൾകൊണ്ടു് ഉപദേശിച്ചു. ഇതു തന്നെ വേദസാരം മുഴുവനും. ഇതുതന്നെ ഭഗവദ്ഗീത ലോകത്തിനു് ഉപദേശിക്കുന്നതും. ഇതു പണ്ടേമുതൽ ഗുരുശിഷ്യപരമ്പരയാ ഉപദേശിച്ചുപോന്ന ക്രമത്തെപ്പറ്റി ഈ അദ്ധ്യായത്തിൽ പറയുന്നു.

ഭഗ:- അക്ഷയമാം ഫലം സിദ്ധിക്കു മീയോഗ-
മക്കന്നു ഞാനുപദേശിച്ചിതാദിയിൽ; 2
അക്കനോ ശിക്ഷിച്ചു തന്മനുവാം സുത-
ന്നിക്ഷ്വാകുവാം സുതന്നാ മനു വോതിനാൻ. 4
ഏവം ക്രമാഗതം രാജർഷിമാ രന്നു
യോഗമി ന്നില്ലിങ്ങു കാലമൊ ട്ടാകയാൽ. 6
നീ സഖാ വെൻഭക്ത നെന്ന പ്പുരാതന
യോഗമേ ഗോപ്യമി ന്നോതിനേ നുത്തമം. 8

അ:- ആദിത്യനാദിജൻ ഭാവൽക്ക ജന്മമി-
ന്നാദിക്കിതോതുവാൻ സാധിച്ചതെങ്ങനെ ? 10

ഭഗ:- ഈ നമു ക്കെത്രയോ ജന്മങ്ങ ളായിതു
നീയറിവീ ലറിയുന്നു ഞാനൊക്കയും. 12
ഭൂതേശ നവ്യയൻ ഞാനജ നെങ്കിലും,
ജാതനാ മെന്മായ കൊണ്ടെൻ പ്രകൃതിയാൽ. 14
എന്നൊന്നു ധമ്മമ റേറവു മധമ്മമി-
ങ്ങന്നന്നു ഞാൻ യോഗ്യദേഹ മാന്നീടുന്നു. 16
സാധു സംരക്ഷ, ദുഷ്ടാഹതി, ധമ്മസം-
സ്ഥാപനമെന്നിവ യ്ക്കുണ്ടാം യുഗം പ്രതി. 18
എന്നുടെ ദിവ്യമാം ജന്മവും കമ്മവു-
മിങ്ങനെതാൻ ശരിയായറി ഞ്ഞീടുവോൻ. 20
നിണ്ണയം ദേഹത്തെ വിട്ടൊഴി ഞ്ഞപ്പുറം
ജന്മമൊന്നില്ലാതെ ചേന്നീടുമെന്നിലേ. 22
രാഗവും രോഷവും ഭീതിയും വിട്ടെന്നെ-
യേകാഗ്രമായ്ത്താ നുപാസിച്ചനാരതം, 24
ജ്ഞാന സന്നിഷ്ഠയാൽ ശുദ്ധരാ യെന്നിലേ
സായൂജ്യ മാന്നവ രേറെയു ണ്ടജ്ജുനാ! 26

ഞാനെൻെറ സേവകർക്കപ്പോലെ സേവകൻ;
ലോകമോ സർവ്വഥാ കൊൾവ തെൻമാർഗ്ഗമേ.
ഇങ്ങു ദേവാർച്ചനം ചെയ്‌വൂ ഫലേച്ഛുക്കൾ;
മന്നിലോ ശീഘ്രമേ കർമ്മ ഫലോദയം.
ഞാൻ ഗുണകർമ്മ വിഭാഗങ്ങൾ കൊണ്ടിങ്ങു-
ഭാരതാ! സൃഷ്ടിച്ചു വർണ്ണങ്ങൾ നാലുമേ.
ഞാനതിൻ കർത്താവുതാ നെങ്കിലും കാണ്ക
ഞാനകർത്താ വെന്നു മവ്യയ നെന്നുമേ.
കർമ്മ സംസ്പർശം ഫലേച്ഛയു മില്ലെനി-
ക്കെന്നറി കെന്നെ നീ കർമ്മ നിർമ്മുക്തനാം.
മുന്നമിതുറററിഞ്ഞാർ മോക്ഷേച്ഛുക്കൾ
കർമ്മ, മിനീയു മപ്പോ ലതേ ചെയ്കതാൻ.
കർമ്മമെന്തെന്ന മകർമ്മ മെന്തെന്നുമേ
പണ്ഡിതന്മാർക്കും തിരിച്ചറിവില്ലതാൻ.
കർമ്മമെ ന്തെന്നതാം ബോധം ഭവാപഹം;
കർമ്മ മകർമ്മവും ഞാൻ നിനക്കോതുവേൻ.
കർമ്മ മെന്തെ ന്നറിയേണം വികർമ്മ മ-
കർമ്മവും; കർമ്മ സ്വഭാവം സുദുർഗ്രഹം.
കർമ്മത്തി ലെന്നാ ലകർമ്മവു മപ്പോ, ല-
കർമ്മത്തി ലെങ്കിലോ കർമ്മവും കാണുവോൻ
പണ്ഡിതൻ മാനുഷജാതി ക്കവൻ സർവ്വ-
കർമ്മങ്ങൾ ചെയ്കിലും ശാന്തനാം യോഗിതാൻ.
ഞാനെനിക്കിന്നതി ന്നിത്യാദി സർവ്വാഭി-
മാനവും കൈവിട്ടു കർമ്മങ്ങൾ ചെയ്യുവോൻ,
ജ്ഞാനമാ മഗ്നിയിൽ കർമ്മങ്ങൾ വെന്തററ
മാനവൻ പണ്ഡിത നെന്നു വിദ്വന്മതം.

കർമ്മത്തി ലപ്പോലെ തൽഫലം തന്നിലും
സംഗമില്ലാത്തവൻ, നിത്യസംതൃപ്തിമാൻ,
ഒന്നിനെ ത്തന്നെയു മാശ്രയിക്കാത്തവൻ
കർമ്മങ്ങൾ ചെയ്കിലും ചെയ്യതില്ലേതുമേ.
സ്വീയമാം സർവ്വവും സന്ത്യജിച്ചീടിനോ-
നീഹ കൈവിട്ടു ചിത്താത്മാക്കൾ വെന്നവൻ.
കേവലം ശാരീര കർമ്മമേ ചെയ്യുവോ-
നേതുമേ പാപമൊ ന്നേശുകേ യില്ലതാൻ.
ഉന്നാതെ വന്നതിൽ സംതൃപ്തനാ യൊന്നു
വന്നാലു മില്ലാഞ്ഞിലും സമചിത്തനായ്,
ദ്വന്ദ്വങ്ങളിൽ ഭേദമററോൻ വിമത്സരൻ
കർമ്മങ്ങൾ ചെയ്കിലുംവന്നിടാ ബന്ധനം.
ജ്ഞാനത്തി ലുള്ളുറ ച്ചുള്ളവൻ, നിസ്സംഗ-
മാനസൻ, രാഗാദി ദോഷങ്ങളററവൻ
യാഗമായ് കർമ്മങ്ങൾ ചെയ്യുവോൻതൻ കർമ്മ-
ജാല മാമൂലാഗ്ര മാലീനമാം ദൃഢം.
ബ്രഹ്മം സ്രുവാദികം, ബ്രഹ്മമേ ഹവ്യവും,
ബ്രഹ്മമേ ഹോമവും ഹോതാവുമഗ്നിയും.
ബ്രഹ്മമിക്കർമ്മ മിതിങ്കൽ സമാധിഗൻ
ബ്രഹ്മമേ പാണ്ഡവാ! ചെന്നുചേരേണ്ടതും.
യജ്ഞങ്ങ ളിന്ദ്രാദി ദേവകൾക്കേ ചില-
രർജ്ജുനാ ചെയ്യുന്നതാൻ കർമ്മയോഗികൾ.
ബ്രഹ്മാഗ്നിയിൽ ജ്ഞാനയോഗികളാത്മാവു
ബ്രഹ്മാർപ്പണാഖ്യമാം യജ്ഞേന ഹോമിപ്പൂ.
ശ്രോത്രാദികൾ സംയമാഗ്നികളിൽ ചിലർ,
ശബ്ദാദിക ളിന്ദ്രിയാഗ്നികളിൽ ചിലർ,

പ്രാണാദി മാരുത കർമ്മങ്ങ ളിന്ദ്രിയ-
വ്രാതത്തിനുള്ളോരു സർവ്വ കർമ്മങ്ങളും
വേറേ ചിലരാത്മ സംയമ യോഗമാം
ജ്ഞാന ദീപ്താഗ്നിയിൽ ഹോമിച്ചിടുന്നിതേ.
ദാനയജ്ഞം ചിലരാമ്നായ ശീലന-
ജ്ഞാനയജ്ഞങ്ങൾ ചിലർ തപോയജ്ഞവും,
യോഗയജ്ഞം ചിലർ ചെയ്‌വൂ ദൃഢവ്രത-
യോഗികളാണവ രൊക്കയും ഭാരതാ!
പ്രാണന്റെ യപ്പോലപാനന്റെയും ഗതി
രോധിച്ചു പൂരകാദ്യഭ്യാസ നിഷ്ഠരായ്,
പ്രാണനെ ഹോമിച്ചിടുന്നി തപാനനിൽ,
പ്രാണനി ലപ്പോ ലപാനനെയും ചിലർ.
പ്രാണങ്ങളിൽ ചിലർ ഹോമിച്ചിടുന്നിതേ
പ്രാണങ്ങളെ നിയതാഹാര ശീലരായ്.
യാഗങ്ങളാൽ സർവ്വപാപവും ഭഞ്ജിച്ച
യാഗജ്ഞരാണവ രൊക്കയും ഭാരതാ!
യജ്ഞശിഷ്ടാമൃതം ഭക്ഷണം ചെയ്യുവോ-
രെത്തുന്നു നിശ്ചലം ബ്രഹ്മം സനാതനം.
യജ്ഞമില്ലാത്തവ ന്നില്ലിഹ ലോകവു-
മെത്തുവാനെങ്ങന്യ ലോകം കുരൂത്തമാ!
ഏവമുണ്ടെത്രയോ യജ്ഞങ്ങളൊക്കയും
വേദങ്ങളിൽ പരം വിസ്തരിച്ചോതുന്നു.
ദേഹ വാങ്മാനസ കർമ്മങ്ങളെന്നു നീ
തേറീടിതുകളെ യെങ്കിലോ മുക്തനാം.
വസ്തുക്കൾകൊണ്ടു ചെയ്തീടുന്ന യജ്ഞത്തി-
ലുത്തമം ജ്ഞാനമാം യജ്ഞമെന്നോർക്ക നീ.

ജ്ഞാനമാം യജ്ഞത്തിലന്തർഭവിക്കു മ-
ന്യൂനം ഫലാന്വിതം കർമ്മങ്ങളൊക്കയും. 106
ജ്ഞാനമാർന്നിട്ടു നീ തത്വജ്ഞർതൻ കാല്ക്കു
വീണു സമ്പ്രശ്നങ്ങൾ ചെയ്കനീ സാദരം; 108
ജ്ഞാനോപദേശ മന്യൂനാർദ്ര മാർദ്ദവം
ജ്ഞാനികൾ ചെയ്യുമേ നൂനം ധനഞ്ജയാ! 110
പിന്നെയീ മോഹമില്ലെല്ലാ പ്രപഞ്ചവും
നിന്നിലും, നിന്നെ നീയെന്നിലും കാണുമേ. 112
ജ്ഞാനമാം തോണിയാൽ താൻ മഹാപാപിയിൽ
പാപിയും താണ്ടുമേ സർവ്വ പാപാബ്ധിയും. 114
കാളുന്ന തീതന്നിലിന്ധനം പോൽ കർമ്മ-
ജാലങ്ങളീ ജ്ഞാന വഹ്നിയിൽ ഭസ്മമാം. 116
ജ്ഞാനവൽ പാവന മില്ലിങ്ങു കാലേന
യോഗ സംസിദ്ധക്കുള്ളി ലുണ്ടാം സ്വയം. 118
ശ്രദ്ധാലു തൽപരൻ വശ്യേന്ദ്രിയൻ ജ്ഞാന-
മെത്തീട്ടു മെത്തിയാൽ ക്ഷിപ്രം വിമുക്തിയും. 120
അജ്ഞൻ നശിക്കു മശ്രദ്ധൻ സശങ്കനും;
നഷ്ടം സശങ്കനു ലോകങ്ങൾ സൗഖ്യവും. 122
കർമ്മങ്ങളീശനിലർപ്പണം ചെയ്യുന്ന
നിർമ്മമൻ ജ്ഞാനമാ ർന്നാശങ്ക യററവൻ, 124
ബ്രഹ്മ സന്നിഷ്ഠനാം മഹായോഗിയെ-
ക്കർമ്മങ്ങൾ ബന്ധിക്ക യില്ലതാ നർജ്ജുനാ! 126
ആകയാ ലജ്ഞാന സംഭൂത മിതവ
മാനസ സംസ്ഥിതം സന്ദേഹ മൊക്കയും, 128
ജ്ഞാനമാം വാളിനാൽ ഛേദിച്ചു നീ കർമ്മ-
യോഗമററാ ന്നെഴുന്നേല്ക്കുക ഭാരതാ! 130

12597

അദ്ധ്യായം 5

# സന്ന്യാസയോഗം

ജ്ഞാനമാകുന്ന വാളുകൊണ്ടു് അജ്ഞാനത്തെ വെട്ടിക്കളയാൻ പറഞ്ഞു (അദ്ധ്യാ: 4 വരി. 127-130). അപ്പോൾ ജ്ഞാനമാൎഗ്ഗം സുസ്ഥിരമായല്ലോ. പിന്നെ കൎമ്മത്തിന്റെ ആവശ്യമില്ല. എന്നിട്ടും, കൎമ്മം അനുഷ്ഠിക്ക, യുദ്ധം ചെയ്യു എന്നു പറയുന്നു. കൎമ്മപരിത്യാഗത്തെപ്പററിയും പറയുന്നു. (അ. 4. വരി. 45-72, 99-106, 115-116, 123-126). കൎമ്മാനുഷ്ഠാനവും കൎമ്മപരിത്യാഗവും പരസ്പര വിരുദ്ധങ്ങളാണു്. ഒന്നിച്ചു് അനുഷ്ഠിക്ക സാദ്ധ്യമല്ല. എപ്പോൾ ഏതു സ്വീകരിക്കണമെന്നു കാലം നിൎണ്ണയിച്ചിട്ടുമില്ല. അതിനാൽ, അവയിൽ ഒന്നേ അനുഷ്ഠിക്കേണ്ടൂ എന്നു് ഊഹിക്കാം. അവയിൽ ഉൽകൃഷ്ടമായതാണല്ലോ സ്വീകാൎയ്യം. അതു് ഏതാണെന്നു് അൎജ്ജുനൻ ചോദിച്ചതിനു ഭഗവാൻ സമാധാനം പറയുന്നു.

അ:- കൎമ്മ സന്ന്യാസം കൎമ്മ യോഗവും പ്രശംസിപ്പൂ ;
നന്നിതി ലേതെന്നതേ നിൎണ്ണയിച്ചോതീടേണം. 2

ഭ:- കൎമ്മ സന്ന്യാസം കൎമ്മ ത്യാഗമാണെന്നും മുക്തി
തന്നീടും മാൎഗ്ഗം, കൎമ്മയോഗം നന്നതിൽ പരം. 4
നിത്യ സന്ന്യാസിയെന്നാൽ നിഷ്കാമൻ, നിർദ്വേഷകൻ,
നിർദ്വന്ദ്വനവൻ ബന്ധമുക്തനാം നിഷ്പ്രയാസം.
സാംഖ്യവും യോഗവും വേറെന്നജ്ഞൻ, പ്രാജ്ഞൻ ചൊല്ലാ;
സമ്യക്കാ യൊന്നാൎന്നാൽ രണ്ടിന്റെ ഫലവുമാം.

സാംഖ്യത്താൽ പ്രാപ്യം പദം പ്രാപ്യമേ യോഗ
ത്താലും;
സാംഖ്യയോഗൈക്യം കാണ്മോൻ നല്ലപോൽ
കാണുന്നവൻ. 10

സന്ന്യാസം കർമ്മ യോഗമെന്നിയേ ദുസ്സാദ്ധ്യംതാൻ;
ബ്രഹ്മാപ്തി ശീഘ്രം കർമ്മയോഗിയാം മുനിക്കെങ്കിൽ.
വിശുദ്ധാത്മാവായ് വിജിതാത്മാവാ യിന്ദ്രിയഗണ-
ജയത്താ ലചഞ്ചല മാനസൻ കർമ്മയോഗി, 14
സമസ്ത ഭൂതാത്മാവും തന്നുടെ യാത്മാവെന്നു-
ള്ളറച്ചോൻ ചെയ്യും, കർമ്മമവനെ സ്പർശിച്ചീടാ. 16
തത്വജ്ഞൻ യോഗി കാണും, മണക്കും, കേൾക്കും,
തൊടും,
ഭക്ഷിക്കും, സഞ്ചരിക്കു, മുറങ്ങും, ശ്വസിച്ചീടും, 18
ഭാഷിക്കും, വിസർജിക്കും, ഗ്രഹിക്കും, കൺമിഴിക്കും,
താനപ്പോ ലിമസ്സുക, മിക്കർമ്മങ്ങ ളെല്ലാം ചെയ്യും, 20
ഭാവിപ്പീ ലിവയൊന്നും ചെയ്യുന്നതാ യിന്ദ്രിയാർത്ഥ-
പ്രാന്തത്തി ലിന്ദ്രിയഗണം പ്രവർത്തിപ്പതാമെന്നു് കാണ്മൂ.
പററീടാ ജലം പദ്മപത്രത്തിൽ, പാററാ പാപം
പററാ കർമ്മം സർവ്വേശാർപ്പണമായ് ച്ചെയ്യോനിൽ.
ദേഹത്താൽ മനസ്സിനാൽ ബുദ്ധിയാ ലഭിമാന-
ലേശത്തിൻ സ്പർശം ചേരാതിന്ദ്രിയ ഗ്രാമത്താലും, 26
തീരെത്താൻ ഫലാസക്തിയെന്നി നിത്യാത്മ ശുദ്ധി
സാധിപ്പാൻ കർമ്മം കർമ്മ യോഗികൾ ചെയ്തീടുന്നു.
വിട്ടൊഴിയുന്നു കർമ്മ ഫലത്തെ കർമ്മയോഗി,
നിഷ്ഠതൻ ഫലമായ ശാന്തിയെ പ്രാപിക്കുന്നു. 30

കഷ്ടമേ യോഗഹീനൻ കാമത്താൽ ഫലത്തിൽ സം-
സക്തനായ് കർമ്മങ്ങളാൽ ബദ്ധനായ് വലയുന്നു.

മനസ്സാൽ കർമ്മങ്ങൾ സന്ന്യസിച്ചോൻ വശി ദേഹി
വസിപ്പൂ നവദ്വാര പുരത്തിൽ സുഖാന്വിതം. 34

ഗ്രഹിക്ക മഹാബാഹോ! ചെയ്യുന്നതില്ലൊന്നു മ-
ക്കണക്ക ദ്ദേഹി ചെയ്യിക്കുന്നതു മില്ലൊന്നുമേ. 36

കർത്തൃത്വം കർമ്മം ഫല സംബന്ധംതാനും പ്രഭു
സൃഷ്ടിപ്പീ ലിങ്ങതെല്ലാം പ്രകൃതി പ്രവൃത്തിതാൻ.
താനേല്ക്കാ വിഭു പുണ്യം പാപവു മാരുടേയും,
ജ്ഞാന മജ്ഞാനാന്ധമായ് ജീവികൾ മോഹിക്കുന്നു.

അജ്ഞാന മാത്മജ്ഞാനം കൊണ്ടററാൽ, കാട്ടും തെളി-
ച്ചാജ്ഞാന മാദിത്യൻപോ ലപ്പരമാത്മാവിനെ. 42
നിഷ്ഠയു മാത്മാവും തൻബുദ്ധിയു മതിൽത്തന്നെ
നിശ്ചലം ചേർത്തിട്ടതേ രക്ഷ യെന്നുറച്ചവൻ 44
നിശ്ചയം ജ്ഞാനത്തിനാൽ കിൽബിഷം പോക്കി പ്പരം
നിസ്തുലം പദം ചേരു മെത്തീടാ പുനർജന്മം. 46
വിദ്വാനായ് വിനീതനാം വിപ്രനിൽ, പശുവിങ്കൽ,
പട്ടിയിൽത്താനും ബ്രഹ്മം പണ്ഡിതൻ കാണ്മൂ സമം.
ഏതിലും ബ്രഹ്മം തുല്യം കാണുവോൻ വെൽവൂ ഭവം
ദേഹമാർന്നിരിക്കെത്താ, നെങ്ങനെ യതെന്നല്ലീ? 50
ഏതിലും ബ്രഹ്മം തുല്യം നിർദ്ദോഷം; സമദൃക്കോ
വാഴ്വതാ ബ്രഹ്മത്തിൽ താൻ; ബ്രഹ്മസ്ഥൻ മുക്തൻ ധ്രുവം. 52

ബ്രഹ്മജ്ഞൻ ബ്രഹ്മസ്ഥിതൻ സുസ്ഥിര നസമ്മൂഢൻ
നന്ദിക്കില്ലിഷ്ടാപ്തിയിൽ, മന്ദിക്കില്ല നിഷ്ടത്തിൽ. 54
ബാഹ്യമാം വിഷയങ്ങളേതിലും സക്തിയററാൽ,
പ്രാപ്യമാ ണാത്മാവിങ്ക ലുണ്ടാമാ മഹാസുഖം. 56
ആസ്ഥയോടവൻ ബ്രഹ്മധ്യാനാത്മാവായി പ്പിന്നെ
ശ്ശാശ്വതം ബ്രഹ്മാനന്ദം സമ്പ്രാപിച്ചീടും നൂനം. 58
അന്തലിൻ വിത്തേ വിഷയോത്ഥമാം സൗഖ്യം,
തോന്നി-
യററുപോ മതിൽ ചേക്കില്ലാശ തെല്ലഭിജ്ഞന്മാർ.
ദേഹത്തോടിരിക്കെത്താ നിങ്ങുതാൻ കാമക്രോധ-
വേഗത്തെ വെല്വാനാവോൻ യോഗസ്ഥൻ സുഖ
സ്ഥിതൻ. 62

യാതൊരാ ളാത്മാവിങ്കൽ സുഖിപ്പോ നാത്മാവിൽ
താൻ
ക്രീഡിപ്പോനപ്പോലാത്മ ജ്യോതിസ്സായിരിക്കുവോൻ
ഭാരതാ! ബ്രഹ്മനിഷ്ഠൻ യോഗീന്ദ്രനവൻ ബ്രഹ്മ-
രൂപനായ് ലയിച്ചീട്ടു മാമഹാൻ ബ്രഹ്മത്തിലേ. 66
നിഷ്പാപ നൃഷി ഭൂതസൗഖ്യോൽക്കൻ നിസ്സംശയൻ
വശ്യാത്മാ വസംശയം ബ്രഹ്മനിർവ്വാണം ചേരും. 68
നിർജ്ജിത ചിത്തൻ യതി യാത്മജ്ഞൻ കാമ ക്രോധ
വർജ്ജിതൻ ബ്രഹ്മാനന്ദ സ്ഥിതനാ ണെപ്പോഴുമേ.
പുറമേ നില്ക്കു മിന്ദ്രിയാർത്ഥങ്ങൾ പുറം തള്ളി-
പ്പുരികക്കൊടികൾത ന്നിടയ്ക്കായ് മിഴി ചേർത്തും, 72
ഒരുപോൽതന്നെ മൂക്കിൽ പ്രാണന മപാനനും
പെരുമാറിച്ചു, കാമം ക്രോധവും ഭീയും വിനാ, 74

പരമിന്ദ്രിയ മനോ ബുദ്ധികൾ വെന്നോൻ മോക്ഷ-
നിരതൻ മുനി സർവ്വകാലവും സമ്മുക്തൻതാൻ. 76
അർജ്ജുനാ! സർവ്വഭൂത സുഹൃത്തും ഞാനേ, തപോ-
യജ്ഞങ്ങളുടെശേഷവും ഭുജിക്കുന്നതും ഞാനേ. 78
നിത്യൻ ഞാൻ മഹേശ്വരൻ ലോകങ്ങൾക്കെല്ലാ
മെന്നെ-
യിത്തരം ബോധിക്കുവോൻ മുക്തി സമ്പ്രാപിച്ചീടും.

---

അദ്ധ്യായം 6

# ധ്യാനയോഗം

നിഷ്കാമ കർമ്മാനുഷ്ഠാനത്താൽ ചിത്തശുദ്ധി നേടിയാലും, ധ്യാനഹീനന്റെ സന്ന്യാസം മുക്തിക്കു ഹേതുവല്ലാ. ധ്യാനയോഗം കൂടിയേതീരൂ. (അദ്ധ്യാ. 5, വരി. 71-76) ആ വരികളുടെ വിവരണമാണ് ഈ അദ്ധ്യായം. കർമ്മയോഗം ധ്യാനയോഗത്തിനു സഹായിയാണ്. നിർമ്മലചിത്തനായി ധ്യാനിക്കണം. ധ്യാനത്തിനു ശക്തനാകുവോളം വിധിപോലെ കർമ്മങ്ങൾ ചെയ്യണമെന്ന് ഈ അദ്ധ്യായത്തിൽ ഉപദേശിക്കുന്നു.

ഭഗ:- ചെയ്യേണ്ടതെല്ലാം ഫലാപേക്ഷയെന്നിയേ,
ചെയ്യുവോൻ സന്ന്യാസി യോഗിയുമാണവൻ. 2
വഹ്നിയോ കർമ്മമോ സന്ത്യജിച്ചെന്നോർത്തു
സന്ന്യാസിയല്ലവൻ യോഗിയുമല്ലവൻ. 4
സന്ന്യാസമെന്നതേ യോഗം, സ്വകർമ്മങ്ങൾ
സന്ന്യസിക്കാത്തവൻ യോഗിയുമല്ലതാൻ. 6

ജ്ഞാനയോഗാഗ്രഹനാകും മുനിക്കതിൻ
സാധനമായ് കർമ്മയോഗത്തെ യോതുന്നു. 8
ജ്ഞാനയോഗാരൂഢനായാ ലവന്നു താൻ
സാധനമാം ശമം മുക്തിക്കു ഫൽഗുനാ! 10
ഇന്ദ്രിയ പ്രീണന വസ്തുക്കൾ, കർമ്മങ്ങ
ളെന്നിവതന്നിലെ സ്സക്തി കൈവിട്ടുതാൻ, 12
സന്ന്യസിച്ചീടുന്ന സർവ്വ സങ്കല്പവു-
മെന്നവനന്നു യോഗാരൂഢ നർജ്ജുനാ! 14
ആത്മാവു താഴ്ത്തരുതുദ്ധരിപ്പൂ സ്വയ-
മാത്മാവി നാത്മാവുതാൻ ബന്ധു ശത്രുവും. 16
സ്വാധീന മാത്മാവു ബന്ധു വാത്മാവിന-
സ്വാധീന മാത്മാവുതാ നാത്മ ശത്രുവും. 18
ആത്മസംജേതാവു ശാന്താത്മകൻ പര-
മാത്മസാന്നിധ്യാൽ പ്രസന്നനാണെപ്പോഴും. 20
ശീതോഷ്ണ മാനാപ മാനങ്ങ ളാധിയും
പ്രീതിയും വന്നാലു മാകുലനല്ലവൻ. 22
ജ്ഞാന വിജ്ഞാന സംതൃപ്തൻ, വികാരമേ,
താനറിയാത്തവൻ, 'വശ്യസർവ്വേന്ദ്രിയൻ, 24
മാനസേ മണ്ണോട്ടു പൊന്നും സമാനമായ്-
കാണുവോൻ, യോഗി യോഗാരൂഢനർജ്ജുനാ! 26
ശത്രുവും മിത്രവും മദ്ധ്യസ്ഥനപ്പോൾ സു-
ഹൃത്തുദാസീനനും ദ്വേഷ്യനും ബന്ധുവും 28
സത്തനും ദുഷ്ടനു മേതൊരു യോഗിക്ക്
ചിത്തത്തി ലൊപ്പ മായോഗി യോഗീശ്വരൻ. 30
ചിത്തവു മാത്മാവു മാശയും വെന്നേതു
വസ്തുവും സ്വീയമായ് വയ്ക്കാത്ത യോഗവാൻ, 32

രിക്തപ്രദേശത്തി ലേകാകിയായ് വാണു
ചിത്തം സമാധിയി ലെപ്പൊഴും ചേർക്കണം.
ശുദ്ധഭൂവാൻ മേന്മേൽ കുശ തോലഥ,
വസ്ത്രവു മിട്ടു തീർത്തീടേണ മാസനം.
പൊക്കവും താഴ്ചയു മൊട്ടേറെ യില്ലാത-
തല്പവും ചഞ്ചല മല്ലാതിരിക്കണം.
ശുദ്ധമാ മപ്പീഠമാൻ ചിത്തേന്ദ്രിയ-
വൃത്തി വെന്നേകാഗ്ര മാക്കണം മാനസം.
ഇത്തര മങ്ങിരു ന്നാത്മ ശുദ്ധ്യർത്ഥമേ
സുസ്ഥിരമാം യോഗ മഭ്യസിച്ചീടണം.
നിശ്ചലമായ് ത്തല കണ്ഠവും ദേഹവു-
മൊപ്പം നിവർത്തിരിക്കേണമാ യോഗവാൻ.
ദൃഷ്ടി നാസാഗ്രത്തി ലാക്കിവച്ചോടാതെ
നിർത്തി, നിർഭീകനായ്, ബ്രഹ്മചര്യാന്വിതം,
സുപ്രശാന്താത്മകനായ്, മനം വെന്നു താൻ,
മൽപ്പരനായ്, ചിത്ത മെന്നിലേ ചേർക്കണം.
ഇത്ഥം വിനിർജ്ജിത മാനസനായ് സദാ
സുസ്ഥിരാത്മാവായിരിക്കു മായോഗവാൻ
ഉത്തമം മുക്തിസ്വരൂപം മമാധീന-
മത്യന്തമാം ശാന്തിയെത്തുന്നു ഭാരതാ!
യോഗ മത്യാഹാര നാഹാര ഹീനനു-
മാവത ല്ലത്യർത്ഥ നിദ്ര നനിദ്രനും.
കാര്യപ്രവൃത്ത്യാഹാര നിദ്രാദികൾ
പാകത്തി നെങ്കിലോ യോഗം വ്യഥാപഹം.
എന്നുതാൻ സ്വാധീന മാമ്മാറു ചിത്തത്തെ
വെന്നു ചേർത്തീട്ടു മാത്മാവിലേ നിശ്ചലം,

എന്നുതാൻ കാമങ്ങൾ കൈവിട്ടു നിശ്ശേഷ-
മന്നുതാൻ യോഗ മായോഗിക്കു സാധിതം.
കാററടിത്തട്ടാത്ത ദീപമൊത്താട്ട മ-
ററാത്മയോഗാഭ്യാസിതന്മതി നില്ക്കണം.
എപ്പൊഴുതെത്തുന്നു യോഗസന്നിഷ്ഠയാൽ
ശുദ്ധമാം ചിത്തം ശമാവസ്ഥയാം സുഖം,
എപ്പൊഴാത്മാവിനാൽ കാണു മാത്മാവിനെ,
യെപ്പൊഴുതാരമിച്ചീടു മാത്മാവിലേ,
എപ്പോഴറിയുന്നി തിന്ദ്രിയാതീതമായ്
ബുദ്ധിക്കുതാൻ ഗ്രാഹ്യ മത്യന്തമാസുഖം,
എപ്പൊഴാനിത്യമാം വസ്തുവിൽ നിന്നുള്ള-
മല്പവും ചഞ്ചലിച്ചീടാതിരിക്കുന്നു,
ഏതൊന്നു സിദ്ധിക്കെ യില്ലതിന്നപ്പുറം
യാതൊന്നുമെന്നൊരു സംതൃപ്തി ചേരുന്നു,
ഏതൊരു ഭാവത്തി ലെത്തവേ പാരിച്ച
ഖേദവും ചാഞ്ചല്യ മേകുന്നതില്ലതാൻ,
ആധിതൻ ബാധയെ വേരറുക്കുന്നതേ-
താനില തന്നെ യോഗാഖ്യം കുരുദ്വഹാ!
ആ യോഗ മഭ്യസിക്കേണ്ടതാ ണക്ഷീണ-
മാനസനായ് ദൃഢനിശ്ചയ പൂർവ്വകം.
കാമങ്ങ ളർജ്ജുനാ! സർവ്വവും സങ്കല്പ-
ജാതങ്ങളാ ണൊക്കെ വേരോടറുക്കണം.
മാനസം കൊണ്ടുതാ നിന്ദ്രിയ ഗ്രാമത്തെ
യാകവേ വീളേണ മെങ്ങെങ്ങു നിന്നുമേ.
താനടൻതാൻ ധൃതിനിർജ്ജിത ബുദ്ധിയാൽ
മാനസ മാത്മാവിലാക്കി നിർത്തീടണം.

സാവധാനം മനോ നിഗ്രഹം ചെയ്യണം,
യാതൊരു ചിന്തയു മില്ലാതിരിക്കണം.
എങ്ങെങ്ങു പോം ചല മസ്ഥിരം മാനസ-
മങ്ങങ്ങു നിന്നു വീണ്ടാത്മാവി ലാക്കണം.
രാജസമാം ഗുണം പോമതും പാപവും,
മാനസ മപ്പോഴ തെത്രയും ശാന്തമാം.
യോഗത്തിനാൽ ബ്രഹ്മഭൂതനു മാകുമാ
യോഗിയെ പ്രാപിക്കു മുത്തമമാം സുഖം.
ഇങ്ങനെ യെപ്പോഴു മാത്മാവധീനമായ്
കന്മഷം കാലററ യോഗിക്കു കേവലം,
ബ്രഹ്മാനു ഭൂതിയാ മത്യന്ത മാനന്ദ-
മന്യൂന മെത്തീടു മായാസ മെന്നിയേ.
ബ്രഹ്മമേതേതിലും കാണു, മേതേതിലും
തന്നെയും കാണു, മേതേതുമേ തന്നിലും.
എന്നെ യേതേതിലു മെന്നല്ല യേതേതു-
മെന്നിലും കാണുവാനാകുവോ നെങ്കിലോ,
നിർണ്ണയം ഞാൻ മായുകില്ലവൻ തന്നുടെ
കണ്ണിനപ്പോ ലവനെന്നുടെ കണ്ണിനും.
ഏതൊരുത്തൻ സർവ്വ ഭൂതസ്ഥനാമെന്നെ-
യേകത്വ ബുദ്ധിയാൽ ഭാവിപ്പതർജ്ജുനാ!
ആ യോഗി വർത്തിപ്പ തേതേതു മാർഗ്ഗത്തി-
ലായാലു മെന്നിലേ പാകാരി നന്ദനാ!
ആരുടേയും സുഖദുഃഖങ്ങൾ തന്റേതു
മാതിരി കാണുമാ യോഗി യോഗീശ്വരൻ.
അ:-- ഇത്തുല്യ ഭാവമാം യോഗം സുദീർഘമായ്
നില്പീല നെഞ്ചലം ചഞ്ചല മാകയാൽ.

ശക്തം ദൃഢം ചലം ക്ഷോഭദം മാനസം
നിഗ്രഹിപ്പാൻ പണി, കാററിനെ യെന്നപോൽ.

ഭഗ:- വീരാ! സുദുർജ്ജയം താൻ ചലം മാനസം;
ശീലനം വൈരാഗ്യവുംകൊണ്ടു വെല്ക്കയാം. 114
വന്നിടാ യോഗ മാത്മാധീന, നാത്മാവെ
വെന്നേവ മഭ്യസിച്ചീടുവോൻ യോഗിയാം. 116

അ:- ശ്രദ്ധയോ ടഭ്യാസ മാന്നഥ ശീലനം
വിട്ടവനാം യോഗ സംഭ്രഷ്ട മാനസൻ 118
വൃഷ്ണിവംശോദ്ഭവാ! യോഗ സംസിദ്ധി കൈ-
യെത്താതെ യെത്തുന്ന തേതവസ്ഥാന്തരം. 120
കർമ്മമാം മാർഗ്ഗമോ യോഗമാം മാർഗ്ഗമോ
തൻവശത്താകാ തൊരാലംബമ റവൻ, 122
ബ്രഹ്മമാർഗ്ഗാന്ധനായ്ത്താൻ നശിപ്പീലയോ?
ഛിന്നിയ ജീമൂത മെന്നപോൽ കേശവാ! 124
ആകെ യീ സംശയം തീർക്കണം മാമകം
മാധവാ മററിതിന്നാരു മാളല്ലതാൻ. 126

ഭഗ:- ഇല്ലതാൻ നാശ മിങ്ങില്ലവ നങ്ങുമി-
ല്ലില്ലതാൻ ദുർഗ്ഗതി നല്ലതു ചെയ്യുകിൽ. 128
പുണ്യവാന്മാരുടെ ലോകങ്ങളിലവൻ
ചെന്നു ചേർന്നേറെനാൾ വാണിട്ടനന്തരം, 130
വന്നിങ്ങു ശാസ്ത്ര സന്നിഷ്ഠരായ് ശ്രീയെഴും
ധന്യർതൻ മന്ദിരം തന്നിലേ ജാതനാം. 132
യോഗിയാം ജ്ഞാനവാൻതൻ കുലംതന്നിലോ
ജാതനാ മിങ്ങതു ദുർലഭ മെത്രയും. 134
അങ്ങവൻതൻ ബുദ്ധിയോഗമാം വാസന
വന്നു സംസിദ്ധിക്ക യത്നിപ്പൂ പിന്നെയും. 136

അല്പമാം നന്ന്യ കാര്യാധീന നെന്നാലു-
മല്പമാവ്പ വാസനാശക്തിതാൻ മേലിടും. 138
യോഗ ജിജ്ഞാസുവു മീവിധം നില്പതു
വേദോക്ത കർമ്മോത്ഥ സിദ്ധികൾ ക്കപ്പുറം. 140
യോഗപ്രയത്നൻ ഗതാഘനനാം, ജന്മങ്ങ-
ളേറെ ശ്രമിച്ചു സംസിദ്ധനായ് മുക്തനാം. 142
താപസൻ, ശാസ്ത്രവാൻ, കർമ്മി യീമൂവരിൽ
യോഗി യത്യുത്തമൻ യോഗിയായീട്ട നീ. 144
ഏകാഗ്രമാം ശ്രദ്ധ യാർന്നെന്നെ യെപ്പൊഴും
ധ്യാനിക്കു മായോഗി യോഗീന്ദ്രനജ്ഞനാ! 146

---

അദ്ധ്യായം 7

# വിജ്ഞാനയോഗം

കർമ്മവും കർമ്മ സന്ന്യാസവും ചിത്തശുദ്ധിക്കും ജ്ഞാനയോഗസിദ്ധിക്കും കാരണമാണെന്നു പറഞ്ഞു. യോഗത്തെ സലക്ഷണം നിരൂപണം ചെയ്തു, യോഗഭ്രഷ്ടനും അധോഗതിയില്ലെന്നു കാണിച്ചു. യോഗി സദാ ബ്രഹ്മനിഷ്ഠനായിരിക്കണമെന്നു ഉപദേശിച്ചു. ബ്രഹ്മം ഭഗവാൻ ശ്രീ കൃഷ്ണൻതന്നെയാണെന്നും, ഭഗവാൻ ഇന്നയിന്നപ്രകാരത്തിലുള്ളവനാണെന്നും, ഭഗവാനിൽ എങ്ങനെയാണു ആത്മാവിനെ ഉറപ്പിക്കേണ്ടതെന്നുമാണു ഈ അദ്ധ്യായത്തിൽ പറയുന്നതു.

ഭഗ:– എന്നിലേ മനസ്സർപ്പി ച്ചെന്നെയേ സമാശ്രയി-
ച്ചനഘം ദൃഢം യോഗ മഭ്യസിച്ചീടുന്നവൻ 2

എങ്ങനെ സന്ദേഹമ റററിവു സമ്പൂർണ്ണനാ-
മെന്നെ യെന്നതും ചൊൽവേൻ കേട്ടാലും ധനഞ്ജ
യാ! 4

കേട്ടാലും സവിജ്ഞാന മീജ്ഞാനം സമസ്തവും
കേൾക്കിലോ, കൈവല്യാർത്ഥം കേൾക്കുവാൻ
മററില്ലൊന്നും. 6
ലക്ഷത്തിലേകൻ ചെയ്‌വൂ സിദ്ധിക്കു യത്നം,
സിദ്ധ-
ലക്ഷത്തിലേകൻ കാണ്മൂ പാർത്ഥാ! മാം യഥാർത്ഥ
ത്തിൽ. 8
വാനൂഴി വെള്ളം കാററു തീ മനം ധീയോ ടഹ-
മ്മാന മെന്നെട്ടു മട്ടെൻ പ്രകൃതിയിതു ഭിന്നം. 10
അപര യിതൊ ന്നന്യമുണ്ടല്ലോ പരയാം മൽ-
പ്രകൃതി ജീവനായ്‌നി ന്നുലകം ധരിക്കുന്നു. 12
ഭൂതങ്ങളെല്ലാ മിവ രണ്ടിൽ നിന്നുണ്ടാ മേവം,
ലോകങ്ങളെല്ലാറ്റിനും ഹേതു ഞാൻ, ലയവും ഞാൻ.
എന്നിലും മേലായി മറെറാന്നുമില്ലി വയെല്ലാ-
മെന്നിലേ കോർത്തിരിപ്പൂ രത്നങ്ങൾനൂലിൽപോലെ.
രസം ഞാൻ നീരിൽ, ശബ്ദം വാനി, ലോം മറക
ളിൽ,
പ്രഭ ചന്ദ്രാർക്കന്മാരിൽ, പൗരുഷം നരന്മാരിൽ, 18
മഹസ്സു തീയിൽ, പുണ്യഗന്ധം ഞാൻ ഭൂവിൽ, ഭൂത-
ഗണത്തിൽ ജീവനും ഞാൻ, തപസ്സും തപസ്വി
യിൽ, 20
ബുദ്ധി ഞാൻ ബുദ്ധിമാനിൽ, തേജസ്സു തേജസ്വി
യിൽ,
നിത്യമാം ബീജം ഞാനേ സർവ്വ ഭൂതൗഘത്തിനും. 22

നിഷ്കാമരാഗം ബലം ഞാൻ ബലികളിൽ, ധർമ്മ-
നിഷ്കാസം ചെയ്യാത്തൊരു കാമം ഞാൻ ജന്തുക്ക
ളിൽ. 24
എന്നിലേ ജാതം സാത്ത്വികാദികം വസ്തുജാതം,
എന്നിലാണവ സർവ്വം, ഞാനവററിങ്കലല്ല. 26
ത്രിഗുണാത്മകങ്ങളായുള്ളോരീ ഭാവങ്ങളാൽ
ഭുവനം സമസ്തവും ഭാരതാ! സമ്മോഹിതം. 28
അതിനാൽ കാണുന്നീലതാൻ ഗുണത്രയത്തിനും
പരനായ്, നിർവികാരനായ്, നില്പുമെന്നെപ്പാ
ർത്ഥാ! 30
ഇദ്ദിവ്യം ഗുണാത്മക മെന്മായ താണ്ടാനാക്
കെല്ലെന്നെ യേകാശ്രയം കൊണ്ടവൻ താണ്ടുന്നു
താൻ. 32
പാപന്മാർ മായാഹൃതജ്ഞാനന്മാർ മൂഢാസുര-
ഭാവന്മാർ നരാധമന്മാരെന്നെ ബ്ഭജിപ്പീല. 34
ജ്ഞാനി യർത്ഥാർത്ഥി യാർത്തൻ ജിജ്ഞാസു വേവം
നാലു-
മാതിരി സുകൃതികൾ ഭജിച്ചീടുന്നിതെന്നെ. 36
അവരിൽ ജ്ഞാനി ഭക്ത നെന്നിലേ നിത്യനിഷ്ഠൻ
പ്രവരൻ, പ്രിയനെനി ക്കവനും ഞാനും പ്രിയൻ. 38
മാഹാത്മ്യ മിവർക്കെല്ലാ മേറെയു ണ്ടെന്നാകിലും,
ഞാനാത്മാവെന്നായ് ജ്ഞാനയുക്തനെ കരുതു
ന്നോൻ. 40
ഞാനത്രേ മഹാശ്രയ മെന്നെന്നെത്തന്നെ നിത്യം
ധ്യാനിച്ചു മനസ്സർപ്പിച്ചുള്ളീ കേളവൻ വാഴ്വു. 42

ജ്ഞാനമുണ്ടാവാൻ ബഹു ജന്മങ്ങൾ വേണം, വാസു-
ദേവനേ സർവ്വമെന്നു പിന്നെയേ കാണായ്‌വരൂ. 44
കേവല മെന്നെത്തന്നെ യക്കാലം ഗതിപൂക-
മാവിധം ഭാഗ്യമേറും മഹാന്മാർ ദുർലഭന്മാർ. 46
സ്വഭാവാ ലോരോ കാമം കൈയേറി ക്കണ്ണും മറ-
ഞ്ഞതാത്തുരീതി ക്കന്യദേവാർച്ച ചെയ്‌വൂ ലോകം.
ശ്രദ്ധയോ ടാരേതൊരു മൂർത്തിയെ സ്സേവിപ്പതാ
ശ്രദ്ധയെത്തന്നെ ഗാഢം ചേർപ്പൂ ഞാനവന്നതിൽ.
ആവിധം ശ്രദ്ധിച്ചർച്ചി ച്ചാമൂർത്തിതന്നിൽ നിന്നും
നേടുന്നിതവൻ ഞാനേ നിർമ്മിച്ചോ രഭീപ്സിതം.
ചോക്ഷമാ നേട്ടം, മന്ദന്മാരവർ; ചേരും ദേവ-
പൂജകർ ദേവന്മാരി,ലെൻഭക്ത രെന്നിൽ ചേരും.
അജ്ഞരെൻ പരം ഭാവ മവ്യയം കാണ്മീലേകം;
വ്യക്തിസംപ്രാപ്തനെന്നവ്യക്തനാമെന്നെക്കാണ്മൂ.
പ്രത്യക്ഷനല്ലെല്ലാർക്കും ഞാൻ യോഗമായാവൃതൻ;
അജ്ഞർക്കില്ലജൻ ഞാനെ ന്നവ്യയനെന്നും ബോധം.
പോയതാം ഭൂതൗഘവു മിപ്പോഴുള്ളതും വരാൻ
പോവതും കാണുന്നു ഞാനെന്നെയോ കാണ്മീലാരും.
ഭൂതൗഘം ജന്മത്തിലേ മോഹിതം രാഗദ്വേഷ-
ജാതങ്ങളാകാം സുഖദുഃഖാദി ദ്വന്ദ്വങ്ങളാൽ. 62
പുണ്യകർമ്മാചാരത്താൽ പാപം പോയ് ദ്വന്ദ്വ
മോഹം
സന്നമാം ധന്യരെന്നെ ബ്ഭജിപ്പൂ ദൃഢവ്രതം. 64
എന്നെ മുക്ത്യർത്ഥം ഗതിയാർന്നലം യതിപ്പോനാ-
ബ്രഹ്മമധ്യാത്മവും കർമ്മവും കാണ്മൂ സർവം. 66

ഞാനധിഭൂതോപേതൻ, ഞാനധിദൈവോപേതൻ,
ഞാനധിയജ്ഞോപേത, നെന്നെയെന്നറിയുന്നോൻ
മാനസ മെന്നിൽ തന്നെ സക്തമാ യറിയുന്നി-
ത്തനമ റെറന്നെ മൃത്യുകാലത്തു പോലും പാൎത്ഥാ! 70

---

അദ്ധ്യായം 8

# താരകബ്രഹ്മയോഗം

ഏഴാം അദ്ധ്യായത്തിൽ ഒടുവിലത്തെ ആറുവരി കൊണ്ടു പറഞ്ഞ കാര്യങ്ങൾ അൎജ്ജുനന്നു വിശദമാകുന്നില്ല. അക്കാര്യങ്ങൾ ഈ അദ്ധ്യായത്തിൽ വിവരിക്കുന്നു.

അ:– ചൊന്നൊരാ ബ്രഹ്മമെ ന്തദ്ധ്യാത്മ മെന്തെന്തു
കൎമ്മ മധിഭൂത മെന്തധി ദൈവവും. 2
ആരധി യജ്ഞനീ ദേഹത്തി ലെങ്ങനെ
വാഴുന്നി തിങ്ങധിയജ്ഞൻ ജനാർദ്ദനാ! 4
സ്വാധീന മാനസ ക്കെമ്മട്ടു താൻ ഭവാൻ
ജ്ഞാതനാ മന്ത്യമാം വേളയിലച്യുതാ! 6

ഭഗ:– നിത്യാത്മകം പരം വസ്തുതാൻ ബ്രഹ്മാഖ്യ-
മദ്ധ്യാത്മമോ ബ്രഹ്മ ഭാവമാം ജീവനേ. 8
ഭൂതൌഘ ജന്മദം യജ്ഞമേ കൎമ്മവും,
കേവലൻ പൂരുഷൻതാ നധി ദൈവതം. 10
നശ്വര മിക്കാണ്മതെല്ലാ മധിഭൂത,
മത്ര ഞാൻതാ നധിയജ്ഞ നീ മെയ്കളിൽ. 12

ഛാമളവെന്നെയേ ചിന്തിച്ചു മെയ്‌വിട്ടു
പോകുവോൻ പൂകുമെൻ ഭാവമേ ഫൽഗുനാ! 14
ഭാവമേ തോർത്തോർത്തു മെയ്‌വിട്ട മന്ത്യത്തി-
ലായതോ ർത്തവൻ ചേരുമാ ഭാവമേ. 16
ആകയാ ലെന്നെ നീ തെല്ലിട തെററാതെ
ഭാവനം ചെയ്ക, നിൻകൃത്യവും ചെയ്കതാൻ. 18
മാനസം ബുദ്ധിയു മെന്നിൽ സമർപ്പിക്ക
ഭാരതാ! നിശ്ചയം നീ ചേരു മെന്നിലേ. 20
ചേതസ്സി ലന്യമാം ചിന്തയ ററഭ്യാസ-
യോഗത്തൊടും ദൃഢ നിശ്ചയനായ് സദാ, 22
ആരപ്പരമ പുരുഷനാം നിത്യനെ
ധ്യാനിക്ക മായവൻ ചേരുമാ ദിവ്യനിൽ. 24
ധാതാ വണുവി ലണീയാൻ തമോതിഗൻ
നേതാ വചിന്ത്യൻ പുരാണനൻ രവിപ്രഭൻ 23
ജ്ഞാന സമ്പൂർണ്ണന മാകും പുരുഷനെ-
ത്താനന്ത്യ വേളയി ലാരയേ ഭാരതാ! 28
യോഗജ ശക്തിയും ഭക്തിയും കൈക്കൊണ്ടു,
മാനസ മേകാഗ്രമാക്കി നിശ്ചഞ്ചലം, 30
പ്രാണനെ ഭ്രൂമധ്യഭാഗത്തു ചേർത്തനു-
ധ്യാനിക്ക മായവൻ ചേരുമാ ദിവ്യനിൽ. 32
ഏതിനെ നിത്യമെ ന്നോതുന്നു വേദജ്ഞ-
രേതിനെ പ്പൂകുന്നു നിഷ്കാമ യോഗികൾ, 34
ഏതറിഞ്ഞീടുവാൻ ബ്രഹ്മചര്യം കൊൾവ-
തോതുവേ നത്രതേ സങ്ഗ്രഹി ച്ചപ്പദം. 36
ദ്വാരങ്ങൾ രോധിച്ചു മാനസം ഹൃത്തിലും
പ്രാണൻ സ്വമൂർദ്ധാവിലും നിലനിർത്തിയും, 38

യോഗസ്ഥനായ് ദൃഢം ബ്രഹ്മ മേകാക്ഷര-
മോമുച്ചരിച്ചെന്നെ യേകാഗ്ര മോൎത്തുതാൻ, 40
ദേഹവും കൈവിട്ടു പോമവൻ തെല്ലു സ-
ന്ദേഹമില്ലുത്തമമാം ഗതി ചേൎന്നിടും. 42
നിത്യം സദാപി മാം മറെറന്നിയെന്നും സു-
നിശ്ചല യോഗിക്കു സുപ്രാപനൊക്ക ഞാൻ. 44
ഉന്നത സിദ്ധി കൈവന്ന മഹാത്മാക്ക-
ളെന്നിൽ കുരുദ്വഹാ ! വന്നുചേൎന്നീടുന്നു. 46
പിന്നെയോ, ഖിന്നതയ്ക്കാധാര മായോരു
ജന്മ മശാശ്വത മെന്നുമേ വന്നിടാ. 48
ബ്രഹ്മാദി ലോകങ്ങൾ പോം വീണ്ടുമുണ്ടാകു-
മെന്നെ യാൻനാൽ പുനൎജ്ജന്മമേ വന്നിടാ. 50
ആയിര മാകും ചതുൎയ്യുഗം കൂടുന്ന
കാല മൊരു പക ലബ്ജജ നെന്നതും, 52
രാവു മപ്പോലത്ര കാല മെന്നുള്ളതും
കാണുന്ന കാലസം ഖ്യാഭിജ്ഞ രൎജ്ജുനാ! 54
ഭൂതങ്ങ ളൊക്കെ യവ്യക്തത്തിൽ നിന്നിങ്ങു
ജാതമാം ധാതാവുതൻ പകലവേളയിൽ; 56
ആകെ പ്രലീന മായീടുന്നി തവ്യക്ത-
മാമതിൽതാ നതുപോലെതാ നന്തിയിൽ. 58
ജാതമായ് പിന്നെയും ജാതമായി ബ്ഭൂത-
ജാത മാലീനമാ മന്തിയാം വേളയിൽ. 60
ഈയിവതാൻ കൎമ്മ ശക്തിയാൽ സ്വാതന്ത്ര്യ-
ഹീനമായ് പിന്നെയു മുണ്ടാ മുഷസ്സോടേ. 62
ഇന്നിയു മിച്ചൊന്നതാകു മവ്യക്തത്തിൽ
നിന്നന്യ മുണ്ടൊരു വസ്തു സനാതനം ; 64

ഇന്ദ്രിയ ജാതിക്കഗോചര മപ്പരം
ബ്രഹ്മം നശിക്കില്ലിതെല്ലാം നശിക്കിലും. 66
അക്ഷര മിന്ദ്രിയാതീത മെന്നും ചൊല്വ-
തപ്പരമാം ഗതിയെന്നു വേദോക്തമേ. 68
എത്തിയാ ലപ്പദം കൈവിട്ടു വീണ്ടുമി-
ങ്ങെത്തേണ്ടതാൻ കേൾക്കതെൻ പരം ധാമമേ. 70
ആരിലി ബ്ഭൂതങ്ങ ളാകവേ വാഴുന്നി-
താരിതി ലൊക്കയും വ്യാപിച്ചു നില്ക്കുവോൻ, 72
പൂരുവംശോത്തമാ! കേട്ടാലു മപ്പരൻ-
പൂരുഷൻ സമ്പ്രാപ്യ നേകാന്ത ഭക്തിയാൽ. 74
എന്നു മെയ് വിട്ടു പോം ദേഹിക്കു ജന്മമു-
ണ്ടെന്നു വിട്ടീടുവോ നില്ലതും ചൊല്ലുവേൻ. 76
അഗ്നിയും ജ്യോതിസ്സു വാസരവും ശുക്ല-
പക്ഷവു മപ്പോലെതാ നുത്തരായണം, 78
അധ്വാവിതാന്നങ്ങു പോയീടുവോൻ ബ്രഹ്മ-
മെത്തുന്നു നിശ്ചയം ബ്രഹ്മജ്ഞനാണവൻ. 80
ധൂമവും രാത്രിയും കൃഷ്ണപക്ഷം ദക്ഷി-
ണായന മീവഴി പോകുന്ന യോഗിയോ, 82
സോമ സമ്മോഹന ജ്യോതിസ്സു പൂകീട്ടു
സോമവംശോത്തമാ! വീണ്ടിങ്ങു പോരുമേ. 84
ഇശ്ശുക്ല കൃഷ്ണങ്ങൾ മാർഗ്ഗങ്ങൾ നിത്യങ്ങൾ
വിശ്വത്തിലെന്നതോ സജ്ജന സമ്മതം. 86
ഒന്നു ജന്മാവൃത്തി ചേർക്കാത്ത മാർഗ്ഗമാ-
ണന്യ മപ്പോൾ പുനർജന്മ പ്രദായകം. 88
ഈ വഴി രണ്ടറിഞ്ഞീടുന്ന യോഗി സ-
മ്മോഹിയാതാൻ; സദാ യോഗിയായീടു നീ. 90

വേദങ്ങൾ യജ്ഞങ്ങളുപ്പോലെതാൻ തപോ-
ദാനങ്ങളെന്നിവതൻ ഫലപങ്ക്തിയെ 92
ഉളുകവേ താണ്ടുന്നിതിത്തത്ത്വമുററോരു
യോഗി ലോകാസ്പദം ചേരുന്നു ചിൽപ്പദം. 94

---

## അധ്യായം 9

# രാജഗുഹ്യയോഗം

സുഷുമ്നാനാഡിയിൽ കൂടിയുള്ള ധാരണായോഗം (ധാരണ എന്ന അംഗത്തോടുകൂടിയ യോഗം) അതിൻെറ ലക്ഷണത്തോടുകൂടി ഉപദേശിച്ചുകഴിഞ്ഞു. ആ ലക്ഷണമാണ് എട്ടാം അധ്യായത്തിൽ (വരി 37–42) പറയുന്ന "ദ്വാരങ്ങൾ രോധിച്ചു...&c" എന്ന ഭാഗം. അപ്രകാരമുള്ള യോഗത്തിൻെറ ഫലമാണ് അഗ്നി മുതലായ മാർഗ്ഗങ്ങളിൽ കൂടിയുള്ള ഗതിയും പുനർജന്മം ഇല്ലായ്മയും എന്നും പറഞ്ഞിരിക്കുന്നു. എന്നാൽ, മോക്ഷപ്രാപ്തിക്ക് ഇതുമാത്രമല്ല വേറെയും മാർഗ്ഗം ഉണ്ടെന്ന് അവിടെ കാണിച്ചിട്ടില്ല. അതിനാൽ ആ അന്യമായ മാർഗ്ഗത്തെപ്പററി ഈ അധ്യായത്തിൽ പറയുന്നു.

ഭഗവാൻ

വിജ്ഞാനയുക്തം നിനക്കോതുവേൻ പരം ഗുഹ്യ-
മിജ്ഞാനമനസൂയാ! സംസാരനിർമ്മോചനം. 2
ഉത്തമം രാജവിദ്യ പവിത്രം രാജഗുഹ്യം
പ്രത്യക്ഷബോധ്യം ധർമ്മ്യമക്ഷയം സുഖസാധ്യം. 4

ഇദ്ധർമ്മം ശ്രവിക്കാത്തോ രെത്തുന്നീ ലെന്നിൽ പാർത്ഥ:
മൃത്യുസംസാരാധ്വാവിൽ പിടഞ്ഞീടുന്നു വീണ്ടും. 6
ലോക സംവ്യാപ്ത നവ്യക്താംഗൻ ഞാനെന്നിൽ സ്ഥിതം
ഭൂതങ്ങൾ, ഞാനവറ്റിൽ സ്ഥിതന ല്ലറിഞ്ഞാലും. 8
ഭൂതങ്ങ ളെന്നിൽ സ്ഥിതി ചെയ്യുന്നുമി ല്ലദ്ഭുതം
കാണുക ജിഷ്ണോ! യോഗം മാമകം മാഹൈശ്വരം. 10
ഭൂത സഞ്ചയ സൃഷ്ടി ചെയ്യുന്ന മമാത്മാവു;
ഭൂത ഭൃത്തെന്നാലും ഞാൻ ഭൂത സംസ്ഥിതനല്ലാ. 12
സർവ്വത്ര സംവ്യാപ്തമാം മഹത്താം വായു വാനിൽ
സർവ്വദാ സ്ഥിത മപ്പോൽ ഭൂതൗഘ മെന്നിൽ സ്ഥിതം. 14
ലയിപ്പൂ കല്പാന്തത്തിൽ ഭൂതങ്ങ ളെന്മായയിൽ,
ചമയ്പ്പൂ പിന്നെയും ഞാൻ മുന്നേപ്പോൽ കല്പാദിയിൽ.
പ്രകൃതി ക്കടിഞ്ഞോരീ ഭൂതസംഘാതത്തെ സ്വ-
പ്രകൃതി ക്കൊത്തതായ് ഞാൻ സൃഷ്ടിപ്പൂ വീണ്ടുംവീണ്ടും.
അക്കർമ്മങ്ങളി ലുദാസീനൻ പോലസക്തനായ്
വർത്തിക്കുമെന്നെ ബ്ബന്ധിപ്പീലതാന കർമ്മങ്ങൾ. 20
എന്നുടെ യാധ്യക്ഷ്യത്താൽ വിശ്വത്തെ സൃഷ്ടിക്കുന്നി-
തെന്മായ, യേവം വിശ്വം ജനിപ്പൂ വീണ്ടും വീണ്ടും. 22
മൂഢരെൻ പരം ഭാവം കാണാതെ നിന്ദിപ്പൂ മാം
മാനുഷ നെന്നു; ഞാനോ ഭൂതൗഘ മഹേശ്വരൻ. 24
മോഘമേ ജ്ഞാനം കർമ്മ മാശയു മാമൂഢർക്കു;
മോഹകം രാക്ഷസീയ മാസുരം തത്സ്വഭാവം. 26
അനാദി ഞാൻ വിശ്വാദിയെന്നറി ഞ്ഞെന്നൊട്ടെ ധീ-
സ്വഭാവ രേകാഗ്രമായ് ഭജിപ്പൂ മഹാത്മാക്കൾ. 28
സതതം സ്തവം യത്നം സുദൃഢവ്രതം ഭക്ത്യാ-
നതിയും നിയമവും കൊണ്ടെന്നെ യുപാസിപ്പൂ. 30

ലോകാത്മാ വാകുമെന്നെ ജ്ഞാനയജ്ഞത്താൽ ചില
രേകത്വാൽ ഭേദത്താലും ഭജിപ്പൂ പലവിധം. 32
ക്രതു ഞാൻ യജ്ഞവും ഞാൻ സ്വധ ഞാനൗഷധം ഞാൻ
ഹുതവും മന്ത്ര മാജ്യ മഗ്നിയും ഞാനേ പാർത്ഥാ! 34
ഞാൻ പിതാ വുലകിന്നു മാതാവും ധാതാവും ഞാൻ
ഞാൻപിതാമഹൻ തഥാ വേദ്യൻ ഞാൻ പവിത്രം ഞാൻ.
പ്രണവം ഞാനൃഗേവം സാമം ഞാൻ യജുസ്സും ഞാൻ
പ്രഭവം സ്ഥാനം ലയം ശരണം സുഹൃത്തും ഞാൻ. 38
പ്രഭുവും ഗതി സാക്ഷി ഭർത്താ വാവാസം കുരു-
പ്രവരാ! നിധാനവും നിത്യമാം ബീജവും ഞാൻ. 40
തപനൻ ഞാനേ വർഷം പൊഴിപ്പൂ തടുപ്പൂ ഞാ-
നമൃതം മൃത്യു സൂക്ഷ്മം സ്ഥൂലവും ഞാനേ പാർത്ഥാ! 42
അർച്ചിപ്പൂ വേദജ്ഞന്മാ രിങ്ങെന്നെ യജ്ഞങ്ങളാ-
ലർത്ഥിപ്പൂ സോമാസ്വാദാൽ ശുദ്ധരായ് സുരാലയം. 44
അപ്പുണ്യഫലം ശക്രലോക മാർന്നവരെല്ലാം
നിർജ്ജര ദിവ്യ ഭോഗ പ്രകരം ഭുജിക്കുന്നു. 46
പുണ്യമററിങ്ങു ബ്ഭോഗ കാമന്മാർ വീഴ്വൂ; വേദ-
ധർമ്മിക ളേവം പോയും വന്നു മിങ്ങുഴലുന്നു. 48
അനന്യം ചിന്തിച്ചെന്നെ പ്പൂപാസിക്കും നിത്യ-
യുക്തന്മാരുടെ യോഗക്ഷേമം ഞാൻ വഹിക്കുന്നു. 50
ശ്രദ്ധയോടന്യ ദേവ വർഗ്ഗത്തെ പ്പൂജിച്ചീടും
ഭക്തരും വിധി കൈവി ട്ടെന്നെയേ പൂജിക്കുന്നു. 52
യജ്ഞങ്ങൾക്കെല്ലാം ഞാനേ ഭോക്താവും പ്രഭുവുമെൻ-
തത്ത്വത്തിൻ ബോധമില്ലാത്തവരോ നിപതിപ്പൂ. 54
പ്രാപിപ്പൂ പാർത്ഥാ! ദേവവ്രതന്മാർ ദേവന്മാരെ,
പ്രാപിപ്പൂ തഥാ പിതൃവ്രതന്മാർ പിതൃക്കളെ, 56

പ്രാപിപ്പൂ ഭൂതങ്ങളെ ബ്ഭൂത സമ്പൂജകന്മാർ,
പ്രാപിപ്പൂ മൽപൂജകരെന്നെയും പരന്തപാ! 58
പത്രമോ പുഷ്പം ഫലം ജലമോ പൂതാത്മാക്കൾ
ഭക്തിയോടർപ്പിപ്പതബ്ഭക്തിയാൽ കൈക്കൊൾവൂ
ഞാൻ. 60

ചെയ്വതും ഭജിപ്പതും ഹോമിക്കുന്നതും ദാനം
ചെയ്വതും തപംതാനും ചെയ്കെന്നിലർപ്പിച്ചുതാൻ. 62
ഇങ്ങനെ ശുഭാശുഭ കർമ്മ സംബന്ധം വിട്ടു
സന്ന്യാസയോഗാത്മാവായെന്നെ നീ സമ്പ്രാപിക്കും. 64
എനിക്കില്ലിഷ്ടാനിഷ്ടരാരിലും സമൻ ഞാൻ, മാം
ഭജിക്കും ഭക്തരെന്നിൽ വാഴ്വൂ, ഞാനവരിലും. 66
എന്നെയേ ഭജിക്കും ദുർവൃത്തനെപ്പോലും സത്ത-
നെന്നുതാനെണ്ണാം, ശുഭനിശ്ചയധീയാണവൻ. 68
ആശു ധർമ്മാത്മാവായ് നിത്യാമൃതമവൻ ചേരും
നാശമില്ലെൻ ഭക്തർക്കെന്നറിക പാർത്ഥാ! ദൃഢം. 70
നീചജർ വൈശ്യർ സ്ത്രീകൾ ശൂദ്രരുമെന്നെ വേണ്ടും-
രീതിയിൽ സേവിച്ചെത്തുമുത്തമം ഗതി നൂനം. 72
പിന്നെയോ, പുണ്യ വിപ്രൻ, ഭക്തനാം രാജർഷിയും?
എന്നെയീ ഖിന്നാനിത്യ ലോകസ്ഥാ! ഭജിക്ക നീ. 74
എന്നിലേ മനസ്സുചേർത്തെന്നിലേ ഭക്തി കൈക്കൊ-
ണ്ടെന്നെയേ സമാരാധിച്ചെന്നെയേ നമിച്ചാലും. 76
ഇങ്ങനെയെന്നെ ഗ്ഗതിയാർന്നാത്മാവെന്നിൽ ചേർത്താ-
ലെന്നിലേ വന്നെത്തീടും പാർത്ഥാ! നീ നിസ്സംശയം. 78

# വിഭൂതിയോഗം

എട്ടാമത്തെയും ഒൻപതാമത്തെയും അദ്ധ്യായങ്ങളിൽ ഈശ്വരൻെറ തത്വങ്ങളും വിഭൂതി (നാനാസ്വരൂപങ്ങൾ) കളും പറഞ്ഞു. ഏതേതു ഭാവ (രൂപ)ങ്ങളിലാണു് ഈശ്വരനെ ചിന്തിക്കേണ്ടതെന്നു് ഇവിടെ പ്പറയേണ്ടതു് ആവശ്യം. അതിനാൽ മുമ്പു പറഞ്ഞ വിഭൂതി (നാനാസ്വരൂപങ്ങൾ) കളെ ഇവിടെ വിസ്തരിക്കുന്നു.

ഭഗവാൻ

സഹർഷനത്ര നീ; തവ ഹിതൈഷി ഞാൻ;
ശ്രുവിക്കുകെൻ മഹാ വചസ്സിനിയും നീ. 2
സുര രറിവീലാ മഹർഷിമാരു മെൻ
പ്രഭവ മാദി ഞാനവർക്കു സർവ്വഥാ. 4
അജൻ തഥാ ജഗന്മഹേശ്വരനെന്നു-
മനാദി യെന്നു മാരറിയുവ തെന്നെ, 6
മനുജരി ലവൻ മയക്കമെററവൻ
സകല പാപവു മവനെ വിട്ടുപോം. 8
ക്ഷമയും ബുദ്ധിയും വിവേകം ജ്ഞാനവും
ശമം ദമം വ്യഥ സുഖ മഹിംസയും, 10
ജനി മൃതി ഭയ മഭയം സത്യവും
സമത തുഷ്ടിയും തപസ്സും ദാനവും, 12
യശസ്സകീർത്തി യിപ്പലതാം ഭാവങ്ങൾ
ജനിപ്പ തെന്നിലേ ജഗത്തി നൊക്കയും. 14

മഹർഷിമാരേഴു പുരാതനർ നാലു
മനുക്കളും മമ മനോജരർജ്ജുനാ! 16
മമ പ്രഭാവരാമവരിൽ നിന്നല്ലോ
ജഗത്തിലീ പ്രജാ ഗണത്തിനുദ്ഭവം. 18
മദീയ യോഗമീ വിഭൂതിയും ശരി-
ക്കറിയുവോൻ ദൃഢം ദൃഢാത്മ യോഗിതാൻ. 20
അശേഷത്തിനും ഞാൻ നിദാന മെന്നിൽ നി-
ന്നശേഷ ഭൂതൗഘം പ്രവൎത്തിച്ചീടുന്നു. 22
മതിമാന്മാരിതിങ്ങറിഞ്ഞു ഭാവ സം-
യുതരായ് സർവ്വദാ ഭജിച്ചീടുന്നു മാം. 24
മനസ്സിനെ പ്രാണ ഗണത്തൊടെന്നിലേ
സമർപ്പിച്ചീടിന ബുധന്മാരൊക്കെയും, 26
പരസ്പര മെന്നെ ഗ്രഹിപ്പിപ്പൂ, വാഴ്ത്തി-
സ്തുതിപ്പൂ, തോഷിപ്പൂ, രമിപ്പൂ സന്തതം. 28
സതതം സക്തിയും പ്രിയവുമാണ്ടെന്നെ
ഭജനം ചെയ്തീടും ജനങ്ങൾക്കൊക്കെ ഞാൻ, 30
അരുളുന്നേനെന്നെ യണഞ്ഞുകൊള്ളുവാ-
നുതകീടും ഭക്തി സുയോഗ മർജ്ജുനാ! 32
അവർക്കനുഗ്രഹം നിനച്ചു തന്നെ ത-
ന്മനസ്സിലുൾപ്പുക്കു വസിച്ചുകൊണ്ടു ഞാൻ 34
ജ്വലിച്ചെഴും ജ്ഞാനമയ പ്രദീപത്താൽ
തമസ്സജ്ഞാനജം നശിപ്പിച്ചീടുന്നു. 36

അർജ്ജുനൻ

പരം ബ്രഹ്മം ഭവാൻ പരം ധാമം ഭവാൻ
പരം പവിത്രവും ഭവാൻ സനാതനൻ. 38

അജൻ വിഭു വാദിസുരൻ ഭവാൻ ദിവ്യൻ
പുരുഷ നെന്നത്രൃഷിമാർ ചൊല്ലുന്നു. 40
സുരർഷി നാരദ നസിതൻ ദേവലൻ
കഥിപ്പൂ വ്യാസനും ഭവാനിന്നെന്നോടും. 42
ഭവാനിന്നെന്നോടു പറയു മിമ്മൊഴി-
യശേഷം നേരെന്ന തസംശയം വിഭോ! 44
അറിയുന്നീലതാൻ സുര രസുരരും
ഭഗവൻ നിൻ വ്യക്തിപ്രഭാവം കേശവാ! 46
അശേഷ ലോകങ്ങൾ ക്കധിപതേ! പര-
മ്പുരുഷ! ദേവകൾ കുലത്തിനും ദേവാ! 48
ഭവാനേ കാണുന്നു ഭവാനെ ക്കൊണ്ടുതാൻ
ഭവാനെ ബ്ഭൂതൗഘ ജനക! ഭൂതേശാ! 50
ഭവാൻ സ്വദിവ്യമാം വിഭൂതി രൂപങ്ങ-
ളെത്രേത്തു കൊണ്ടെങ്ങും നിറഞ്ഞു നില്ക്കുന്നു. 52
വിഭൂതി രൂപങ്ങള താത്തു ചൊല്ലുവാൻ
ഭവാൻ താനാളതി ങ്ങശേഷം ചൊന്നാലും. 54
അഥ മനോരഥ മെത്തു വിധം ധ്യാനി
ച്ചറിവൂ യോഗിയാം ഭവാനെ കേശവാ! 56
പരമ പൂരുഷാ! ഹരേ! ഭവാനെ ഞാൻ
പരിചിന്തിക്കേണ്ട തെത്രേത്തു രൂപത്തിൽ? 58
ഇനിയും വിസ്തരിച്ചരുളി ച്ചെയ്താലും
തദീയ യോഗവും വിഭോ! വിഭൂതിയും. 60
അമൃതമാം തവ വചനം കേട്ടുകേ-
ട്ടലംമതി മമ വരുന്ന തില്ലതാൻ. 62

ഭഗവാൻ

അഹോ! മമ ദിവ്യ വിഭൂതി ജാതത്തിൽ
പ്രധാന മായവ പറയുവേ നിതാം. 64
വിവരിച്ചോതുവാൻ വിഷമം മാമക
വിഭൂതി വിസ്തരം വിരാമ ഹീനമേ. 66
അഖില ഭൂതാന്തഃ കരണം തന്നിലു-
മിയലു മാത്മാവാണഹം കുരുദ്വഹാ! 68
അഹമേ ഭൂതങ്ങൾക്കശേഷ മാദിയു-
മഹമേ മദ്ധ്യവു മതുപോ ലന്തവും. 70
അഹമാദിത്യ സഞ്ചയത്തിൽ വിഷ്ണു, ഭാ-
സ്സെഴുന്നവകളിൽ കതിരവൻ രവി, 72
മരീചി ഞാൻ മരുൽക്കുലത്തിലപ്പോലെ,
കുലേശൻ നക്ഷത്ര ഗണത്തിലർജ്ജുനാ! 74
മറകളിൽ സാമം, വൃഷാ വമരരിൽ,
മനസ്സാ ണിന്ദ്രിയ ഗണത്തി ലോർക്ക ഞാൻ. 76
അമലാ! ഞാൻ ഭൂത തതിയിൽ ചേതന,
അഹമേ ശങ്കര നറിക രുദ്രരിൽ. 78
കുബേരൻ യക്ഷരിൽ, ധരാധരങ്ങളിൽ
സുമേരു, ഞാൻ വസുകുലത്തിൽ പാവകൻ. 80
പുരോഹിതന്മാരിൽ വരൻ ബൃഹസ്പതി,
പൃഥാ സുതാ! സേനാപതികളിൽ ഗുഹൻ. 82
ജലാശയങ്ങളിൽ ജലധി, യോങ്കാരം
പദാവലിയിലോ, ഭൃഗു വൃഷീന്ദ്രരിൽ. 84
ജപയജ്ഞം യജ്ഞഗണത്തിൽ, സ്ഥാവര-
തതിയിലെങ്കിലോ ഹിമാലയം സഖേ! ó8

കപിലൻ സിദ്ധരിൽ, തരുക്കൾ ക്കശ്വത്ഥം,
സുരർഷിമാർകളി ലഹമേ നാരദൻ. 88
നൃപൻ നരന്മാരിൽ, തഥാ വജ്രം ശസ്ത്ര-
തതിയിൽ ഞാൻ, ചിത്രരഥൻ ഗന്ധർവരിൽ. 90
ഹയങ്ങളി ലുച്ചൈശ്ശ്രവ സ്സമൃതസം-
ഭവ നൈരാവതം ഗജ സമൂഹത്തിൽ. 92
സുരഭി ഗോക്കളിൽ, പ്രജാ ജനകനാം
മദനൻ ഞാൻ, സർപ്പതതിയിൽ വാസുകി. 94
വരുണൻ യാദസ്സിൻ ഗണത്തിൽ ഞാൻ, നാഗ-
തതിയി ലക്കണെ ക്കനന്ത നർജ്ജുനാ! 96
യമനാണോർക്ക സംയമനം ചെയ്വോരി-
ലതുപോ ലര്യമാ വഹം പിതൃക്കളിൽ. 98
അഹം പ്രഹ്ലാദനെ ന്നറിക ദൈത്യരിൽ,
കലനം ചെയ്തീട്ടു ന്നവരിൽ കാലവും. 100
മൃഗങ്ങളിൽ സിംഹം, ഖഗങ്ങളിൽ താർക്ഷ്യൻ,
പവനൻ പാവന ഗണത്തി ലർജ്ജുനാ! 102
നദികളിൽ ഭാഗീരഥി, മത്സ്യങ്ങളിൽ
മകരം, രാഘവ നിഷുധരന്മാരിൽ. 104
ഉലകിനാദിയും നടുവു മന്തവു-
മഹമേ, വിദ്യകൾക്കഹ മാധ്യാത്മികം. 106
അകാര മക്ഷരങ്ങളിൽ, സമാസങ്ങൾ-
ക്കഹം ദ്വന്ദ്വൻ, വാദം പ്രവാദകന്മാരിൽ. 107
അറിക ഞാൻ നാശവിഹീനമാം കാല-
മഹമേ സർവതോ മുഖനാം ധാതാവും. 110
അറികപ്പോൾ സർവഹരനാം മൃത്യു ഞാൻ,
വരുവാനുള്ളവ യ്യുദ്ഭവവുമഹം. 112

വധുക്കളിൽ ധൃതി യശസ്സുംശ്രീ ക്ഷമ
വചസ്സും മേധയും സ്മൃതിയുമോർക്ക ഞാൻ.
ധനുമാസം മാസങ്ങളി ലൃതുക്കളിൽ
സുരഭി, ഗായത്രി നഗിമ ജാതിയിൽ.
ബൃഹത്സാമം സാമങ്ങളിൽ, തേജസ്വികൾ-
ക്കുടിച്ച തേജസ്സും, ചതിയരിൽ ചൂതും.
അഹമത്രേ സത്വയുതരിൽ സത്വവു-
മഹമത്രേ ജയ മഹം വ്യവസായം.
ധനഞ്ജയൻ പാണ്ഡുതനുജരിൽ,വൃഷ്ണി-
ജനങ്ങളി ലഹം വസുദേവാത്മജൻ.
മുനിമാരിൽ വ്യാസൻ, കവികളിൽ കാവ്യൻ,
ദമനം ചെയ്വോരി ലഹമേ ദണ്ഡവും.
ജിഗീഷുവിൻ നീതിയഹം, മൌനം ഗോപ്യ-
സമൂഹത്തിൽ, ജ്ഞാനി ഗണത്തിൽ ജ്ഞാനവും.
അഖില ബീജം ഞാൻ, ചരാചരങ്ങളി-
ലറിക ഞാനല്ലാ തണുവു മില്ലതാൻ.
ഒരന്ത മെൻ ദിവ്യ വിഭൂതികൾക്കില്ല;
പരന്തപാ! ചൊന്നേൻ ചുരുക്കിയിങ്ങനെ.
വിഭൂതിയോ ശ്രീയോ ഗുണപ്രകർഷമോ
വിളങ്ങി യേതേതു വിജയ! കാണുന്നു,
അതൊക്കെ യെൻ തേജഃ കണികയിൽ നിന്നുദ്-
ഭവിച്ച തെന്നുതാൻ ധരിച്ചുകൊൾക നീ.
ഇതൊക്ക വെവ്വേറേ ഭവാൻ സവിസ്തരം
ഗ്രഹിക്കയാൽ തവ ഫലമെ ന്തർജ്ജുനാ!
ജഗത്തി തൊക്കയെൻ ചെറിയൊ രംശത്താൽ
ധരിച്ചു ഞാനെങ്ങും നിറഞ്ഞു നില്ക്കുന്നു.

അദ്ധ്യായം 11

# വിശ്വരൂപദർശനയോഗം

പത്താമദ്ധ്യായം നാല്പത്തിരണ്ടാം പദ്യത്തിന്റെ (വരി 135–138) അത്ഥം അറിഞ്ഞ അർജ്ജുനനു ഭഗവാന്റെ വിഭൂതിമയമായ വിശ്വരൂപം കാണണമെന്നു് ആഗ്രഹം ജനിക്കുന്നു. ഭഗവാൻ ആ ആഗ്രഹം നിറവേററുന്നു.

**അർജ്ജുനൻ**

തവ പരമ വചനമിതു ഗോപ്യ മാദ്ധ്യാത്മികം
ത്വൽകൃപാനുഗ്രഹം കേട്ടററു മോഹവും.
നിഖില ജനി ലയ ഗതികൾ നിൻ നിത്യ മേന്മയും
നീയരുൾ ചെയ്തുതാൻ കേട്ടേൻ സവിസ്തരം.
പരമ! തവ വചനമൃത മപിച തൃഷ കാണുവാൻ
പുരുഷേന്ദ്ര! രൂപ മൈശ്വരം താവകം.
അതിനു ചെറുതുചിതനിവ നെന്നുകിൽ കാട്ടേണ-
മാത്മ നിത്യാകൃതി യോഗേശ്വരാ വിഭോ!

**ഭഗവാൻ**

രിപുദഹന! വിരവൊടിത കണ്ടാലു മെൻ ദിവ്യ-
രൂപങ്ങൾ നൂറു നൂറായിര മായിരം.
അനവധിക മരിയ നിറ മനവധിക മാകൃതി-
യപ്പോ ലനവധി മാതിരി ഭാരതാ!
വിശദമിഹ വസു നികര മാദിത്യ രുദ്രരും
വീരാ! മരുത്തുക ളശ്വനീശ്വിനീ യുഗ്മവും,
തവ മിഴിയി ലിതുവരെയു മെത്താതെ യുള്ളതാം
താദൃശ നാനാദ്ഭുതാവലി കാണ്കെടോ.

മമ തനുവി ലൊരു ദിശി ചരാചര വിശ്വവും
മററു നീ കാണ്മവാ നോപ്പതും കാണ്ക താൻ.
അറിക കുരുകുലജ! തവ നയന മിതുകൊണ്ടു താ-
നാവുകയില്ല മാം കാണ്മവാ നേതുമേ.
അതിനു തവ തരുവനിഹ ദിവ്യമാം ലോചന-
മൈശ്വരം കാണ്കെൻ യോഗം ധനഞ്ജയാ!

സഞ്ജയൻ

കനിവിനൊ ടിതരുളി ഹരി യോഗേശ്വരൻ മഹാൻ
കാണിച്ചി തൈശ്വരം വിഗ്രഹം ഭൂപതേ!
അനവധിക മുഖ നികര മനവധിക നേത്രങ്ങ-
ളദ്ഭുതം കാഴ്ചക ളപ്പോലന വധി.
ഒളിയിളകു മനവധിക ദിവ്യഭൂഷാളിയു-
മോങ്ങി പ്പിടിച്ചോരു ദിവ്യായുധൗഘവും.
ദ്യുതി തിരളു മനവധിക ദിവ്യ മാല്യോൽക്കരം,
ദിവ്യ നാനാംബരം ദിവ്യാംഗ രാഗവും.
സകല ദിശി മുഖമുടയ തവസിതി വിഹീനമേ
സർവ്വാദ്ഭുതാദ്ഭുതം തദ്ദിവ്യ വിഗ്രഹം.
അയുത ഖരകരപടലി യൊരുപൊഴു തുദിച്ചാലു-
മാ മഹാത്മാവിൻ പ്രദീപ്തിയോ ടൊക്കുമോ.
പിതൃ വിബുധ ദനുജ മനുജാദി ഭേദങ്ങളിൽ
പാടേ വിഭക്തം പ്രപഞ്ചം സമസ്തവും,
തദനു സുരപതി തനയന ദ്ദേവ ദേവൻെറ
താദൃക് സ്വരൂപത്തി ലേകത്ര കണ്ടിതേ.
അമരവര തനയനധികാദ്ഭുതാവിഷ്ടനാ-
യാപാദ മസ്തകാ രോമാഞ്ച സംയുതം,

അടിമലരിലവനമന മനവധികമാശുചെ-
യ്തഞ്ജലി പൂണ്ടാദി ദേവനോടോതിനാൻ. 42

അർജ്ജുനൻ

തവ തനുവിലതിവിശദമരികിലിത കാണുന്നു
ദേവദേവേശ്വരാ! ദിവ്യർഷി വൃന്ദവും, 44
സുര ഭുജഗ നിവഹമഥ ഭൂതൌഘമംബുജ-
സംസ്ഥാനാമീശൻ വിധാതാവു തന്നെയും. 46
കര ചരണ നയന മുഖ ബഹുലതയൊടെങ്ങുമേ
കാണുന്നിതേ ബഹുമൂർത്തേ! ഭവാനെ ഞാൻ. 48
അഖില ജഗദധിപ! സകലാത്മക! കാണ്മതി-
ല്ലാദിയും മധ്യവുമന്തവും താവകം. 50
അരി മുകുടമഥ ഗദയുമാർന്നു നിന്നെയെങ്ങു-
മാദീപ്തി ചിന്നുന്ന തേജോ നിധാനമായ്, 52
ജ്വലന ദിനകര പടലിയടി പണിയുമൽക്കട-
ജ്യോതിസ്സോടും ദുർന്നിരീക്ഷ്യനായങ്ങനെ, 54
അനവധിക തനുതതിയൊടത്ര സർവ്വത്രതാ-
നപ്രമേയാത്മകാ! കാണുന്നു നിന്നെ ഞാൻ. 56
സകല ജഗദമല പരധാമം സനാതനൻ
ശാശ്വത ധർമ്മ സംരക്ഷകനവ്യയൻ, 58
പരപുരുഷനമൃതസുഖമാശിച്ചു വാഴുവോർ
പാർത്തറിയേണ്ടും പരം ധ്രുവമമേ ഭവാൻ. 60
അളവിനകമമരുവതിനാകാത്ത വീര്യത്തൊ-
ടാദിമധ്യാന്ത വിഹീനനായിങ്ങനെ, 62
ശശി ദിവസകര നയന സഹിതമെരിതീമുഖ-
സാഹസ്രനായുജ്ജിതാനന്ത ബാഹുവായ്, 64

തരളതര പുരു നിബിഡ കാന്തിയാൽ വിശ്വസ-
ന്താപകനായിതാ കാണുന്നു നിന്നെ ഞാൻ.
അവനിയോടു ഗഗനതല മെന്നല്ല ദിക്കുക-
ളാകവേതാൻ ഭവാ നേകനാൽ പൂരിതം.
തവ തനുവിതതി ഭയദ മദ്ഭുതം കാൺകയാൽ
ത്രൈലോക്യവും ഭോ മഹാത്മൻ! ഭയാകുലം.
വിബുധതതി തവ ചരണ ശരണമിത പൂകുന്നു,
ഭീതരോ കൂപ്പുന്നു രക്ഷിക്ക യെന്നിതാ.
ഋഷിനികര മഥ സകല സിദ്ധരും സ്വസ്തിയെ-
ന്നോതുന്നു വാഴ്ത്തുന്നു പൂർണ്ണ സ്തവങ്ങളാൽ.
അസുര വസു പിതൃ തതികൾ വിശ്വാശ്വി രുദ്രരു-
മാദിത്യ ഗന്ധർവ്വ യക്ഷരും സിദ്ധരും
അതി വിവശ മതികൾ മരുദന്വയം സാധ്യരു-
മദ്ഭുതാവിഷ്ടരായ് നോക്കി നിന്നീടുന്നു.
ബഹുലമുഖനയന! ഭവദുഗ്രരൂപം മഹാ-
ബാഹോ! ബഹൂരുചരണം ബഹൂദരം,
ബഹുലതര വികടകടു ദംഷ്ട്രകം കണ്ടിതാ
ഭീതം ജഗത്ത്രയം ഞാനു മവ്വണ്ണമേ.
വിശദതര ശബളമതി ദീപ്രമത്യുന്നതം
വ്യാത്താനനാന്വയം ദീപ്തായതേക്ഷണം,
തവ തനുവിതതി ഭയദ മിഹ സപദി കാൺകയാൽ
ധൈര്യം മനസ്സമാധാനവും നാസ്തി മേ.
തവ വദന തതി കഠിന കാലാനലോജ്ജ്വലം
ദംഷ്ട്രാ ഭയാനകം ദേവേശ! കാൺകയാൽ,
അതുല ഭയ തരളതയൊ ടേറുന്നു ദിഗ്ഭ്രമ-
മാഹാ! പ്രസീദ ജഗന്നിവാസാ! ഹരേ!

ഇഹ ധരണി വര പടലി ഭീഷ്മരും ദ്രോണരു-
മിദ്ധാൎത്തരാഷ്ട്രരും കൎണ്ണൻ മദീയരും, 92
നിഖില ഭട വരരുമിത ദംഷ്ട്രാ കരാളമാം
നിന്മുഖ പങ്ക്തിയിലോടി കയറുന്നു. 94
തടന്ന തല തവിട്ടുപൊടിയായ് ച്ചിലരപ്പാട്ട
ത്തിങ്ങിപ്പിടയ്ക്കുന്നു പല്ലിന്നിട യ്ക്കിതാ. 96
അഖിലമപി നദികളിഹ പലവഴികളൂടെ പാ-
ഞ്ഞംബുധിതന്നിലേ ചെന്നു വീഴുന്നപോൽ, 98
ഇവരരിയ മനുജകുല വീരരാ ഞെരുങ്ങിനി-
ന്നെങ്ങും ജ്വലിക്കമീ നിന്മുഖ പങ്ക്തിയിൽ. 100
ശലഭതതി ഝടിതി നിജ നാശത്തിനായ്ക്കൊണ്ടു
സന്ദീപ്ത വഹ്നിയിൽ ചാടുന്ന പോലെതാൻ, 102
ഇവരവശ രഖില മിഹ നാശത്തിനായ്ത്തന്നെ
യിദ്ധവേഗം തവ വക്ത്രങ്ങളിൽ പൂകുന്നു. 104
സകലരെയു മഖില ദിശിനി ന്നുജ്ജ്വലന്മുഖ-
സാഹസ്രകൻ ഗ്രസിച്ചാസ്വദിക്കുന്നു നീ. 106
ഉലകഖിലമപി സപദി തവ നിബിഢ തേജസ്സി-
ലുഗ്രം തപിപ്പിച്ചു നില്പൂ ഭവാനിതാ. 108
അലിവൊടിവ നരുളിടണ മത്യുഗ്ര മൂൎത്തി നീ-
യാരെന്നതും ദേവദേവാ! നമോസ്തുതേ. 110
അറിയുവതി നിവനധിക മാഗ്രഹ മാദ്യനാ-
മങ്ങയെ ത്താവക വൃത്തിയെ ന്തെന്നതും. 112

ഭഗവാൻ

അഖില ഹതികര നധിക മുഗ്രനാം കാലനാ-
ണത്ര ഞാൻ ലോക സംഹത്യ ചെയ്തീടുന്നു. 114

ഇകലി നിടകലരുമൊരു വിരുതരിഹ നീയൊഴി-
ച്ചില്ലാതെ യായീടു മെല്ലാരു മിപ്പൊഴേ.
വിരവിനൊടു പൊരുതിടുക, പുകഴൊടരി സഞ്ചയം
വെല്ക, നീ വാഴ്കതാൻ ഭൂതിമദ്ഭൂതലം.
സകലരെയു മിവരെ യിഹ കൊന്നു ഞാൻ മുന്നമേ,
സവ്യസാചിൻ! ഹേതു മാത്രമാകത്ര നീ.
ഹതരറിക രണ ചതുര ഭീഷ്മ കർണ്ണാദിക-
ളന്യരും മുന്നമേ തന്നെ യെൻകൈകളാൽ.
അരുതരുതൊ രഴലവരെ യടരിലിഹ വെല്ക, നീ,
അർജ്ജുനാ! പോർചെയ്ക, നിശ്ചയം നിൻജയം.

സഞ്ജയൻ

ഹരിയുടയ വചനമിതു കേട്ടുള വഞ്ജലി-
ഹസ്തനാ യാകമ്പിതാംഗനാ യഞ്ജസാ,
അടിയിണയി ലതിഭയമൊ ടനവധി നമസ്കരി-
ച്ചർജ്ജുനൻ ചൊന്നാൻ സഗദ്ഗദം പിന്നെയും.

അർജ്ജുനൻ

അമല! തവ മഹിമയുടെ കീർത്തനം കൊണ്ടുല-
കാനന്ദ മാർന്നനു രഞ്ജിപ്പു കേശവാ!
അസുര തതി ഭയതരള മോടുന്നു, സിദ്ധസംഘ-
മാനമിച്ചീടുന്നി തദ്ഭുത മല്ലതു.
അവരഹഹ! മഹിതതമ! ദേവേശ! നിൻകാല്ക്ക-
ലാനമിച്ചീടാതിരിക്കുവാ നെങ്ങനെ!
അഖില ഗുരുവവസിതിവിഹീനൻ ഭവാനൊക്കി-
ലാദികർത്താവുതാൻ ലോകസ്രഷ്ടാവിനും.
സകല ജഗദധിപ! സകലാലംബമാം സ്ഥൂല-
സൂക്ഷ്മാദിമൂലം പരം ബ്രഹ്മവും ഭവാൻ.

അനവധിക തനുവുടയ ഭുവനപതി നീ വേദ്യ-
നാദിദേവൻ പരൻ സൎവ്വജ്ഞോത്തമൻ.
നിഖിലമയ നഖില പതി നീയാദി പൂരുഷൻ
നീ പരം ധാമം ജഗന്നിധാനം പരം.
അനിലനഥ പിതൃപതി ശശാങ്കൻ പ്രജാപതി
അഗ്നിയും നീ പ്രപിതാമഹൻ പാശിയും.
പരപുരുഷ! പലവുരു നമസ്തേ നമോസ്തു തേ,
പിന്നെയും പിന്നെയും നാഥ! നമോസ്തു തേ.
അഖില തനുവുടയ തവ മുന്നിലും പിന്നിലു-
മപ്പോലെതാൻ നമിച്ചീടുന്നു ചുഴവും.
അളവിനക മമരുവതിനാകാത്ത വിക്രമ-
മമ്മട്ടു വീൎയ്യവും ചേരും വിഭോ! ഭവാൻ.
വിപുലതര ഭുവനമതിനുള്ളിലും മീതെയും
വ്യാപിച്ചു നില്ക്കയാൽ വിശ്വവും നീ വിഭോ!
അജിത! തവ മഹിമയിതു ലവവുമറിയായ്കയാ-
ലജ്ഞതകൊണ്ടുതാൻ, സൗഹൃദംകൊണ്ടുതാൻ,
ചപലമതിയഹഹ മഹഹ! ചങ്ങാതിയെന്നോൎത്തു
ചൊന്നോരലക്ഷ്യവാക്കെല്ലാം പൊറുക്കണം.
അഹ മഹഹ പലപൊഴുതു ഹേ കൃഷ്ണ! ഹേ സഖേ!
ഹേ യാദവേത്യാദി സംബുദ്ധി ചെയ്കയും,
നരകഹര! പലപൊഴുതു ഭക്ഷണവേളയിൽ,
നാമിരിക്കെ, കിടക്കെ, കളിക്കുമ്പോഴും,
പലരൊടിട കലരുമള വേകാന്ത വേളയും
പാരിഹാസ്യം ചൊന്നതൊക്കെപ്പൊറുക്കണം.

തവ മഹിമ നിരുപമ മപ്രമേയനാം നീ വിശ്വ
താതൻ സുപൂജ്യൻ ഗുരു നീ ഗുരുതരൻ.
പരപുരുഷ! തവ സദൃശനില്ല മൂപ്പാരിലും
പിന്നെ നിന്മേലല്ലൊരാളെങ്ങു വിശ്വാത്മകാ!
പുരുമഹിമ പുലരു മഭിവർണ്ണ്യനാം നിന്റെ തൃ-
പ്പാദത്തി ലാണ്ടുവീ ണർത്ഥിച്ചിടുന്നു ഞാൻ.
തനയനുടെ പിഴ ജനക നിഷ്ടന്റെ തിഷ്ടനും
ദാർങ്ങൾതൻ പിഴ കാന്തനു മെന്നപോൽ,
സകല ജഗദധിപ! മമ സർവ്വാപരാധവും
സാനുകമ്പം പൊറുത്തീടുമാ റാകണം.
ഇതുവരെയു മൊരു പൊഴുതു കാണാത്ത കാഴ്ച ക-
ണ്ടിമ്പമാന്നും ഭയ കമ്പിതം മാനസം.
അഖില ജഗദധിവസിത! ദേവേശ! നീ കനി-
ഞ്ഞപ്പൂർവ് രൂപമേ കാട്ടുമാ റാകണം.
അരിമകുട ഗദകളൊടു മപ്പോലെതാൻ നിന്നെ-
യപ്രമേയാത്മകാ! കാണുമാ റാകണം.
ബഹുലകര സഹിത! സകലാത്മകാ! നീ ചതുർ-
ബാഹുവാ മാമൂർത്തിതാൻ ധരിക്കാകണം.

ഭഗവാൻ

കരുണയൊടു മമ മഹിത യോഗത്തിനാൽ തവ
കാണിച്ചി താദ്യമാം മെൻ വിശ്വവിഗ്രഹം.
ഇതുവരെയു മൊരുവനിഹ കണ്ടീല നീയൊഴി-
ഞ്ഞിപ്രകാശാത്മകം രൂപം സനാതനം.
ക്രതുപഠന വിധി, നിഗമപഠന വിധി, ദാനങ്ങൾ,
കർമ്മങ്ങൾ, വൻതപ സ്സെന്നിവകൊണ്ടുമേ,

അരുതൊരുവനലകിലിഹ കാണ്മവാനീ രൂപ-
മാൎന്നോരെന്നെ നീയെന്ന്യേ കുരൂദ്വഹാ! 188
ഭയമരുതു ചെറുതു തവ മാമക മീമൂൎത്തി
ഭീകരം കണ്ടരുതേതുമേ മൗഢ്യവും. 190
അതിരസമൊടരികിലപസാദ്ധ്വസം കണ്ടാലു-
മാ മമ വൈഷ്ണവ രൂപമേ പിന്നെയും. 192

സഞ്ജയൻ

കരുണയൊടിതരുളി വസുദേവജൻ പാൎത്ഥനു
കാണിച്ചു പിന്നെയും തൻപൂൎവ്വ രൂപമേ. 194
അതുല ശമ സുഭഗ തനുവാൻ നിന്നാഭീത-
നാശ്വാസമേകീ മഹാത്മാവു മാധവൻ. 196

അൎജ്ജുനൻ

തവ മനുജ തനുവിതിഹ സൗമ്യം നിരീക്ഷിച്ചു
തുഷ്ടിയും സ്വാസ്ഥ്യവും സിദ്ധം ജനാൎദ്ദനാ! 198

ഭഗവാൻ

അരുതരുതു മമ വടിവു കാണ്മവാൻ നീ കണ്ട-
തനുവഹോ വിണ്ണോൎക്കു മാശതാൻ കാണ്മവാൻ. 200
മമ തനുവിതരുതറിക കാണ്മവാൻ വൻതപം
മാമറ യാഗവും ദാനവും കൊണ്ടുമേ. 202
അറിവതിനു കഴിയുമറികീവിധമാം രൂപ-
മാളുമെൻ തത്വമനന്യമാം ഭക്തിയാൽ. 204
പരിചിനൊടു മതിനപരി കാണാകു മെന്നെയും
പാൎത്ഥാ പ്രവേശിക്കതാനുമാ മെന്നിലേ. 206
കടുകളവു ഫലഗണന വിട്ടെന്നിലൎപ്പിച്ചു
കൎമ്മങ്ങൾ ചെയ്യുവോൻ, സംഗസംവൎജ്ജിതൻ, 208

ഭവികതമ പരമപുരുഷാത്ഥമെന്നെന്നെയേ
ഭാവിച്ചുതാൻ ഭക്തിയെന്മേലുറച്ചവൻ,
ഒരു പൊഴുതുമൊരു ചെറിയ ഭൂതത്തൊടും വൈര-
മോരാത്തവൻ ചേരുമെന്നിൽ പൃഥാത്മജാ!

---

## അദ്ധ്യായം 12

# ഭക്തിയോഗം

ഇതുവരെ നിർഗ്ഗുണോപാസനയെ (ഈശ്വരനെ ശരീരഹീനനായിക്കല്പിച്ചു ധ്യാനിക്കൽ) സംബന്ധിച്ചും, ഇടയ്ക്കിടയ്ക്കു സഗുണോപാസനയെ (മായാഗുണങ്ങൾ സ്വീകരിച്ച് അവതരിച്ചിരിക്കുന്ന രൂപങ്ങളിൽ ഈശ്വരനെ ധ്യാനിക്കൽ) സംബന്ധിച്ചും പറഞ്ഞു. പതിനൊന്നാം അദ്ധ്യായത്തിൽ സഗുണമായ വിശ്വരൂപം കാണിച്ചിട്ട്, 'എന്റെ ഭക്തൻ എന്നിൽ ചേരും. നീ എന്നിൽ അർപ്പിച്ചു കർത്തവ്യങ്ങൾ ചെയ്ക' എന്ന് ഉപദേശിച്ചു. അപ്പോൾ, നിർഗ്ഗുണോപാസനയോ സഗുണോപാസനയോ ഏതാണു മെച്ചമെന്ന് അർജ്ജുനനു സംശയമായി. ഈ അദ്ധ്യായത്തിൽ ആ സംശയം തീർക്കുന്നു.

**അർജ്ജുനൻ**

ഉത്തമയോഗജ്ഞനാരവ്യക്തധ്രുവമദ്ധ്യാന-
സക്തനോ ഭവാനെയീരൂപത്തിൽ ധ്യാനിപ്പോനോ.

ഭഗവാൻ

പരിക്കും ശ്രദ്ധയോടു ള്ളന്നിലേ ചേർത്തിട്ടെന്നെ
സ്സേവിക്കും നിത്യയോഗി സത്തമ നെന്നെൻ മതം. 4
അചലം കൂടസ്ഥം വാക്ചിന്താതിദൂരം നിത്യം
സകല സ്ഥിതവുമാ മവ്യക്ത ബ്രഹ്മത്തിനെ 6
യമിയായ് സർവ്വഭൂത ഹിതനാ യെല്ലാത്തിലും
സമനാ യുപാസിപ്പോ നെന്നിലേ ചേരും ദൃഢം. 8
അവ്യക്ത ബ്രഹ്മത്തിനെ ബ്ഭജിപ്പാൻ വൈഷമ്യമ-
ണ്ടവ്യക്ത വസ്തുധ്യാനം ദേഹികൾ ക്കത്യദ്ധ്വാനം. 10
എന്നിലേ കർമ്മം സർവ്വം സമർപ്പി ച്ചപ്പോലെന്നെ
ത്തന്നെ യാശ്രയി ച്ചെന്നിൽത്താൻ ഭക്തിയുറപ്പിച്ചും, 12
എന്നിലുള്ളൂന്നി ധ്യാനിച്ചുപാസിപ്പോനെ വേഗം
തന്നെ ഞാൻ മൃത്യുസംസാരാംബുധി കടത്തീടും. 14
എന്നിലേ മനസ്സുവ ച്ചെന്നിലേ ബുദ്ധിയും ചേ-
ർക്കെന്നിൽത്താൻ ദേഹത്യാഗ ശേഷവും വാണീടും നീ. 16
സുസ്ഥിര മെന്നിൽ ചിത്തം ചേർക്കുതായ്കി ലെന്നി-
ലെത്തുവാൻ യത്നിച്ചാലു മഭ്യാസ യോഗത്തിനാൽ. 18
അഭ്യാസ മാകായ്കിലോ കർമ്മങ്ങളെൻ പ്രീതിക്കാ-
യർജ്ജുനാ! ചെയ്ക; ചെയ്താ ലെത്തീടും മുക്തി നൂനം. 20
അശക്യ മതുമെന്നാ ലാശ്രയം ഞാനെന്നാത്മാ-
വടക്കി സ്സർവ്വ കർമ്മ ഫലസന്ത്യാഗം ചെയ്ക. 22
ജ്ഞാനത്തിനേറ്റം മെച്ച മഭ്യാസത്തിനെക്കാളും,
ജ്ഞാനത്തെക്കാളും മെച്ചം ധ്യാനത്തിനേറ്റം പാർത്ഥാ! 24
ധ്യാനത്തെക്കാളും കർമ്മഫലസന്ത്യാഗം മെച്ചം,
ത്യാഗത്താലുണ്ടാം നിത്യശാന്തിയു മനന്തരം. 26

ആരിലും വൈരമറ്റോൻ, കൃപാവാൻ, മിത്രം, സൗഖ്യ-
മാടലും തുല്യമെന്നോൻ, സർവ്വദാ സുപ്രസന്നൻ, 28
യോഗി, നിർമ്മമൻ, സംയതാത്മാവാ മഹങ്കാര-
ദൂരഗൻ, ക്ഷമി, ദൃഢനിശ്ചയം കൈക്കൊണ്ടവൻ, 30
മാനസം ബുദ്ധിതാനു മെന്നിലേ സമർപ്പിച്ചോൻ,
മാമക ഭക്തൻ മമ പ്രിയനെ ന്നറിഞ്ഞാലും. 32
ലോകത്തിന്നാരാ ലാക്ക്ലോകത്തെക്കൊണ്ടും തഥാ
ക്ഷോഭത്തിന്നവകാശം തീരെത്താനുണ്ടായീടാ, 34
തോഷത്തോടമർഷവും ഭീതിയു മുദ്വേഗവും
ദൂരെത്താൻ വെടിഞ്ഞതാ രവനും മമ പ്രിയൻ. 36
നിസ്പൃഹൻ, സർവ്വാരംഭത്യാഗി, സംശുദ്ധൻ, ദക്ഷൻ,
നിർവ്യഥ, നുദാസീനൻ, ഭക്തനെൻ പ്രിയൻ പാർത്ഥാ! 38
ഹർഷവും ദ്വേഷം പുണ്യം പാപവും തഥാ ശോകം
തർഷവും ത്യജിച്ചോരു ഭക്തനെൻ പ്രിയൻ പാർത്ഥാ! 40
യാതൊരു പുമാൻ ശത്രു മിത്രാദി ഭേദാപേതൻ,
ശീതോഷ്ണ സുഖദുഃഖ ഭേദങ്ങ ളില്ലാത്തവൻ, 42
മാനാവമാന നിന്ദാ സ്തോത്രങ്ങ ളൊരുപോലെ
കാണുവോൻ, കിട്ടുന്നതിൽ സന്തുഷ്ട നനാസക്തൻ, 44
യാതൊരേടത്തും സ്ഥിരവാസ മില്ലാത്തോൻ, സ്ഥിര-
മാനസൻ, മൗനി, ഭക്തനവനും മമ പ്രിയൻ. 46
ശ്രദ്ധയോ ടേകാലംബം ഞാനെ ന്നിദ്ധർമ്മ്യാമൃത-
പദ്ധതി നോല്ക്കും ഭക്തനത്യന്തം മമ പ്രിയൻ. 48

അദ്ധ്യായം 13

# പ്രകൃതിപുരുഷ വിവേകയോഗം

ഈശ്വരന്റെ രണ്ടു വിധ പ്രകൃതി (മായ) കളെപ്പറ്റി പ്പറഞ്ഞു. (അധ്യാ: 7. വരി 9–12) അവയിൽ ഒന്നു സത്വം, രജസ്സ്, തമസ്സ് എന്നീ മൂന്നു ഗുണങ്ങളോടു കൂടിയതു്. അതു് എട്ടായി വിഭജിക്കപ്പെട്ടിരിക്കുന്നതും 'ക്ഷേത്രം' എന്നു പറയപ്പെടുന്ന ദേഹാദികളായിപ്പരിണമിച്ചിരിക്കുന്നതും സംസാരഹേതുവുമാണു്. അതിനു് അപര പ്രകൃതി എന്നു പേരു്. ഇനി ഒരു പ്രകൃതിയുള്ളതു് 'ക്ഷേത്രജ്ഞൻ' (മേല്പറഞ്ഞ ദേഹങ്ങളിൽ വർത്തിക്കുന്ന ജീവൻ). അതു ജീവനായി ഈശ്വരസ്വഭാവത്തോടു കൂടിയിരിക്കുന്നു. അതത്രേ പരപ്രകൃതി. ഈ രണ്ടു പ്രകൃതികളെക്കൊണ്ടു, ഈശ്വരൻ ലോകത്തിന്റെ സൃഷ്ടിസ്ഥിതിലയങ്ങൾ നടത്തുന്നു. ഇങ്ങനെയുള്ള രണ്ടു പ്രകൃതികളെയും നിരൂപണം ചെയ്തു്, അതുവഴി (ഈ പ്രകൃതികളോടു കൂടിയ) ഈശ്വരന്റെ തത്വത്തെ ഈ അധ്യായത്തിൽ നിർണ്ണയിക്കുന്നു.

പന്ത്രണ്ടാം അധ്യായത്തിൽ 'ആരിലും വൈരമറ്റോൻ' എന്നു തുടങ്ങുന്ന 27–ാം വരി മുതൽ അധ്യായാവസാനം വരെ തത്വജ്ഞാനികളായ സന്യാസിമാരുടെ നിഷ്ഠ (അവർ എപ്രകാരമാണു് ഇരിക്കേണ്ടതെന്നു്) വിവരിച്ചു. എപ്രകാരമുള്ള തത്വജ്ഞാനം കൊണ്ടാണു് അവർ മുമ്പറഞ്ഞ നിഷ്ഠ (ധർമ്മാചരണം) നിമിത്തം ഭഗവാന്റെ പ്രിയന്മാരായി ഭവിക്കുന്നതെന്നു വ്യക്തമാക്കണമെന്ന ഉദ്ദേശമാണു് ഈ അധ്യായത്തിനുള്ളതു്.

**അർജ്ജുനൻ**

ക്ഷേത്രമെ ന്തീമായ യാരൊരു പൂരുഷൻ
ക്ഷേത്രിയാ രെന്തറി വെന്തറി യേണ്ടതും?

**ഭഗവാൻ**

ക്ഷേത്രമീ ദേഹമേ, ക്ഷേത്രിയെ ന്നാകിലീ
ക്ഷേത്രത്തെ നന്നാ യറിയുവോ നാണുപോൽ.
ക്ഷേത്രമേതേതുതാ നുണ്ടതി ലൊക്കെയും
ക്ഷേത്രിയായ് വാഴ്വതും ഞാൻതന്നെ ഭാരതാ!
ക്ഷേത്രമെ ന്തീക്ഷേത്രി യാരെന്നതാം ജ്ഞാന
മാത്രമേ പാർക്കിൽ ജ്ഞാനമെ ന്നെന്മതം.
ക്ഷേത്രമെ ന്തെങ്ങനെ യുള്ളതെ ങ്ങുദ്ഭവം,
ക്ഷേത്രഭേദങ്ങളും ക്ഷേത്ര വികാരവും,
ക്ഷേത്രജ്ഞനാരു തന്മാഹാത്മ്യമെന്തെന്ന-
മേററവും സംഗ്രഹി ച്ചോതുവേൻ കേൾക്ക നീ.
പാടീടിനാ രൃഷിമാർ പലേമ ട്ടിതു,
പാടീ വിഭജി ച്ചിതിനെ മറകളും,
ഓതീതിതിനെ സ്സയുക്തികം നിസ്തർക്ക-
ബോധം തരും ബ്രഹ്മസൂത്ര പദങ്ങളും.
ഭാരതാ! കേൾ മഹാ ഭൂതങ്ങളു മഹ-
ങ്കാരവും ബുദ്ധിയു മവ്യക്തവും തഥാ,
ഇന്ദ്രിയാഖ്യങ്ങളാം പത്തുമൊന്നും പുന-
രിന്ദ്രിയമഞ്ചുതൻ ഗോചര പഞ്ചകം,
ഇച്ഛയും ദ്വേഷവും സൗഖ്യവും ദുഃഖവു-
മപ്പോലെതാൻ ധൃതി ദേഹവും ചേതന,
ഇത്തരം മുപ്പത്തിയൊന്നു വികാരങ്ങ-
ളോതതി ക്ഷേത്രമെ ന്നോതാം ചുരുക്കമായ്.

ആർജ്ജവം ക്ഷാന്തിയും ഡംഭമില്ലായ്കയു-
മാത്മസന്നിഗ്രഹം സ്ഥൈര്യവും ശൗചവും,
ആത്മാവിനാലു മഹിംസ ഗുരുസേവ-
യാത്മമാഹാത്മ്യങ്ങൾ താൻ പുകഴ്ത്തായ്കയും,
ഇന്ദ്രിയാർത്ഥങ്ങളിൽ സക്തി യില്ലായ്കയു-
മെന്നതുപോ ലഹങ്കാര മില്ലായ്കയും,
ജന്മാദി സംസാര സന്താപ സന്താന-
മെന്നുമേ ദോഷങ്ങളെന്നുള്ള ചിന്തയും,
പുത്രമിത്രാദിയിൽ സക്തി യില്ലായ്കയും,
തത്സുഖാദ്യങ്ങൾ സ്വകങ്ങ ളാക്കായ്കയും,
ഇഷ്ടമനിഷ്ടമോ വന്നു ചേർന്നീടിലും
നിത്യം ദൃഢ സമചിത്ത സ്വഭാവവും,
എന്നിലേ സർവാത്മ ദൃഷ്ടിയോ ടന്യൂന-
മന്യമാം ചിന്തയേ ചേരാത്ത ഭക്തിയും,
നിർജ്ജന ദേശ നിവാസം ജനസംഘ-
മധ്യാധിവാസത്തിലെങ്കി ലപ്രീതിയും,
നിത്യ മാധ്യാത്മിക ജ്ഞാനാതി സക്തിയും
തൽഫലം കൈവല്യമെന്നുള്ള ബോധവും
ഇത്ഥമിരുപതും ജ്ഞാനമാ ണന്യങ്ങ-
ളത്രയു മജ്ഞാനമത്രേ ധനഞ്ജയാ!
ഏതറിഞ്ഞീടുകിൽ കൈവല്യമെത്തീടു-
മേതാണറിയേണ്ടതാകുമാ വസ്തുവും,
കേൾതാ ണുണ്ടെന്നു മില്ലെന്നു മോതുവാ-
നാകാതതാം പരബ്രഹ്മമനാദികം.
എങ്ങും മുഖം ചെവി കണ്ണു കൈകാലുകളും
തിങ്ങിയതാ ണതെങ്ങെങ്ങും നിറഞ്ഞതേ.

സർവ്വേന്ദ്രിയ ഗുണാഭാസ മാണെങ്കിലും
സർവ്വേന്ദ്രിയാപേതമാ ണതു ഭാരതാ! 52
സർവ്വഭൂതത്തെങ്കിലും സംഗസംവർജ്ജിതം
സർവ്വ ഗുണങ്ങൾ ഭരിക്കിലും നിർഗ്ഗുണം. 54
എങ്ങുമകം പുറം തിങ്ങിയതാ ണതു
തന്നെ ചരാചര വിശ്വവു മെങ്കിലും, 56
കണ്ണിനും ബുദ്ധിക്കു മെത്താതെ സൂക്ഷ്മമാ-
മൊന്നതോ ദൂരസ്ഥവും സമീപസ്ഥവും. 58
ഒന്നായ് പ്രപഞ്ചത്തിൽ നില്പതാ ണെങ്കിലു-
മെണ്ണാറാതാ ണെന്നു തോന്നിപ്പതജ്ജുനാ! 60
ഒന്നൊഴിയാതെതാൻ സൃഷ്ടിപ്പതു മതു,
പിന്നെ രക്ഷിപ്പതും ഭക്ഷിപ്പതുമതേ. 62
ജ്യോതിസ്സി നൊക്കെയും ജ്യോതിസ്സുതാൻ തമോ-
ദൂരസ്ഥമാ ണതേ ജ്ഞാനവും ജ്ഞേയവും. 64
ജ്ഞാനത്തിനാൽ പ്രാപ്യമാ ണതുതാൻ സർവ്വ-
ഭൂതത്തിനുള്ളിലും നാഥനായ് വാഴ്വതും. 66
ഇത്തരം സംക്ഷിപ്ത രൂപത്തി ലോതിനേ-
നത്ര ഞാൻ ക്ഷേത്രവും ജ്ഞാനവും ജ്ഞേയവും. 68
ഇത്തത്വമററി ഞ്ഞെൻ ഭക്തരെൻ ഭാവ-
മെത്തുവാൻ യോഗ്യരാ മജ്ജുനാ! നിശ്ചയം. 70
പൂരുഷൻതാനു മവ്വണ്ണം പ്രകൃതിയും
പൂരുവംശോദ്ഭവാ രണ്ടു മനാദികൾ. 72
മോഹതാപാദിക ളൊക്കെ മായോത്ഥങ്ങൾ
ദേഹേന്ദ്രിയാദിയാം ഭാവങ്ങളും തഥാ. 74
ദേഹേന്ദ്രിയാദികൾ മായതൻ സൃഷ്ടിതാൻ,
പൂരുഷൻ ചേരുന്നുപോൽ സുഖദുഃഖങ്ങൾ. 76

മായയോടഥ ദേഹാഭിമാനിയാം പൂരുഷൻ
മായാഗുണങ്ങൾ വ്യഥാദികളാളുന്നു. 78
നീചോത്തമാന്വയ ജന്മങ്ങളുമവൻ
ചേരുന്നുതാൻ ഗുണസംഗമം കാരണം. 80
പൂരുഷൻ ദേഹത്തിൽ വാഴുന്നുവെങ്കിലും,
വേറാണുപോൽ വെറും സാക്ഷി താനാണുപോൽ. 82
ഭത്താവു ഭോക്താവനുമോദകനവ-
നപ്പോലധീശൻ പരാത്മാവുമാണുപോൽ. 84
ഏവം സുഖാത്ത്യാദിരൂപയാം മായയെ
പ്പൂരുഷൻതന്നെയുമാരറിഞ്ഞീടുന്നു, 86
ആയവൻ വത്തിപ്പതേതുമട്ടാകിലും,
ജതനാകില്ലവൻ പിന്നീടൊരിക്കലും. 88
ധ്യാനം നിമിത്തമാത്മാവിലാത്മാവിനാൽ
കാണുന്നിതേ പരമാത്മാവിനെച്ചിലർ, 90
കാണുന്നു സംഖ്യായോഗാശ്രയത്താൽ ചിലർ,
കാണുന്നുതാൻ കമ്മയോഗത്തിനാൽ ചിലർ. 92
ഏവമുണ്ടഖ്യാകളെന്നറിയാത്തവർ
സേവനം ചെയ്യുന്നു കേട്ടറിഞ്ഞാ വിധം. 94
ആ ഗുരുവാക്യം സമാശ്രയിച്ചിബ്ഭവ-
സാഗരം താണ്ടുന്നുതാനവർതാനുമേ. 96
ക്ഷേത്രവും ക്ഷേത്രജ്ഞനും തമ്മിലൊന്നിക്കിൽ
മാത്രമേ ജാതമാമേതും ചരാചരം. 98
സവ്വ ഭൂതാന്വയംതന്നിലും തുല്യമേ
സവ്വഭൂതാന്വയാധീശ്വരൻ വാഴുന്നു. 100
സവ്വവും നഷ്ടമാം, നാശമില്ലേതുമ-
സ്സവ്വഗനെന്നതു കാണുവോൻ കാണുവോൻ. 102

നാശമറേറതിലും തുല്യമായ് വാഴുന്നി–
തീശനെന്നുള്ളതു കാണുന്ന ബുദ്ധിമാൻ
ലേശവും താൻതന്നെ ചെയ്യുന്നതില്ലാത്മ–
നാശമ ക്കാരണംകൊണ്ടവൻ മുക്തനാം.
ചെയ്യുന്നു മായതാൻ കർമ്മങ്ങ ളാത്മാവു
ചെയ്യുന്നതില്ലെന്നു കാണുവോൻ കാണുവോൻ.
ഒന്നിലേ സംസ്ഥിതം ഭൂതൗഘ മിങ്ങതിൽ
നിന്നുതാൻ സർവ്വവും വീണ്ടും ജനിപ്പതും.
എന്നതു ചിന്തനം ചെയ്തു കാണുന്നതെ–
ന്നന്നവൻ ബ്രഹ്മത്വമെത്തുന്നി തജ്ജ്ഞനാം!
ജാതനല്ലാ ഗുണോപേതനുമല്ലായ്ക
കാരണമി പ്പരമാത്മാവു ശാശ്വതൻ.
ദേഹസ്ഥനാകിലും ചെയ്യതില്ലൊന്നുമി–
ല്ലേതുമേ കർമ്മങ്ങൾതൻ ഫലസ്പർശവും.
ആകാശ മേതിലും വ്യാപിക്കിലും സൂക്ഷ്മ–
മാകയാൽ പററിയിരിപ്പതി ല്ലൊന്നിലും;
കേളതുപോൽ സർവ്വദേഹസ്ഥനാകിലും
ചേരുകി ല്ലൊന്നിലു മാത്മാവു ഫല്ഗുനാ!
ക്ഷേത്രിയാൽ ക്ഷേത്രങ്ങ ളൊക്കെ പ്രകാശിതം,
ഭാസ്കരനേകനാ ലീലോകമെന്നപോൽ.
ഏവമീ ക്ഷേത്രവും ക്ഷേത്രിയും തമ്മിലെബ്–
ഭേദവും, മായയെ വെല്ലും പ്രകാരവും
ജ്ഞാനമാം കണ്ണിനാൽ കണ്ടറിയുന്നവൻ
നൂനമത്യുത്തമം ചേരുന്നു ചിൽപ്പദം.

അദ്ധ്യായം 14

# ഗുണത്രയവിഭാഗയോഗം

ക്ഷേത്രക്ഷേത്രജ്ഞന്മാരുടെ സംയോഗംകൊണ്ടു മാത്രമേ ചരാചരങ്ങൾ ജനിക്കയുള്ളൂ എന്നു പറഞ്ഞു. (അദ്ധ്യാ: 13. വരി 97, 98). അതു് എങ്ങനെയെന്നു് ഈ അദ്ധ്യായത്തിൽ പറയുന്നു. ക്ഷേത്രജ്ഞന്റെ ക്ഷേത്രവാസവും ത്രിഗുണങ്ങളോടുള്ള സംഗവുമാണു് സംസാരത്തിനു കാരണം (അദ്ധ്യാ: 13. വരി 77, 80). ഗുണങ്ങൾ എന്താണു്. ഏതേതു ഗുണത്തിൽ എങ്ങനെയുള്ള സംഗമാണു്. ഗുണങ്ങൾ എങ്ങനെയാണു ക്ഷേത്രജ്ഞനെ (ജീവനെ) ബന്ധിക്കുന്നതു്. ഗുണബന്ധനത്തിൽനിന്നും എങ്ങനെ മോചനം നേടാം. മുക്തന്റെ ലക്ഷണം എന്തു്. ഇത്യാദി ചോദ്യങ്ങൾക്കു സമാധാനങ്ങൾ ഈ അദ്ധ്യായത്തിൽ കാണാം.

ഭഗവാൻ

ജ്ഞാനമേ തുണന്നാന്നു മുനിമാർ മുക്തി ഞാനം-
ജ്ഞാന സഞ്ചയജ്ഞാനം വിസ്തരിച്ചോതാം വീണ്ടും. 2
ജ്ഞാനമിതാന്നെൻ ഭാവം ചേർന്നവർ സൃഷ്ടികാലേ
ജാതരായീടാ, ദുഃഖിക്കില്ലതാൻ പ്രളയത്തിൽ. 4
എൻ ഗർഭസ്ഥാനം മഹന്മായ, ഞാനതിൽ ചേർക്കു-
മെൻ ഗർഭം, ഭൂതപ്രാത മങ്ങനി ന്നുണ്ടാമെല്ലാം. 6
ഏതേതു വർഗ്ഗത്തിലും ജാതമാ മേതേതിനും
മാതാവു മഹന്മായ, ബീജദൻ പിതാവു ഞാൻ. 8

മായോത്ഥം ഗുണത്രയ മവ്യയനാം ദേഹിയെ‌ദ്-
ദേഹത്തിൽ ബന്ധിക്കുന്നു, ചൊല്ക്വേനതെന്മട്ടെന്നും.
നൈർമ്മല്യാൽ പ്രകാശകം സുശാന്തം സത്ത്വം സൗഖ്യ-
സംഗത്താൽ ചേർപ്പൂ ബന്ധം ജ്ഞാനത്തിൻ
സംഗത്താലും.
ആശയ്ക്കു മാസക്തിക്കും കാരണം രാഗരൂപം
രാജസം ഗുണം കർമ്മസംഗത്താൽ ബന്ധിക്കുന്നു.
ആരെയുമന്ധരാക്കു മജ്ഞാനജാതം തമ-
സ്സാലസ്യാൽ, പ്രമാദത്താൽ ബന്ധിപ്പൂ നിദ്രയാലും.
സുഖത്തിൽ ചേർപ്പൂ സത്ത്വം, രജസ്സു കർമ്മത്തിലും,
തമസ്സോ ജ്ഞാനം മറ ച്ചാലസ്യാദികളിലും.
ചിലപ്പോഴം സത്ത്വം രജസ്തമസ്സുകളെത്താഴ്ത്തി
മികയ്പൂ രജസ്സപ്പോൾ തമസ്സു മന്യങ്ങളെ.
നേത്രാദികളാം ജ്ഞാനദ്വാരങ്ങൾക്കെല്ലാ മുണ-
ർവേററവും കാണ്മു സത്ത്വം മികച്ചു നില്ക്കുന്നേരം.
രജസ്സു വർദ്ധിക്കുമ്പോളുദിപ്പൂ കാമം, ലോഭം,
പ്രവൃത്തി, കർമ്മാരംഭം, ശമത്തിന്നഭാവവും.
തമസ്സു മുന്നിട്ടെന്നാൽ ജനിക്കു മവിവേകം,
പ്രമത്തസ്ഥിതി, മോഹം, പ്രവൃത്തിഹീനത്വവും.
സത്ത്വമാണുച്ചം മൃത്യുവേളയിലെങ്കിൽ ജീവ-
നുത്തമ തത്ത്വജ്ഞർതൻ ശുദ്ധലോകങ്ങൾ പൂകും.
രജസ്സാണെങ്കിൽ, കർമ്മസക്തരിൽ പോന്നുണ്ടാകും,
തമസ്സാണെന്നാൽ മൂഢജാതിയിൽ ജനിച്ചീടും.
ഭവിപ്പൂ സൽകർമ്മത്താൽ സാത്ത്വികം ശുദ്ധം ഫലം,
രജസ്സിൻ ഫലം ദുഃഖം, തമസ്സിന്നജ്ഞാനവും.

സത്വത്തിൽനിന്നും ജ്ഞാനം, രജസ്സിൽനിന്നും ലോഭം,
സിദ്ധിപ്പൂ തമസ്സിൽനിന്നജ്ഞാനാലസ്യാദികൾ. 34
സാത്വികന്നൂർദ്ധ്വലോകം, മദ്ധ്യമം രാജസന്നും,
പ്രാപ്തമാം നീചാചാരൻ താമസന്നധോ ലോകം. 36
ഗുണങ്ങളല്ലാതില്ല കർത്താവൊ നാത്മാവെങ്കിൽ,
ഗുണങ്ങൾക്കതീതനെന്നറിവോൻ ചേരുമെന്നിൽ. 38
ദേഹാദികളായ്ക്കാണുമീ ഗുണത്രയം വെന്ന
ദേഹി ജന്മാദിഹീനമമൃതം സമ്പ്രാപിപ്പൂ. 40

അർജ്ജുനൻ

ലക്ഷണം ഗുണാതീതന്നെന്തവന്നാചാരമെ-
ന്തിഗ്ഗുണത്രയത്തെ യെമ്മട്ടവൻ വെല്വൂ വിഭോ! 42

ഭഗവാൻ

ഉണർവ്വു കർമ്മം മോഹ മീഗുണ വികാരങ്ങൾ
വരവേ വെറുക്കകി ല്ലാശിക്കാ പോയാലവൻ. 44
ഒന്നിലും ചേർന്നീടാ താൻ, സുഖദുഃഖാദ്യങ്ങളായ്
വന്നീട്ടും ഗുണത്രയ വൃത്തിയിൽ ചലിച്ചീടാ; 46
ഇന്ദ്രിയങ്ങളായിന്ദ്രിയാർത്ഥങ്ങളായും നിന്നു
തങ്ങളിൽ ഗുണങ്ങളേ വർത്തിപ്പതെന്നായ്ക്കാണ്മൂ. 48
സ്വസ്ഥനാ ധീരന്നിഷ്ടാനിഷ്ടങ്ങൾ തുല്യം, ശത്രു,
മിത്രവും, സ്തോത്രം, നിന്ദ, മാനാവമാനങ്ങളും. 50
ഉദ്യമഹീനം വാഴ്വൂ, മണ്ണോടു പൊന്നും തുല്യം
ബുദ്ധിൽ കാണ്മൂ ഗുണാതീതനീവിധം പാർത്ഥ! 52
നിശ്ചല ഭക്തിയോഗം കൊണ്ടെന്നെ സ്സേവിക്കവോ-
നിഗ്ഗുണത്രയം വെന്നു മോക്ഷാർഹനായീടുന്നു. 54
ബ്രഹ്മത്തിൻ പ്രതിഷ്ഠ ഞാനവ്യയാമൃതം, നിത്യ-
ധർമ്മമന്യൂനാനന്ദ മിവയ്ക്കും പ്രതിഷ്ഠ ഞാൻ. 56

അദ്ധ്യായം 15

# പുരുഷോത്തമയോഗം

ജ്ഞാനവും വൈരാഗ്യവും ഇല്ലാതെ മോക്ഷകാരണമായ ഭക്തി ഉണ്ടാകയില്ല. മിത്ഥ്യയായ (വാസ്തവത്തിൽ ഇല്ലാത്ത) പ്രപഞ്ചം സത്യമാണെന്നു (ഉള്ളതാണെന്നു) വിചാരിക്കുന്നവനു ജ്ഞാനവും വൈരാഗ്യവും സിദ്ധിക്കയുമില്ല. അതിനാൽ, വൈരാഗ്യം ജനിക്കാൻ പ്രപഞ്ചത്തിൻെറ മിത്ഥ്യാത്വത്തെ (വാസ്തവത്തിൽ ഇല്ലാത്തതാണെന്ന സ്ഥിതിയെ)യും നിത്യനും സർവ്വവ്യാപിയും പരമാത്മാവുമായ പുരുഷോത്തമൻെറ ലക്ഷണങ്ങളെയും മററും ഈ അദ്ധ്യായത്തിൽ പറയുന്നു.

"കർമ്മഫലവും ജ്ഞാനഫലവും എൻെറ അധീനതയിലാണ്. എന്നെ ഭക്തിയോഗത്തോടെ സേവിക്കുന്നവർ എൻെറ അനുഗ്രഹത്താൽ ജ്ഞാനികളായി ഗുണങ്ങളെ ജയിച്ചു മോക്ഷം പ്രാപിക്കുന്നു എന്നും പറഞ്ഞതല്ലോ. ആ സ്ഥിതിക്ക്, ജ്ഞാനികൾ (ആത്മതത്ത്വം അറിഞ്ഞിരിക്കുന്നവർ) മോക്ഷം പ്രാപിക്കുമെന്നു പ്രത്യേകം എടുത്തു പറയണമെന്നില്ല. ആ ആത്മതത്ത്വം കൂടി നിനക്ക് ഉപദേശിക്കാം. ആത്മതത്ത്വം ഗ്രഹിക്കണമെങ്കിൽ വൈരാഗ്യം (സംസാരത്തിൽ വിരക്തി) ആവശ്യമാണ്." എന്നിങ്ങനെ പറഞ്ഞു ഭഗവാൻ സംസാരത്തെ ഒരു അശ്വത്ഥവൃക്ഷമായി രൂപണംചെയ്ത്, അതിൻെറ സ്വഭാവം വർണ്ണിക്കുന്നു.

അശ്വത്ഥം=അരയാൽ (നാളത്തേക്കു നിലനില്ക്കാത്തത്. എളുപ്പം നശിക്കുന്നത്).

വേരു മേല്പോട്ടിലായ് ശാഖകൾ താഴെയായ്
വേദങ്ങളാമില ക്കൊമ്പുകൾ ചേർന്നതായ്
വേദ പ്രസിദ്ധമാ മവ്യയാശ്വത്ഥത്തെ
വേരോടറിയുവോൻ വേദജ്ഞനജ്ജുനാ!
ശാഖകൾ തിങ്ങിയു ണ്ടേതേതു ലോകത്തു-
മാവിധം വ്യാപിച്ച വേരുകളെങ്കിലോ,
മാനുഷ ലോകത്തു കമ്മമാം കെട്ടറു
മാറാതെ ബന്ധിച്ചു നില്ക്കുന്നു ഭാരതാ!
ഇമ്മട്ടിതിൻ രൂപ മുൽപത്തി വത്തന-
മെന്നല്ല നാശവു മിങ്ങറിവീലതാൻ.
ഇമ്മൂരട്ടൂന്നിയ വൃക്ഷത്തെ വൈരാഗ്യ-
വെണ്മഴു കൊണ്ടകച്ചപ്പാട്ടു വീഴ്ത്തണം.
പിന്നെ യാലംബിക്കതോൻ ചിരസംസൃതി-
തന്നുടെ മൂലമാം മാദ്യനെ നിശ്ചലം.
എന്നിട്ടു വീണ്ടിങ്ങു വീഴുകേയില്ലാതെ
ചെന്നെത്തുമപ്പദം തേടേണമജ്ജുനാ!
മാനവും മോഹവു മാസംഗദോഷവും
കാമവും വിട്ടോരു മായാനിവത്തിതൻ,
അധ്യാത്മനിത്യൻ സുഖാസുഖദ്വന്ദ്വങ്ങ-
ളററവൻ ചേരുന്നു നിത്യമാമപ്പദം.
സൂയ്യൻ തിളക്കുവാനാളല്ലയപ്പദം
സോമനു മക്കണ ക്കണക്കഗ്നിയും;
പൂകുവോനങ്ങുനി ന്നിങ്ങു പോരേണ്ടതാൻ;
കേളതു ചിൽപ്പദം മൽപ്പദ മുത്തമം.
മാനസ മാറാമതെന്നു ചൊല്ലുള്ളതായ്
മായാനിലീനങ്ങളാം മിന്ദ്രിയങ്ങളെ

മാമകമംശമേ നിത്യനാം ജീവനാ-
യാകർഷണം ജീവലോകത്തു ചെയ്യുന്നു.
ദേഹമൊന്നിങ്ങു കൈവിട്ടു മറെറാന്നിലീ
സ്വാമിയാം ജീവനുൾപ്പൂകുന്നു് വേളയിൽ,
പോകാതെ കൊണ്ടുപോമിന്ദ്രിയഷൾക്കവും
പൂവിൽനിന്നാശുഗൻ ഗന്ധത്തെയെന്നപോൽ.
ഈ ജീവനെങ്കിലോ കൺ കാതു നാക്കു മൂ-
ക്കാവിധം ത്വക്കും മനസ്സെന്നിതുകളെ,
ചാലവേ മാർഗ്ഗങ്ങളായ്ക്കൊണ്ടു ശബ്ദാദി-
ഭോഗങ്ങളെല്ലാം മനുഭവിച്ചീടുന്നു.
മെയ്‌വിട്ടു മെയ്പുക്കു വാഴുവോൻ, ഭോഗങ്ങൾ
കൈയാളുവോൻ ജീവനിന്ദ്രിയസംയുതൻ.
എന്നാലുമന്ധരീ ജീവനെ ക്കാണ്മീല
നിർണ്ണയം, കാണുന്നുതാൻ ജ്ഞാനദൃഷ്ടികൾ.
വേണുന്നപോൽ ശ്രമം ചെയ്യുന്ന യോഗിമാർ
കാണുന്നിതാത്മസ്ഥനാകു മാത്മാവിനെ.
കാണുന്നതില്ലവശുദ്ധിയാം ചേതസ്സു
പൂണുന്ന മന്ദരൊട്ടേറെ ശ്രമിക്കിലും.
യാതൊന്നു ലോകത്തിനൊക്കെയും സന്ദീപ്തി
യേകുന്ന തേജസ്സു സൂര്യനിൽ സംഗതം,
യാതൊന്നു ചന്ദ്രനി ലഗ്നിയിലപ്പോലെ
യാതൊന്നതൊക്കെയെൻ തേജസ്സു ഫല്ഗുനാ!
ഭൂമിയി ലോജസ്സുകൊണ്ടു ഞാനുൾച്ചേർന്നു്
ഭൂതസന്ധാരണം ചെയ്യുന്നിതർജ്ജുനാ!
നാനാരസാത്മകനാകിയ സോമനായ്
ഞാനാണു ചെയ്യുന്നു മോഷധീപോഷണം.

പ്രാണികൾതൻ മെയ്കളിൽ ജാരാഗ്നിയായ്
പ്രാണനമപ്പോലപാനനമായി ഞാൻ, 54
നാലുമട്ടായുള്ളൊരന്നവും വേണ്ടതു
പോലവേതാൻ പചിച്ചീടുന്നു പാണ്ഡവാ! 56
ഞാൻ സർവ്വഹൃത്തിലും വാഴുന്നിതോർമ്മയും
ജ്ഞാനം മറവിയു മെന്നിലേ നിന്നുതാൻ. 58
വേദങ്ങൾകൊണ്ടു സംവേദ്യനം ഞാൻ തന്നെ
വേദാന്തകൃത്തു ഞാൻ തന്നെ വേദജ്ഞനും. 60
ലോകത്തിലു ണ്ടൊക്കെ പൂരുഷ യുഗ്മക-
മേകൻ ക്ഷര നന്യ നക്ഷരൻ ഭാരതാ! 62
ഭൂതപ്രപഞ്ചമാ ണീക്ഷര പൂരുഷൻ
കൂടസ്ഥനെന്നു ചൊല്ലീടുന്നി തന്യനെ. 64
ഇമ്മൂന്നു ലോകവും വ്യാപിച്ചു പാലിച്ചു
നിന്നീടു മീശ്വര നവ്യയ നുത്തമൻ, 66
മൂന്നാമതുണ്ടൊരു പൂരുഷൻ വിശ്വത്തി-
നുന്നായ് പരൻ പരമാത്മാ വിതി ശ്രുതൻ. 68
ഭാരതാ! ഞാൻ ക്ഷരാതീതനാ ണപ്പോലെ
താനഹ മക്ഷരത്തിങ്കൽ നിന്നുത്തമൻ. 70
ആകയാൽ ഞാൻ പുരുഷോത്തമ നെന്നതി-
ഖ്യാതൻ ജഗത്തിലും വേദങ്ങൾ തന്നിലും. 72
ഏവമീ യെന്നെ പ്പുരുഷോത്തമ നെന്നു
തേറുവോൻ സമ്മോഹമേതു മില്ലാത്തവൻ, 74
കേവല മെന്നെയി ങ്ങെല്ലാ പ്രകാരവും
സേവ ചെയ്തീടുന്നു സർവ്വജ്ഞനാ ണവൻ. 76

അജ്ജുനാ കില്ബിഷ വജ്ജിതാ! ചൊല്ലിനേ-
നെത്രയും ഗുഹ്യമീ ശാസ്ത്ര മിമ്മട്ട ഞാൻ. 44
ബുദ്ധിമാനാ മിതു ബോധിക്കുവോൻ പരി-
ശുദ്ധനമാം കൃതകൃത്യനമാം ദൃഢം. 40

---

## അദ്ധ്യായം 16

# ദേവാസുരസമ്പദ്വിഭാഗയോഗം

സംസാരമാകുന്ന അശ്വത്ഥത്തെ വൈരാഗ്യമാകുന്ന മഴുകൊണ്ടു വെട്ടിക്കളഞ്ഞിട്ടു നിത്യമായ ആനന്ദപദം തേടണമെന്നു പറഞ്ഞു (അ. 15. വരി 11-16) ജീവന്മാക്കു ദേവപ്രകൃതി, അസുരപ്രകൃതി, രാക്ഷസപ്രകൃതി എന്നു മൂന്നുവിധ പ്രകൃതികഠം ഉണ്ടു്. അവയിൽ, ദേവപ്രകൃതി സംസാരമോചനത്തിനും മററവ രണ്ടും സംസാരബന്ധത്തിനും കാരണമാണു്. അതിനാൽ, ദേവപ്രകൃതിയെ സ്വീകരിക്ക, മററു രണ്ടിനെയും ഉപേക്ഷിക്ക എന്നു് ഈ അദ്ധ്യായത്തിൽ ഉപദേശിക്കുന്നു.

ഭഗവാൻ

അഭയം ചിത്തശുദ്ധി യജ്ഞവും ജ്ഞാനയോഗ-
വ്രതവും ദമം തപ സ്സാജ്ജവം സ്വാദ്ധ്യായവും 2
അഹിംസ ദാനം സത്യ മക്രോധം ത്യാഗം ശാന്തി
ദുഷിചൊല്ലാഴ്ക ഭൂതദയയു മലോഭവും 4
മൃദുവാം ഭാവം ലജ്ജ സാമത്ഥ്യ മചാപലം
ധൃതിയും ക്ഷമ ശൗച മദ്രോഹ മദൃപ്തവും 6

ഇവയിത്രയും ദൈവീസമ്പത്തു സമ്പ്രാപിപ്പാ-
നിടയാൻഉണ്ടായവ നുണ്ടാകും ധനഞ്ജയാ! 8
ആസുരീ സമ്പദർഹ നജ്ഞാനം പരം മാനം
പാരുഷ്യം രോഷം ദർപ്പം ദംഭവും ഭവിച്ചീടും. 10
മുക്തിദം ദൈവീ സമ്പ ത്താസുരി ബന്ധപ്രദം,
ദുഃഖിയാശ്ശേത്തും ദൈവീസമ്പത്തി നർഹൻ ഭവാൻ. 12
സൃഷ്ടി രണ്ടിങ്ങു ദൈവ മാസുരമെന്നും, ദൈവ-
സൃഷ്ടി ഞാൻ വിസ്തരിച്ചേ നാസുരം ചൊല്ലുവേൻ
വീണ്ടും. 14
ആസുര ക്കറിവില്ല ധമ്മവു മധമ്മവു-
മാചാരം സത്യം ശൗച മെന്നാവ യവക്കില്ലാ. 16
അസത്യ മനീശ്വരം ജഗ ത്തവ്യവസ്ഥിതം
ജനിച്ചീടുന്നി തേവം സ്ത്രീപും സംയോഗത്തിനാൽ. 18
നിനയ്ക്കിൽ ജഗന്മൂലം കാമമേ മറെറന്തെന്നും
കഥിച്ചീടുന്നു കഷ്ട മാസുര സ്വഭാവന്മാർ. 20
ഈ മതം കൈക്കൊണ്ടല്പ ബുദ്ധികൾ നഷ്ടാത്മാക്കൾ
ക്രൂരന്മാരുണ്ടാം വിശ്വനാശാർത്ഥം വിരോധികൾ. 22
നിറഞ്ഞോ രജ്ഞാനത്താ ലന്ധരായ് ദംഭമാന
മദങ്ങൾ ചേരുന്നോ രശുദ്ധാചാര രവരെല്ലാം, 24
ഒടുങ്ങാ ക്കാമത്തിനാ ലോരോരോ ദുരാഗ്രഹം
തുടങ്ങി ത്തത്തൽ സിദ്ധി ക്കൊരുങ്ങി പ്രവത്തിപ്പൂ. 26
ചത്താലു മൊടുങ്ങീടാ തററമറെറഴും ചിന്ത
കൈക്കൊണ്ടി ക്കാമഭോഗ തൽപര രശേഷവും, 28
മറെറാന്നി ല്ലിതേ പുരുഷാർത്ഥമെന്നന്താശാ-
ബദ്ധരായ്, സദാ കാമക്രോധങ്ങൾ ക്കധീനരായ്, 30

അത്യർത്ഥ മന്യായത്താ ലാർജ്ജിപ്പാ നിച്ഛിക്കുന്നി-
തത്യർത്ഥം കാമഭോഗതൃപ്തിക്കാ യനാരതം.
ഇന്നിതു സാധിച്ചു ഞാൻ, നേടുമാ മനോരഥം,
ഇന്നിതു ണ്ടിനി ധനം കൈവരു മെന്നി ക്കളും,
കൊന്നേൻ ഞാനീ മാറ്റാനെ, കൊല്ലുമേ മറ്റോരെയും,
ധന്യൻ ഞാൻ പ്രഭു ബലി ഭോഗവാൻ സുഖി സിദ്ധൻ.
ഞാനാഢ്യൻ തുല്യഹീനൻ കുലീനൻ യാഗം ചെയ്യേൻ
ദാനങ്ങൾ ചെയ്യേൻ പ്രാപിച്ചീടുവേൻ പ്രഹർഷവും.
ഈവിധ മജ്ഞാനത്താ ലന്ധരായ് പലേ പലേ
ഭാവനകളാൽ ഭ്രാന്ത ചിത്തരാമവരെല്ലാം,
മോഹമാം വലയ്ക്കുള്ളിൽ കുടുങ്ങി പ്പതിക്കുന്നു
കാമഭോഗാസക്തരായ് കശ്മല നരകത്തിൽ.
വണക്ക മറ്റോ രിവർ തന്നെത്താൻ പുകഴ്ത്തുവോർ
ധനത്തിൻ മദമാന ത്തിളപ്പിൻ തിരക്കൊടും,
യജിപ്പൂ ധർമ്മകർമ്മ നാട്യത്തിൽ വേദവാക്യം
ഗണിച്ചീടാതെ പേരു വരുത്താൻ മാത്രം മഖം.
ബലവും കാമം കോപം ദർപ്പവു മഹങ്കാരം
പരമഭ്യസൂയയും ചേരുമ പ്പാപാത്മാക്കൾ,
അവരിൽ ക്കണക്കതാ നാരില്ലു മനാരതം
നിവസിച്ചീടു മെന്നെ നിതരാം ദ്വേഷിക്കുന്നു.
ആസുര ജന്മങ്ങളി ലെന്നും ഞാൻ ഭവത്തിലാ
നീചരെ ദ്വേഷാശുഭ ക്രൂരരെ ത്തള്ളീടുന്നു.
ആ മൂഢ രെന്നെ പ്രാപിച്ചീടാതെതാ നെന്നെന്നു-
മാസുരീ ജന്മങ്ങ ളാർന്നാർന്നധഃ പതിക്കുന്നു.
നരക ദ്വാര മാത്മ നാശനം മൂന്നാണാശ-
യരിശം ലോഭമേവ, മിവ സന്ത്യജിക്കേണം.

ദുഗ്ഗ്തി ഭാരങ്ങളാമിവററിൽനിന്നും മുക്ത-
നെത്തീടും ശ്രേയോമാഗ്ഗം, ഗമിക്കും പരം പദം. 58
ശാസ്ത്രവും ലംഘിച്ചിഷ്ടമാഗ്ഗമേ വത്തിക്കിലോ,
സാദ്ധ്യമല്ലേതും സിദ്ധി, സൗഖ്യവും കൈവല്യവും. 60
അതിനാൽ കാര്യാകാര്യ പ്രമാണം ശാസ്ത്രം, ശാസ്ത്ര-
വിധി പാത്തറിഞ്ഞു നീ കമ്മങ്ങൾ ചെയ്തീടണം. 62

---

അദ്ധ്യായം 17.

# ശ്രദ്ധാത്രയ വിഭാഗയോഗം

ശാസ്ത്രം അറിഞ്ഞു കമ്മങ്ങൾ ചെയ്യണമെന്നു ഭഗവാൻ പറഞ്ഞു (അ. 16, വരി 61, 62). അപ്പോൾ അജ്ജുനൻ ചോദിക്കുന്നു "ശാസ്ത്രം അറിവില്ലെങ്കിലും, ശ്രദ്ധയോടെ ചെയ്താൽ പോരയോ?". ആ ചോദ്യത്തിന്ന ഈ അദ്ധ്യായത്തിൽ ഭഗവാൻ സമാധാനം പറയുന്നു.

അർജ്ജുനൻ

ശാസ്ത്രമേ വിട്ടുതാൻ ശ്രദ്ധ കൈയാന്നു ദേ-
വാച്ചനം ചെയ്യുവോൻതൻ നിഷ്ഠ പാക്കുകിൽ,
സാത്വിക മെന്നതോ രാജസ മെന്നതോ
സാത്വിക വിഗ്രഹാ! താമസം തന്നെയോ? 4

ഭഗവാൻ

വാസനാ ജാതമേ ശ്രദ്ധ കേൾ, സാത്വികം
രാജസം താമസമെന്നു മൂന്നാണതും. 6

ശ്രദ്ധയോ ലോകൎക്ക സത്വാനുസാരമേ;
ശ്രദ്ധ യ്ക്കധീനനാ ണീജ്ജീവ നോൎക്ക നീ.
ശ്രദ്ധ യാൎക്കേതുതാ നപ്പുമാൻ തന്റെയാ
ശ്രദ്ധയ്ക്കു ചേരുന്ന മാതിരിയുള്ളവൻ.
സാത്വികൻ ദേവാൎച്ച ചെയ്യുന്നതാൻ, യക്ഷ-
രാക്ഷസ പൂജനം ചെയ്യുന്ന രാജസൻ,
ആസ്ഥയോ ടാവിധം താൻ പ്രേത ഭൂതാന്വ
യാൎച്ചനം ചെയ്യുന്നി തജ്ജ്ഞനാ! താമസൻ.
കാമത്തൊടും രാഗ വേഗത്തൊ ടൊത്തഹ-
ങ്കാരത്തൊടും ദംഭഭാര പ്രമത്തരായ്,
തീരെ ത്തിരിച്ചറിവററതാ നാഗമ-
രീതിക്കു ചേരാത്ത ഘോര തപസ്സിനാൽ,
ക്ഷീണപ്പെടുത്തുന്ന ദേഹസ്ഥമാം ഭൂത-
ജാതത്തൊ ടൊത്തു ഹൃദ്ഭാഗത്തി ലെന്നെയും.
കാൎയ്യത്തി ലന്ധരാ മീമൂഢ രാസുര-
ഭാവത്തൊ ടൊത്തവ രെന്നറി കജ്ജ്ഞനാ!
പ്രാണികൾ ക്കിഷ്ടമാ മാഹാരവും തപോ-
ദാനയജ്ഞങ്ങളും മൂന്നു മട്ടജ്ജ്ഞനാ!
ശക്തിയു മുത്സാഹ മാരോഗ്യ മായുസ്സു
ചിത്തപ്രസാദവും പ്രീതിയും ചേൎപ്പതായ്,
സ്നിഗ്ദ്ധം സ്ഥിരം പരം ഹൃദ്യം രസാന്വിതം
ഫല്ഗുനാ! സാത്വിക ന്നിഷ്ടമാം ഭോജനം.
എത്രയും കയ്പുപ്പെരി പുളി യെന്നിവ-
യൊത്തതി രൂക്ഷമായ് ദാഹകമായ് പരം,
ദുഃഖവും രോഗവും ശോകവും ചേൎക്കുന്ന
ഭക്ഷണം ഫല്ഗുനാ! രാജസ ന്നിഷ്ടമാം.

നാമുന്നതും രസം വേർപെട്ടതും തലേ-
നാളിൽ പചിച്ചതും ജീർണ്ണമപകപവും, 34
ഭാരതാ ശുദ്ധമല്ലാത്തതു മെച്ചിലും
താമസൻതന്നുടെ കാമിതാഹാരമാം. 36
കാര്യമേ യജ്ഞമെന്നുററകാമം ശാസ്ത്ര-
രീതിയിൽ ചെയ്യുന്നു സാത്ത്വിക യജ്ഞമാം. 38
വേണം ഫലം തന്റെ മേന്മയും കാട്ടുക
വേണമെന്നാം യജ്ഞ മെങ്കിലോ രാജസം. 40
ഭക്ഷണം ദക്ഷിണ മന്ത്രവും ശാസ്ത്രവും
ശ്രദ്ധയു മില്ലാത്ത യജ്ഞമോ താമസം. 42
ദേവദ്വിജ ഗുരു പ്രാജ്ഞ സമ്പൂർണ്ണജനം
ദേവജാ! കേൾ ബ്രഹ്മചര്യം സമാർജ്ജവം 44
കായ സംശുദ്ധിയു മപ്പോ ലഹിംസയും
കായികമാം തപ സ്സെന്നറിഞ്ഞീടണം. 46
ഏതു മുദ്വേഗ മുണ്ടാക്കാത്തതായ് പ്രിയ-
ഹേതുവായ് സത്യമായ് പഥ്യമാം വാണിയും 48
വേദശാസ്ത്രാഭ്യാസ വൃത്തിയും വിദ്വേഷി-
ഖേദനാ! വാങ്മയമാം തപസ്സോർക്ക നീ. 50
നന്നാ വിഷയാത്മ നിഗ്രഹം സൗമ്യത
മാനാതി ഗാമിയാം ഭാവ സംശുദ്ധിയും 52
മാനസംതന്നിൽ പ്രസാദവും മൗനവും
മാനസമാം തപസ്സെന്നു ചൊല്ലുന്നിതേ. 54
ഏതും ഫലാപേക്ഷ യില്ലാതെ യേകാഗ്ര-
ചേതസ്സോ ടേററവും ശ്രദ്ധിച്ചു ചെയ്യുകിൽ, 56
ഏവം തപസ്സുകൾ മൂന്നും പരന്തപാ!
കേവലം സാത്ത്വിക മെന്നതു സമ്മതം. 58

സൽക്കാര സമ്മാന പൂജകളുന്നിയും
ഉൽക്കല ദംഭത്തൊടൊത്തുമേ ചെയ്കിലോ,
അത്തപസ്സധ്രുവം രാജസം കേവല-
മത്യർത്ഥ ചഞ്ചലം പ്രത്യർത്ഥി നാശനം!
മൂഢം ദുരാഗ്രഹം നേടുവാനാത്മ സ-
മ്പീഡനം താൻ ധീരധീരമേ ചെയ്യുമോ,
പാടേ പരദ്രോഹ മോർത്തുമോ തന്നെ ചെ-
യ്തീടുന്നതാം തപം താമസ മജ്ജനം!
നിശ്ചയമായ് കൊടുക്കേണ്ടുന്ന താണെന്ന
ബുദ്ധിയും യോഗ്യമാം ദേശവും കാലവും
പ്രത്യുപകാര പ്രസക്തിയേ കാണാത്ത
സൽപാത്രവും ചേർന്ന ദാനമേ സാത്വികം.
പ്രത്യുപകാരമോ ലാഭമോ പാർത്തും
ക്ലിഷ്ടധീ യോത്തും രാജസ ദാനമാം.
ദേശവും കാലവും പാത്രവും ദാനത്തി-
നേതുമേ യോഗ്യമല്ലാതെയിരിക്കുക,
കേവലം സൽക്കാര മെന്നിയേ നിന്ദയോ-
ടേകുക യീവിധം ദാനമോ താമസം.
ബ്രഹ്മത്തിനോതി പണ്ടോം തത്ത സത്തുക-
ളെന്നുള്ള നാമങ്ങൾ മൂന്നിങ്ങതുകളാൽ,
ബ്രാഹ്മണർ വേദങ്ങൾ യജ്ഞങ്ങളും ഗുണ-
പൂർണ്ണങ്ങളായി പ്രശോഭിച്ചു മുന്നമേ.
ആകയാ ലോമെന്നുച്ചരിച്ചാമ്നായ-
വാദികൾ ചെയ്യുന്ന ശാസ്ത്രോക്ത കർമ്മങ്ങൾ,
ദാന മപ്പോൽ തപം യജ്ഞങ്ങളെന്നിവ
സാര സമ്പൂർണ്ണങ്ങളാകുന്നു സർവ്വദാ.

തത്തെന്ന ശബ്ദം സമാദര മുച്ചരി-
ച്ചുള്ളം ഫലാപേക്ഷ യെന്നി മോക്ഷാത്ഥികൾ 86
യജ്ഞങ്ങൾ ചെയ്യുന്നു ചെയ്യുന്നതാൻ തപ-
സ്സെത്രയോ മാതിരി ദാനങ്ങൾ ചെയ്യുന്നു. 88
സത്തിനുണ്ടു ണ്ടെന്നു നന്നെന്നു മത്ഥങ്ങൾ,
സത്തെന്നു ചൊല്ലുന്നു മംഗള കമ്മത്തെ. 90
യജ്ഞത്തിലും തപോ ദാനങ്ങൾതന്നിലും
ചിത്ത സന്നിഷ്ഠയെ സ്സത്തെന്നു ചൊല്ലുന്നു. 92
അത്രയുമല്ലാ തദത്ഥ കമ്മം സവ്-
മജ്ജുനാ! സത്തെന്നു ചൊല്വൂ ബുധാനപായം. 94
ശ്രദ്ധ യില്ലാത്തൊരു ദാനവും ഹോമവും
യജ്ഞ മപ്പോൽ തപ സ്സെന്നുമ ല്ലേത്തമേ, 96
ഫല്ഗുനാ! കേളസ ത്താണപോ ലായവ-
യ്ക്കല്ലവും പുണ്യ മിങ്ങില്ല താനങ്ങുമേ. 98

---

അദ്ധ്യായം 18

# മോക്ഷസന്ന്യാസയോഗം

സന്ന്യാസത്തിൻെറയും ത്യാഗത്തിൻെറയും അത്ഥങ്ങൾക്ക തമ്മിലുള്ള വ്യത്യാസം ഈ അദ്ധ്യായത്തിൽ വിസ്തരിക്കുന്നു. സകല വേദാത്ഥമായ ഗീതാശാസ്ത്രത്തിന്റെ അത്ഥം മുഴുവനും (കഴിഞ്ഞ എല്ലാം അദ്ധ്യായങ്ങളുടെയും സാരം) ഇതിൽ കാണാം.

അൎജ്ജുനൻ

സന്ന്യാസ തത്വം ത്യാഗ തത്വവും വെവ്വേ റെനി-
ക്കന്ന്യൂനം കേൾപ്പാനാശ കേശവാ ഹൃഷീകേശാ!

ഭഗവാൻ

സന്ന്യാസ മെന്നാൽ കാമ്യ കൎമ്മൗഘ പരിത്യാഗം,
പുണ്യാത്മൻ! സൎവകൎമ്മ ഫല സന്ത്യാഗം ത്യാഗം.
ബുധന്മാർ ചൊല്വൂ ചിലർ കൎമ്മങ്ങ ളെല്ലാം ദോഷാ-
വൃതങ്ങ ളാകയാൽ കൈവെടിഞ്ഞീ ടേണമെന്നേ.
പറഞ്ഞീടുന്നു യജ്ഞം ദാനവും തപസ്സും വി-
ട്ടൊഴിഞ്ഞീ ടരുതെന്നു പിന്നീടു ചിലരെല്ലാം.
ഇതി ലെന്മതം കേൾക്ക ചൊല്ലുവേൻ ത്യാഗം മൂന്നു
വിധമെ ന്നോതി മുന്നോ രൎജ്ജുനാ! സവിസ്തരം.
യജ്ഞവും ദാനം തഥാ തപസ്സും കൎത്തവ്യങ്ങൾ,
വിജ്ഞൎക്കു ശുദ്ധിപ്രദം ത്യാജ്യമ ല്ലിവ യേതും.
കൎത്തവ്യങ്ങളേ ഫല കാംക്ഷയും സക്തിയും വി-
ട്ടിക്കൎമ്മങ്ങളു മെന്നെൻ നിശ്ചിതം ശ്രേഷ്ഠം മതം.
അവശ്യ കൎമ്മം പരിത്യജിക്കിൽ കഷ്ടം, മോഹാൽ
ത്യജിച്ചാ ലതു പാൎത്ഥാ! താമസ ത്യാഗമല്ലോ.
കായ സക്ലേശ മോൎത്തു കൎമ്മം കൈയൊഴിപ്പതു
രാജസ ത്യാഗം, ത്യാഗ ഫലമോ ലഭിച്ചിടാ.
അവശ്യ കൎമ്മം കാൎയ്യ മെന്നുതാൻ ചെയ്കെ, സ്സംഗം
ഫലത്തോ ടുപേക്ഷിക്കിൽ, സാത്വികത്യാഗം
പാൎത്ഥാ!
സത്വവാൻ മേധാവി നിസ്സംശയൻ ത്യാഗി കൎമ്മം
ദുഃഖദം ദ്വേഷിച്ചീടാ, സ്നേഹിക്കാ സുഖപ്രദം.

കഴിയാ കർമ്മങ്ങ ളാസകലം ദേഹഭൃത്തി-
ന്നൊഴിയാൻ, ഫലം കൈവി ട്ടൊഴിവോൻ ത്യാഗി
പാർത്ഥാ! 24

കർമ്മത്തിൻ ഫലം സുഖ മസുഖം സുഖാസുഖ-
സമ്മിശ്രമേവം മൂന്നു വിധമാ ണവയെല്ലാം, 26
ചെന്നെത്തും ദൃഢം പര ലോകത്തും സകാമനെ,
ചെന്നെത്തുകില്ലാ ഫലത്യാഗിയെ യൊരേടത്തും. 28
കർമ്മത്തെ യൊടുക്കീടും സാംഖ്യത്തിൽ ചൊല്ലീടുന്നു
കർമ്മത്തിൻ സിദ്ധിക്കഞ്ചു കാരണ മതും കേൾക്ക. 30
ദേഹവും കർത്തൃതാത്മാ വിന്ദ്രിയങ്ങളും പലേ
മാതിരി ചേഷ്ടിതങ്ങൾ പഞ്ചമ ഹേതു ദൈവം. 32
കായ വാങ് മനസ്സുകൾ കൊണ്ടു നാം ചെയ്യും കർമ്മം
ന്യായമാ മന്യായമാം; ഹേതുവ ഞ്ചതി ന്നേവം. 34
വസ്തുത യിതാ ണപ്പോൾ നിഷ്ക്രിയം സംഗഹീനം
വർത്തിക്ക മാത്മാവിനെ കർത്താവായ് ക്കാണുന്നവൻ. 36
നിശ്ചയമായും പാർത്ഥാ! ദുർമ്മതി യസംസ്കൃത-
ബുദ്ധിയാണവൻ തത്ത്വം കാണുന്നീ ലല്പം പോലും. 38
കർത്താവെ ന്നഭിമാനം സക്തിയു മില്ലാത്തവൻ
വിശ്വത്തെ ക്കൊന്നും കൊന്നീ ലെത്തീടാ ബന്ധം,
താനും. 40

ജ്ഞാനവും ജ്ഞാതാ വപ്പോൾ ജ്ഞേയമാം വസ്തു വേവം
കാണുക മൂന്നാ ണോക്കിൽ കർമ്മത്തിൻ കാരണങ്ങൾ. 42
കാമിത വസ്തു പിന്നീ ടിന്ദ്രിയ ഗണം കർത്താ-
വീവിധം മൂന്നാണല്ലോ കർമ്മത്തി നാധാരങ്ങൾ. 44
പറഞ്ഞീടുന്നു കർമ്മം കർത്താവും ജ്ഞാനം താനും
ഗുണങ്ങൾതൻ ഭേദത്താൽ മൂന്നുമ ട്ടെന്നു പണ്ടേ. 46

ഗുണങ്ങൾതൻ ഭേദങ്ങൾ വർണ്ണിക്കും സാങ്ഖ്യത്തിലു-
ണ്ടറിഞ്ഞീടുക വഴിപോലെ ഞാൻ ചൊല്ലാം മറ്റും. 48
വെവ്വേറാം ഭൂതങ്ങളി ലവ്യയ മേകം വസ്തു
വെവ്വേറല്ലാതെ കാണും ജ്ഞാനമേ സാത്ത്വികാഖ്യം. 50
ഭൂത സഞ്ചയ ജീവനാകെ യൊന്നല്ലാ പലേ
മാതിരി പലേ തെന്നാം ജ്ഞാനമോ രാജസാഖ്യം. 52
പൂർത്തിയാ യീശനേക മൂർത്തിയി ലുൾക്കൊൾവതേ
മാത്രമെ ന്നന്ധം ജ്ഞാനം താമസ ജ്ഞാനം പാർത്ഥാ! 54
വിധിച്ച തസക്തനാം നിഷ്കാമൻ രാഗദ്വേഷ-
പ്രസക്തി യെന്ന്യേ ചെയ്താൽ സാത്ത്വിക കർമ്മമത്രേ. 56
ഫലത്തിൽ കാംക്ഷ കൈയ്യേറ്റാ ണ്ടഹന്താ പൂർവ്വം ക്ലേശം
വഹിച്ചു ചെയ്യും കർമ്മം രാജസം ധരിച്ചാലും. 58
സാമർത്ഥ്യം നാശം ഹിംസ ഭാവിയും ഗണിക്കാതെ
മോഹത്താൽ ചെയ്യും കർമ്മം താമസം കുരുദ്വഹാ! 60
വാക്കിലും ഞാനെന്നില്ലാ തനഹങ്കാരി, ലാഭം
വായ്ക്കിലും വായ്ക്കാകിലും നിശ്ചലൻ, സംഗാപേതൻ, 62
ആത്ത ധൈര്യോത്സാഹനായ് കർമ്മങ്ങൾ ചെയ്തീടുവോൻ
സാത്ത്വികനായുള്ളോരു കർത്താവെ ന്നറിയേണം. 64
ഹിംസകൻ രാഗി ലുബ്ധൻ ഫലേച്ഛു മോദാതങ്ക-
സങ്കുലനശൗചനാം കർത്താവു രാജസൻപോൽ. 66
വിനയം വിവേകവുമററവൻ പരദ്രോഹ-
നിരതൻ സമാധാനമറിയാത്തവൻ ശഠൻ, 68
സതതം വിഷാദവാ നലസൻ നാൾനീട്ടുവോൻ
ഭരതർഷഭാ! കേൾക്ക താമസ കർത്താവത്രേ. 70

ബുദ്ധിയും ധൃതിതാനും ത്രിഗുണങ്ങളാൽ മൂന്നു
മട്ടത്രേം വിവരിപ്പേ നഖിലം ശ്രുവിച്ചാലും.
പ്രവൃത്തി നിവൃത്തിയും കാര്യവു മകാര്യവും
ഭവത്തിൻ ബന്ധമൂലം മുക്തിക്കു നിദാനവും,
ഭയത്തിൻ ഹേതു ഭയം കെട്ടുക്കം മാൎഗ്ഗവും വേർ-
തിരിച്ചു കാണും ബുദ്ധി സാത്ത്വികം ധനഞ്ജയാ!
ധൎമ്മാധൎമ്മങ്ങൾ കാര്യാകാര്യങ്ങൾതാനും ശരി-
ക്കല്ലാതെ ധരിപ്പതു രാജസ ബുദ്ധിയല്ലോ.
മികച്ചോ രധൎമ്മത്തെ സ്സധൎമ്മമായും സൎവ്വം
മറിച്ചും മൌഢ്യത്തിനാൽ കാണ്മതു തമോബുദ്ധി.
സുസ്ഥിര സമാധിയാൽ മാനസ പ്രാണേന്ദ്രിയ-
വൃത്തിക ളടക്കീടും ധൃതിയേ സാത്ത്വികാഖ്യം.
സക്തിയും ഫലേഛയും കൊണ്ടു ധൎമ്മാൎത്ഥ കാമ-
നിഷ്ഠ കൈയേറും ധൃതി രാജസം ധനഞ്ജയാ!
മദവും ഭയം ശോകം വിഷാദം നിദ്രയും ദു-
ൎമ്മതിയാൽ വിടാതെഴും ധൃതിതാൻ താമസാഖ്യം.
സുഖവും മൂന്നു മട്ടുണ്ടേതാതാ മേതാവത്തിക്കെ
പ്രിയമാ മപ്പോലേതു സൎവ്വാൎത്തി പ്രണാശനം,
വിഷസന്നിഭമായി ട്ടാരംഭത്തിങ്കൽ ത്തോന്നി-
ച്ചമൃതപ്രായ മാവതേതിങ്ങു കലാശത്തിൽ,
ഉലയാതുണ്ടാ മാത്മബുദ്ധിതൻ പ്രസാദത്തി-
ലുദയം ചെയ്യുന്നതേതാ സുഖം സാത്ത്വികാഖ്യം.
വിഷയ പ്രപഞ്ചത്തോ ടിന്ദ്രിയഗണം ചേൎന്നു
വിഹരിപ്പതുകൊണ്ടു സംഭവിച്ചീടുന്നതായ്,
വിജയാ! സുഖമൊന്നു ണ്ടമൃതപ്രായമാദ്യം
വിഷമാം കലാശത്തി ലാസുഖം രാജസാഖ്യം.

ആദ്യന്ത മാത്മാവിനെ മയക്കം നിദ്രാ പ്രമാ-
ദാലസ്യ ജാതം സുഖം താമസമെന്നു ചൊല്വൂ.
മായയി ലുണ്ടായൊരീ ത്രിഗുണങ്ങളിൽ നിന്നും
മാറിയൊന്നില്ലീ മന്നിൽ വിണ്ണിലും മറെറങ്ങുമേ.
പകുത്തു കർമ്മം നാലു ജാതിക്കും സ്വഭാവത്തിൻ
നിമിത്തങ്ങളാം തത്തദ് ഗുണങ്ങൾ ക്കിണങ്ങവേ.
ആർജ്ജവം ശമം ദമം ക്ഷാന്തി വിജ്ഞാനം ജ്ഞാന-
മാസ്തിക്യം ശൗചം തഥാ തപസ്സും ബ്രഹ്മകർമ്മം.
നാഥത്വം ശൗര്യം പോരിലോടായ്ക ധൈര്യം ദാക്ഷ്യം
തേജസ്സും ദാനം താനും ക്ഷത്രിയരുടെ കർമ്മം.
വാണിജ്യം ഗോരക്ഷണം കൃഷിയും വൈശ്യ കർമ്മ-
മാ മട്ടിൽ സ്വഭാവജം സേവനം ശൂദ്രകർമ്മം.
വരുന്നു ദൃഢം ദൃഢജ്ഞാന സംസിദ്ധി പാർത്ഥാ!
സ്വകർമ്മ സന്നിഷ്ഠന്ന തെങ്ങനെ യെന്നും ചൊല്ലാം.
ആരിലീ വിശ്വം വിശ്വചേഷ്ടക ളുണ്ടാകുന്ന-
താരിൽനി ന്നാരീവിശ്വം നിറഞ്ഞു നിന്നീടുന്നു,
മാറാത സ്സുരേശനെ മാനവൻ സ്വകർമ്മാനു-
ഷ്ഠാനത്താലാരാധിച്ച സ്സംസിദ്ധി സമ്പ്രാപിപ്പൂ.
നന്നായ് ച്ചെയ്കുതാം പരധർമ്മത്തെക്കാളും പരം
നന്നാണു നന്നല്ലാതെ ചെയ്കിലും നിജ ധർമ്മം.
വന്നീടാ സ്വഭാവാനു സാരമായ് വിധിച്ചോരു
കർമ്മങ്ങൾ ചെയ്യുന്നവ ന്നെന്നാളു മേത്തും പാപം.
ദോഷവത്തായും കർമ്മം സഹജം കൈവിടൊല്ലാ,
ദോഷത്താൽ വൃതം കർമ്മം പുകയാൽ തീപോലെല്ലാം.
നിസ്പൃഹൻ നിർജ്ജിതാത്മാ വേതിലും സംഗമററോൻ
നൈഷ്കർമ്മ്യ മഹാസിദ്ധി ചേരുന്നു സന്ന്യാസത്താൽ.

ഉരയ്ക്കാ മെന്മട്ടെത്തും ബ്രഹ്മമാ സിദ്ധനെന്നു
ചുരുക്കി; ബ്ബ്രഹ്മാപ്തിയോ ജ്ഞാനപര്യവസാനം.
വഹിക്കും നിശ്ചഞ്ചലം വിശുദ്ധിയേറും ബുദ്ധി,
ജയിക്കു മാത്മാവിനെ മികയ്ക്കും ധൃതിയാൽ ത്താൻ,
ത്യജിക്കും ശബ്ദാദികം സമസ്ത വിഷയങ്ങൾ,
ഒഴിക്കും രാഗദ്വേഷ മയക്കം നിശ്ശേഷമേ,
ഭുജിക്കും ലഘുവായ്ത്താൻ, വിവിക്ത പ്രദേശത്തിൽ
വസിക്കും, വാക്കും മെയ്യും മനസ്സും നിയന്ത്രിക്കും,
വരിക്കും വൈരാഗ്യമാം വ്രതത്തെ, ധ്യാനയോഗ-
സ്ഥിതിക്കു തെല്ലെന്നാലു മിളക്കം വരുത്തീടാ,
തനിക്കെ ന്നൊന്നും പരിഗ്രഹിക്കി, ല്ലഹങ്കാരം
മറക്കും കാമാദികം സദർപ്പം ബലംതാനും,
മമത്വം വിട്ടു ശാന്തി യുറച്ചു വാണീടുമാ
സമർത്ഥൻ ബ്രഹ്മ ഭാവം ഗമിപ്പാ നർഹനത്രേ.
ബ്രഹ്മസ്ഥൻ പ്രസന്നാത്മാവാശിക്കാ മാഴ്കാ ഭൂത-
വൃന്ദത്തിൽ സമനായ് വാണെൻ മഹാഭക്തി നേടും.
ശരിയായ് ഞാനാ രെമ്മ ട്ടെന്നവൻ ഭക്തിയാൽത്താ-
നറിയും, ശരിക്കറി ഞ്ഞെത്തീടും പിന്നീടെന്നിൽ.
രക്ഷ ഞാനെന്നോൻ, സ്വീയകർമ്മങ്ങൾ സദാ ചെയ്വോൻ,
നിത്യമാം പരം പദ മെത്തു മെൻകാരുണ്യത്താൽ.
അർപ്പണം ചെയ്ക യെന്നിൽ മനസ്സാൽ കർമ്മമെല്ലാം,
മൽപ്പരനായ് നിശ്ചയം കൊൾക, ചേർക്കെന്നിൽ
ചിത്തം;
നിശ്ചല മെന്നിൽത്തന്നെ ചിത്തം നീ ചേർക്കിൽ താണ്ടും
നിശ്ചയം ദുർഗ്ഗദുഃഖമൊക്കെ യെൻ പ്രസാദത്താൽ.

പക്ഷേ, ഞാനി ച്ചൊന്നതിൽ ശ്രദ്ധകേ ടഹങ്കാര-
ബുദ്ധിയാ ലെത്തീടുകി ലെത്തുമേ വിനാശവും. 148
നിഷ്ഫലംതാൻ പോർചെയ്യി ല്ലെന്നീ നിൻസാഹങ്കാര-
നിശ്ചയം; നിന്നെ പ്പടവെട്ടിക്കും പ്രകൃതിതാൻ. 150
ഭാരതാ! നിബദ്ധൻ നീ സ്വഭാവത്തിങ്കൽനിന്നു
ജാതമാം സ്വകർമ്മത്താ ലെന്നതു ധരിച്ചാലും. 152
നീയേതു കർമ്മം സ്വീയ മൊഴിപ്പു മൗഢ്യത്തിനാൽ
നീയതേ കർമ്മം പരാധീനനായ് ചെയ്യും ദൃഢം. 154
സകലം യന്ത്രസ്ഥം പോൽ സർവേശൻ മായയാൽ സം-
ഭ്രമണം ചെയ്യി ച്ചവയുള്ളത്തിൽ കുടികൊൾവൂ. 156
ആശ്രയി ക്കവനെയേ സർവ്വഥാ, തൽപ്രസാദാൽ
പ്രാപ്തമാം പരം ശാന്തി, ശാശ്വത സ്ഥാനം താനും. 158
രഹസ്യ രഹസ്യം ഞാനോതിനേൻ ജ്ഞാനം, ഭവാൻ
ശരിക്കു വിമർശിച്ചി ട്ടിച്ഛപോൽ ചെയ്ക പിന്നെ. 160
എത്രയും ഗുഹ്യം ശ്രേഷ്ഠം കേൾക്കുകെൻ വാക്കു വീണ്ടും,
മൽപ്രിയനല്ലോ ഭവാൻ, പത്ഥ്യം തേ ചൊല്ലീ-
ട്ടുന്നേൻ. 162
എന്നിലേ മനസ്സു വയ്ക്കെന്നിലേ ഭക്തി കൈക്കൊൾ-
കെന്നെയേ സംപൂജിക്കു കെന്നെയേ നമിക്കുക. 164
എന്നെയേ സമ്പ്രാപിക്കു മങ്ങനെ വാഴ്കിൽ സത്യ
മെന്നിതാ വാക്കു തന്നേ നന്ന്യൂനം പ്രിയൻ ഭവാൻ. 166
ത്യജിക്ക ധർമ്മം സർവ്വ മേകനാ മെന്നെ ഗ്ഗതി-
ഗമിക്കു; പാപം പോക്കാം, കാക്കാം ഞാൻ, മാഴ്കായ്ക
നീ. 168

നിനക്കി ച്ചൊന്നതേതും തപസ്സില്ലാത്തവന്നാ-
ഒരിക്കൽപോലും ചൊല്ലികൊടുത്തീടായ്ക പാൎത്ഥ! 170
ആഭക്ത ന്നോതീടൊലാ, ശുശ്രൂഷയില്ലാത്തവ-
ന്നാവജ്ഞ യെന്നിൽ കൊണ്ടോ രജ്ഞനും കേൾപ്പി-
ക്കൊലാ. 172
നിസ്തുക്ക മെന്നിൽ ചേരു മൈത്രയും ഭക്തി കൈക്കൊ-
ണ്ടത്യത്ഥം ഗോപ്യം ശാസ്ത്ര മെൻ ഭക്ത ക്കിതു
ചൊല്‌വോൻ. 174
അവനെ ക്കാളെൻ പ്രിയ മത്യന്തം ചെയ്യോനില്ലി-
ല്ലവനെ ക്കാളും പ്രിയതരനും മനുഷ്യരിൽ. 176
നമ്മുടെ യീധൎമ്മ്യമാം സംവാദം പഠിപ്പത്തു
നിൎണ്ണയം ജ്ഞാനയജ്ഞം കൊണ്ടെന്നെ പ്പൂജിപ്പതാം. 178
സശ്രദ്ധ മനസൂയം ശ്രവിപ്പോൻ പോലും പാപ-
മറ്റെത്തും പുണ്യം ചെയ്യോർതൻ ശുഭ ലോകങ്ങളിൽ. 180
ഏകാഗ്രം ശ്രദ്ധിച്ചാകെ കേട്ടുവോ, തവാജ്ഞാന-
ജാതാത്മ സമ്മോഹവും മാഞ്ഞുവോ ധനഞ്ജയാ! 182

അൎജ്ജുനൻ

മോഹമ റേറമ്മ വന്നു; ശങ്കപോയ് നിൻ പ്രസാദാൽ;
മാധവാ! കാൎയ്യ ഞാൻ നിൻകല്പന, യപ്പോൾ
ചെയ്‌വു. 184

സഞ്ജയൻ

വാസുദേവനും മഹാൻ പാൎത്ഥനും തമ്മിലെ സ്സം-
വാദ മത്ഭുതം രോമഹൎഷണം കേട്ടേ നേവം. 186
വ്യാസാനു ഗ്രഹാൽ കേട്ടേൻ ഗോപ്യമീ മഹായോഗം
യോഗേശൻ കൃഷ്ണൻതന്നെ ചൊല്‌വതേ നേരിട്ടേവം. 188

അദ്ഭുതം കൃഷ്ണാർജ്ജുന സംവാദ മിദം പുണ്യം
ഭദ്രമോർത്തോർത്തു ഹർഷം വർദ്ധിപ്പൂ വീണ്ടും വീണ്ടും. 190

വൈഷ്ണവ മാരൂപ മത്യദ്ഭുത മോർത്തോർത്തും മേ
വിസ്മയം പാരം ഹർഷമേറുന്നു വീണ്ടും വീണ്ടും. 192

എങ്ങു യോഗേശൻ കൃഷ്ണ നെങ്ങു വില്ലാളി പാർത്ഥ-
നങ്ങുതാൻ നീതി ഭൂതി വിജയം ശ്രീയും ദൃഢം. 194

---

ഓം തത് സത്.

## ഭഗവദ് ഗീതയിലെ ചില കാൎയ്യങ്ങൾ.

| | | അധ്യാ: | വരി |
|---|---|---|---|
| 1. | കുലക്ഷയകൃത ദോഷങ്ങൾ | 1 | 73—84 |
| 2. | സാങ്ഖ്യ യോഗം | 2 | 29—80 |
| 3. | ദേഹിയുടെ സ്വഭാവം | 2 | 45—68 |
| 4. | കൎമ്മയോഗം | 2 | 99—142 |
| 5. | സ്ഥിതപ്രജ്ഞന്റെ ലക്ഷണം | 2 | 145—180 |
| 6. | ജ്ഞാനയോഗാർഹൻ. കൎമ്മയോഗാർഹൻ. | 3 | 5—6 |
| 7. | കാമസ്വഭാവം, കാമനിഗ്രഹം | 3 | 81—95 |
| 8. | അവതാരോദ്ദേശം | 4 | 13—18 |
| 9. | കൎമ്മഭേദങ്ങൾ | 4 | 39—68 |
| 10. | അത്യുത്തമ യജ്ഞം | 4 | 103—106 |
| 11. | ജ്ഞാനസമ്പാദനമാൎഗ്ഗം | 4 | 107—110 |
| 12. | ജ്ഞാന മാഹാത്മ്യം | 4 | 111—126 |
| 13. | ആത്മജേതാവിന്റെ ലക്ഷണം | 6 | 19—30 |
| 14. | യോഗാഭ്യാസം | 6 | 31—52 |
| 15. | യോഗമെന്നാൽ എന്തു് | 6 | 63—76 |
| 16. | യോഗാഭ്യാസം മുടങ്ങിയവൻ | 6 | 127—142 |
| 17. | ദേഹിയുടെ ഗമനമാൎഗ്ഗങ്ങൾ | 8 | 77—84 |
| 18. | യോഗത്തിൽ മനസ്സ് അസ്ഥിരമായാൽ | 12 | 17—22 |
| 19. | ഈശ്വരന്റെ പ്രിയന്മാർ | 12 | 27—48 |
| 20. | ക്ഷേത്ര ലക്ഷണം | 13 | 17—24 |
| 21. | ജ്ഞാനാജ്ഞാന വിവേകം | 13 | 25—44 |
| 22. | ഓരോ ഗുണം മികച്ചു നില്ക്കുമ്പോൾ | 14 | 21—30 |
| 23. | ഗുണത്രയാതീതൻ | 14 | 43—54 |

| | | |
|---|---|---|
| 24. പുരുഷത്രയം | 15 | 61—68 |
| 25. ദൈവീസമ്പത്തിന് അർഹൻ | 16 | 1—8 |
| 26. ആസുര സമ്പത്തിന് അർഹൻ | 16 | 9—10 |
| 27. നരക ദ്വാരങ്ങൾ | 16 | 55—56 |
| 28. സാത്വികാദി ആഹാരങ്ങൾ | 17 | 25—36 |
| 29. സാത്വികാദി യജ്ഞങ്ങൾ | 17 | 37—42 |
| 30. കായികാദി തപസ്സുകൾ | 17 | 43—54 |
| 31. സാത്വികാദി തപസ്സുകൾ | 17 | 55—66 |
| 32. സാത്വികാദി ദാനങ്ങൾ | 17 | 67—76 |
| 33. ഓം തത് സത് | 17 | 77—98 |
| 34. സന്ന്യാസം. ത്യാഗം | 18 | 3—4 |
| 35. താമസാദി ത്യാഗങ്ങൾ | 18 | 15—20 |
| 36. കർമ്മസിദ്ധി കാരണങ്ങൾ | 18 | 31—32 |
| 37. കർമ്മപ്രേരകങ്ങൾ. കർമ്മാധാരങ്ങൾ | 18 | 41—44 |
| 38. സാത്വികാദി ജ്ഞാനങ്ങൾ | 18 | 49—54 |
| 39. സാത്വികാദി കർമ്മങ്ങൾ | 18 | 55—60 |
| 40. സാത്വികാദി കർത്താക്കൾ | 18 | 61—70 |
| 41. സാത്വികാദി ബുദ്ധികൾ | 18 | 73—80 |
| 42. സാത്വികാദി ധൃതികൾ | 18 | 81—86 |
| 43. സാത്വികാദി സുഖങ്ങൾ | 18 | 87—98 |
| 44. ചാതുർവർണ്യ കർമ്മങ്ങൾ | 18 | 103—108 |
| 45. ബ്രഹ്മഭാവാർഹന്റെ ലക്ഷണം | 18 | 125—136 |
| 46. ഭഗവദ്ഗീതയ്ക്ക് അനർഹൻ | 18 | 169—172 |
| 47. ഭഗവദ്ഗീതാപഠനത്തിന്റെ അർത്ഥം | 18 | 177—178 |

| പുറം. | വരി. | തെററു്. | ശരി. |
|---|---|---|---|
| 8 | 71 | ജാനനോ | ജാതനോ |
| 14 | ഗദ്യം | പദ്യം 55 | വരി 145 |
| ,, | ,, | പദ്യം 72 | വരി 201 |
| ,, | ,, | പദ്യം 47 | വരി 120 |
| 26 | 24 | ച്ചെശ്ശ്യോനിൽ | ച്ചെശ്ശ്യോന്നിൽ |
| 32 | 80 | ണൊക്ക് | ണൊക്കെ |
| 50 | 86 | ഴലങ്കിലോ | ലെങ്കില്ലോ. |
| 52 | 116 | നഗിമ | നിഗമ |
| 57 | 96 | തിങ്ങി | തങ്ങി |
| 58 | 132 | മല്ലത്തു | മല്ലത്തും |
| 71 | ഗദ്യം | ക്ഷേത്രജന്മാ | ക്ഷേത്രജ്ഞന്മാ |
| 73 | 52 | ബുദ്ധിൽ | ബുദ്ധിയിൽ |
| 82 | 11 | ചെയ്യുന്നു | ചെയ്യൂന്നു |
| 83 | 43 | സമ്പൂണ്ണജ | സമ്പൂജ |
| ,, | 47 | മൃദേചാഗ | മൃദേചഗ |
| 84 | 70 | ദാനമേ | ദാനമോ |
| 87 | 38 | ത്തുത്താപം | തത്താപം. |

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

No. MA2 Acc. No. 12597

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

MA 2
RAM-B

12597

രാമകൃഷ്ണാപിള്ള
ശാന്തമംഗലം

ഭഗവദ് ഗീത